# മതതത്വബോധിനി

## എട്ടാം പുസ്തകം



ഫാദർ ലോസർ സി. ഡി.
ബി. എ., എൽ. ററി.

8547|14H

# മതതത്വബോധിനി

3
VII 46

## എട്ടാം പുസ്തകം



CANCELLED
DHARMARAM COLLEGE LIBRARY BANGALORE.
815
H62
L46

ധർമ്മകർത്താവായ ദൈവം
പ്രമാണദാതാവായ ദൈവം
വിധികർത്താവായ ദൈവം

*Presented by The Very Rev. Fr. Placid T.O.C.D.*
*18th June, 1946.*

ഫാദർ ലാസർ സി. ഡി
ബി. ഏ. എൽ. റ്റി.

# ആമുഖം

"അത്യന്തം മമ്മസ്പൃക്കായ തിന്മകളാണ് ഇന്ന വിശ്വത്തെ വട്ടമിട്ടിരിക്കുന്നതു്. എന്നാൽ എല്ലാ വസ്തുക്കളിലുമുള്ള മതപരമായ അജ്ഞതയേക്കാൾ പ്രധാനമായ തിന്മ വേറെയില്ല. ദൈവത്തിന്റെ നിയമം വിദിതമല്ലെങ്കിൽ അതു് അനുസരിക്കുന്നതെങ്ങിനെ? ദൈവനിയമം പാലിക്കപ്പെടാത്തപക്ഷം ചരിത്രം കലാപങ്ങൾകൊണ്ടു് നിറയുന്നതിൽ എന്താണ് അത്ഭുതം! വളരെ ശക്തമായ പ്രതിവിധികൾ സമുദായം ആവശ്യപ്പെടുന്നുണ്ടു്. പക്ഷേ വേദോപദേശ പ്രചരണത്തേക്കാൾ അടിയന്തരമായ കാര്യങ്ങൾ വേറില്ലതന്നെ." 12-ാം പീയൂസ്.

മതതത്വബോധിനി എന്ന അഭിധാനത്തിൽ ഇതിനുമുമ്പു പ്രസിദ്ധീകൃതമായ മൂന്നു ചെറുഗ്രന്ഥങ്ങൾ കുറെ പ്രായവും ബുദ്ധിവികാസവും സിദ്ധിച്ചിട്ടുള്ളവരെ ഉദ്ദേശിച്ചു രചിച്ചിട്ടുള്ളതാണ്. എന്നാൽ ഇത്രത്തോളം മനോവികാസം ലഭിച്ചിട്ടില്ലാത്തവർക്കായി പ്രസ്തുത ഗ്രന്ഥാവലിയുടെ ഇതരഭാഗങ്ങൾ രചിക്കുന്നതു് നന്നായിരിക്കുമെന്നു് പല മാന്യന്മാരും അഭിപ്രായപ്പെട്ടു. വാസ്തവത്തിൽ അതു് അവശ്യാവശ്യമെന്നു എനിക്കും തോന്നി. തൽഫലമായിട്ടാണ് മതതത്വബോധിനിയുടെ ആറും, ഏഴും, എട്ടും പുസ്തകങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കാൻ ഇടയായിട്ടുള്ളതു്.

നമ്മുടെ കുട്ടികൾക്കു് ക്രമീകൃതമായ ഒരു സംഗ്രഹജ്ഞാനം കത്തോലിക്കാ മതതത്വങ്ങളെക്കുറിച്ചു ഉണ്ടാകണമെന്നുള്ള അതീവ ആഗ്രഹത്താൽ അവരുടെ പ്രാപ്തിക്കും, വികാസത്തിനും, ആധുനിക കാലസ്ഥിതിക്കും അനുസരിച്ചു, ആശയങ്ങളെ വിപുലമാക്കുന്നതിനും ക്രമീകരിക്കുന്നതിനും യഥാശക്തി പരിശ്രമിച്ചിട്ടുണ്ടു്.

മതാത്മകങ്ങളായ തത്വങ്ങൾ ചെറുപ്പത്തിൽ ഹൃദിസ്ഥമാക്കുന്നതിനു് ചോദ്യോത്തര രീതി വളരെ പററിയതാണു്. പോരെങ്കിൽ ഈ രീതി തത്വങ്ങളെ വ്യക്തമായും സംഗ്രഹമായും പ്രസ്താവിക്കുന്നതിനു് വളരെ ഉപകരിക്കും. എങ്കിലും പ്രായേണ അതു് അദ്ധ്യാപകരെ അലസരും ചിന്താവിഹീനരുമാക്കിത്തീർക്കുവാൻ നിടയുണ്ടു്. മാത്രമല്ല, അർത്ഥബോധംകൂടാതെ കേവലം തത്വ

ങ്ങൾ മാത്രം ഉരുവിട്ടു മുഷിഞ്ഞ വിദ്യാർത്ഥികൾ ക്രമേണ മതപാഠങ്ങളേയും, മതതത്വങ്ങളേയും വെറുക്കുന്നതിനും സംഗതിയാകുന്നു. ഇതു് ഏററവും ശോചനീയമായ ഒരവസ്ഥയാണെന്നു പറയേണ്ടതില്ലല്ലോ.

ഇതിനു ഒരു പ്രതിവിധി കണ്ടുപിടിച്ചു്, കുട്ടികൾക്കു്, ഹൃദ്യമായ വിധത്തിൽ മതാത്മകങ്ങളായ തത്വങ്ങളെ പ്രദാനം ചെയ്യണം എന്നുള്ളതാണു് ഈ ഗ്രന്ഥാവലിയുടെ മൌലികമായ ഉദ്ദേശ്യം. ഇതിൽ സ്വീകരിച്ചിട്ടുള്ളതു് ചോദ്യോത്തര രീതിയാണു്. എന്നാൽ അവിടവിടെ വിശദീകരണങ്ങൾകൊണ്ടു് വിഷയാംശങ്ങൾ വിജ്ഞാനപ്രദവും കാര്യക്ഷമവും ആക്കിയിട്ടുണ്ടു്. അതു് വിദ്യാർത്ഥികളുടെ വിജ്ഞാനതൃഷ്ണയെ, പോഷിപ്പിക്കാതിരിക്കയില്ല. കൂടാതെ ചോദ്യോത്തര രീതിതന്നെ അവലംബിച്ചിട്ടുള്ളതുകൊണ്ടു് സുപരിചിതമായ ആ രീതിയിൽനിന്നു് ഉളവാകുന്ന നന്മകളും, പഠിതാക്കൾക്കു നഷ്ടപ്പെടുകയില്ല. ഇവിടെ അദ്ധ്യാപകന്മാർ കുട്ടികളുടെ പ്രാപ്തിക്കനുസരിച്ചു് വിശദീകരണങ്ങൾ ഉപരി വിപുലമാക്കുകയോ സംക്ഷേപിക്കുകയോ ചെയ്യേണ്ടതാണു്.

ഇത്രയും പറഞ്ഞുകൊണ്ടു ഈ ഗ്രന്ഥങ്ങളെ മതതത്വബോധിനിയുടെ സഞ്ചികയിൽ അനുബന്ധിക്കുന്നു. പലരുടെയും ഉള്ളഴിഞ്ഞുള്ള സഹായസഹകരണങ്ങൾ ഒന്നുകൊണ്ടു മാത്രമാണു് ഇത്രയും സാധിച്ചിട്ടുള്ളതു്. അതിനു് അവർ ഓരോരുത്തരോടും അകമഴിഞ്ഞുള്ള കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനു് ഈ സന്ദർഭം വിനിയോഗിച്ചുകൊള്ളുന്നു. പ്രത്യേകിച്ചു ഈ പുസ്തകങ്ങൾ സജ്ജീകരിക്കുന്നതിനു കാര്യക്ഷമമായ സഹായങ്ങൾ ചെയ്തുതന്ന ബ. യൌസേപ്പു് അഗസ്റ്റീനോസ് സി. ഡി. അവർകളോടു് എനിക്കുള്ള അതീവ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഗ്രന്ഥകർത്താവു്.

CANCELLED

# സംഗീതം

പരിശുദ്ധ അന്തോനിയെ—എന്ന മട്ട്.

അനുപമനേതൃവെ! ആരാധിപ്പിൻ സദാ—
ആനന്ദകാരനെ! അനുഗ്രഹതാതനെ— അനുപ...
ആദ്യന്തഹീനൻതൻ— മഹിമകൾകീർത്തിക്കും
ആദിത്യാ! ചന്ദ്രാ! താരകഗണങ്ങളെ! അനുപ...
അംബരേവിലസുന്ന അഖിലഗ്രഹങ്ങളെ!
അമ്പെഴുംമാരുതാ!— വർഷിക്കുംമാരിയെ! അനുപ..
ആഴികൾ പുഴകളെ! അഴകെഴുംഗിരികളെ!
ആഴങ്ങളിൽമേവും മീൻവൃന്ദങ്ങളെ— അനുപ...
ആരിലും ആനന്ദം— വളർത്തുംസൂനങ്ങളെ!
ആരോമൽശിശുക്കളെ—ബാലികാബാലരെ! അനുപ..
അഗതിവൃന്ദങ്ങളെ! വന്ദ്യരെ! ധന്യരെ!
ആകുലചിത്തരെ! അഖിലസൃഷ്ടികളെ! അനുപ...
അത്യുന്നതങ്ങളിൽ മേവുന്നദൂതരെ!
അത്യാനന്ദത്തിൽലയിക്കുംവിശുദ്ധരെ! അനുപ...

കൃഷ്ണാ— കൃഷ്ണാ— എന്ന മട്ട്.

ക്രിസ്തോ! ക്രിസ്തോ! പരിപാഹിമാം— ക്രിസ്തോ...
ഗുരുവെ! ആനന്ദക്കനിയെ! പതിയെ! ക്രിസ്തോ...
കരുണാകരാ! എൻ— നായകനെ!
കനിയേണമെ പരി—പാലകനെ!
സതതം— തവപദം—നമിപ്പാൻ താതാ! ക്രിസ്തോ...
അലയിലലഞ്ഞു വലഞ്ഞുഞാൻ
നിലയില്ലാതെ കരയുന്നല്ലോ!
ഇല്ലയൊ—കൃപയെന്നിൽ—അലിവെഴുംനാഥാ! ക്രിസ്തോ...
പലതിന്മകൾഞാൻ— ചെയ്തീട്ടുമെന്ന്
പാപി ഞാൻചെയ്ത— പിഴകൾപൊറുക്ക—
പാലിക്ക— പാദസേവനകനെ— പാരിൽ. ക്രിസ്തോ...

കെ. ഐ. പോൾ, ആലുവാ.

# മതതത്വബോധിനി

## എട്ടാം പുസ്തകം

ദൈവത്തിന്റെ ബാഹ്യപ്രവൃത്തികളെ അടിസ്ഥാനമാക്കി പരിശുദ്ധ ത്രീത്വത്തിലെ മൂന്നാളുകളെക്കുറിച്ചും ഈ ഗ്രന്ഥാവലിയുടെ ഏഴാംപുസ്തകത്തിൽ പ്രതിപാദിച്ചുകഴിഞ്ഞു. ഇനിയും ദൈവാളുകൾക്ക് പൊതുവായ വേറെ ചില ബാഹ്യപ്രവൃത്തികളുംകൂടെ നമ്മുടെ ചിന്തയ്ക്കു വിഷയമാകേണ്ടതുണ്ട്. അവയിൽ പ്രാധാന്യം അർഹിക്കുന്നവകളാണ് ധാർമ്മികതത്വങ്ങളുടെ ഉദ്ബോധനം, പ്രമാണദാനം, വിധി—എന്നിവകൾ.

ഈ മൂന്നു പ്രവൃത്തികളെ ആസ്പദമാക്കി ദൈവത്തെ, ധർമ്മകർത്താവായ ദൈവം, പ്രമാണദാതാവായ ദൈവം, വിധികർത്താവായ ദൈവം എന്നീ മൂന്നു വിധത്തിൽ അഭിസംബോധനം ചെയ്യാവുന്നതാണ്. പ്രസ്തുത മൂന്നു നിലകളിൽ ദൈവത്തെ വീക്ഷിച്ചുകൊണ്ട് ഈ പുസ്തകത്തിന്റെ മൂന്നു ഭാഗങ്ങളിൽ പ്രതിപാദനം തുടരുവാനാണ് ഉദ്ദേശം.

# ഒന്നാം ഭാഗം

### ധർമ്മകർത്താവായ ദൈവം

### (God, the author of morality)

നമ്മുടെ പരമലക്ഷ്യം ദൈവമാണല്ലോ. എന്നാൽ ദൈവത്തെ നാം പ്രാപിക്കേണ്ടതു് നല്ല ജീവിതം വഴിയായിട്ടത്രെ. ജീവിതമാകട്ടെ പ്രവൃത്തികളുടെ സമുച്ചയമാകുന്നു. മനുഷ്യന്റെ ചില പ്രവൃത്തികൾ അവന്റെ അറിവും സമ്മതവും കൂടാതെ അവനിൽ നടക്കുന്നുണ്ട്. മററു ചിലതാകട്ടെ അവന്റെ അറിവോടും സമ്മതത്തോടുംകൂടി അവൻ പ്രവർത്തിക്കുന്നവയാണ്. ഇങ്ങനെയുള്ള പ്രവൃത്തികൾ നല്ലതോ മോശമോ ആകാം. ദുഷ്പ്രവൃത്തികളുടെ ഫലമായി ദുശ്ശീലങ്ങളും സൽപ്രവൃത്തികളുടെ ഫലമായി പുണ്യങ്ങളും അവിർഭവിക്കുന്നു. എന്നാൽ മനസ്സാക്ഷിയാണ് പ്രവൃത്തികളുടെ നന്മതിന്മയെ നിശ്ചയിക്കുന്നതു്.

ഈ സംഗതികളെല്ലാം നമ്മുടെ പരമാന്ത്യത്തോട് ഗാഢമായ ബന്ധമുള്ളവയാണ്. ഈദൃശ സംഗതികളെക്കുറിച്ചുള്ള മൌലിക തത്വങ്ങളോട് മനുഷ്യപ്രവൃത്തികൾക്കുള്ള അനുയോജ്യതയെ ആശ്രയിച്ചിരിക്കുംഅവയുടെ ധർമ്മാധർമ്മങ്ങൾ. അതിനാൽ പ്രസ്തുത സംഗതികളെക്കുറിച്ചുള്ള തത്വ സംഹിതയെ ധാർമ്മികതത്വങ്ങൾ എന്ന് സംബോധചെയ്യാം. എന്നാൽ ഈ തത്വങ്ങൾ നാം ഗ്രഹിക്കുന്നത് അവയുടെ ഉത്പത്തിയും കേന്ദ്രവും കർത്താവുമായ ദൈവത്തിൽനിന്നാണ്. അതിനാൽ ധർമ്മത്തിൻെറ കർത്താവായ ദൈവത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ ഒന്നാംഭാഗത്ത് 1) മാനുഷികപ്രവൃത്തികൾ. 2) ധാർമ്മികപ്രവൃത്തികൾ 3) സൽപ്രവൃത്തികൾ 4) പുണ്യങ്ങൾ 5) പാപങ്ങൾ 6) മനസ്സാക്ഷി എന്നിവയെക്കുറിച്ച് അനുക്രമമായി വിചിന്തനം ചെയ്യാം.

I

## മാനുഷികപ്രവൃത്തികൾ

ചോ. മനുഷ്യപ്രവൃത്തി എന്നാൽ എന്ത്?

ഉ. മനുഷ്യനിൽ നടക്കുന്ന പ്രവൃത്തികളത്രെ മനുഷ്യപ്രവൃത്തികൾ.

വി. മനുഷ്യപ്രവൃത്തി എന്നതിന് മനുഷ്യൻെറ പ്രവൃത്തി, മനുഷ്യൻ ചെയ്യുന്ന പ്രവൃത്തി, മനുഷ്യനിൽ നടക്കുന്ന പ്രവൃത്തി എന്നൊക്കെ അർത്ഥമാകാം. എന്നാൽ മനുഷ്യനിൽ നടക്കുന്ന പ്രവൃത്തികളിൽ പലതും അവൻെറ അറിവും സമ്മതവും കൂടാതെ നടക്കുന്നവയാണ്. ഉദ: സ്വപ്നം, ഉറക്കത്തിൽ സംസാരിക്കുക മുതലായവ. മററു ചിലവകളാവട്ടെ അവൻെറ അറിവോടും സമ്മതത്തോടുംകൂടി അവൻ ചെയ്യുന്നവയത്രെ. ഉദാ: പഠിക്കുക, ഭക്ഷിക്കുക. ഏതുതരത്തിൽ പെട്ടതായാലും എല്ലാം മനുഷ്യനിൽതന്നെ നടക്കുന്ന പ്രവൃത്തികൾ ആയതുകൊണ്ടാണ് അവയെ പൊതുവായി മനുഷ്യപ്രവൃത്തികൾ എന്നു പറയുന്നത്.

ചോ. മാനുഷികപ്രവൃത്തികൾ എന്നാൽ എന്ത്?

ഉ. അറിവോടും സമ്മതത്തോടുകൂടി മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികൾ അത്രെ മാനുഷികപ്രവൃത്തികൾ.

വി. മനുഷ്യനെ തിര്യക്കുകളിൽനിന്ന് വേർതിരിക്കുന്നത് വിവേചനാബുദ്ധിയോടും സ്വതന്ത്രമനസ്സോടുംകൂടിയ അവന്റെ ആത്മാവത്രെ. അതുകൊണ്ടാണ് മാനുഷികപ്രവൃത്തികൾ മനുഷ്യനു സ്വായത്തമായ അറിവോടും മനഃസമ്മതത്തോടുംകൂടി അവനിൽ നടക്കുന്ന പ്രവൃത്തികൾ മാത്രമാണെന്നു പറയുന്നത്.

നാം എന്തുതന്നെ പ്രവർത്തിച്ചാലും അതു നമ്മുടെ അറിവും സമ്മതവും കൂടാതെ നടന്നതാണെങ്കിൽ അതിന് നാം ഉത്തരവാദികളല്ല. അറിവോടും സമ്മതത്തോടുംകൂടി പ്രവർത്തിക്കപ്പെടുന്നവ മാത്രമേ മനുഷ്യോചിതമെന്നു പറഞ്ഞുകൂടൂ. അവ മാത്രമേ നമ്മെ സമ്മാനത്തിനോ ശിക്ഷയ്ക്കോ അർഹരാക്കുകയുള്ളൂ. എന്നാൽ നമ്മുടെ അശ്രദ്ധകൊണ്ടോ, അജ്ഞതകൊണ്ടോ അറിവും സമ്മതവുംകൂടാതെ നാം പ്രവർത്തിച്ചാൽ പ്രസ്തുത പ്രവൃത്തികൾ നമുക്ക് നിരുപയോഗമായി പരിണമിക്കുന്നതാണ്.

സൂചന:— ഇത്രയും പറഞ്ഞതിൽനിന്ന് മനുഷ്യർ ചെയ്യുന്ന എല്ലാ പ്രവൃത്തികളും മനുഷ്യപ്രവൃത്തികളാണെന്നും, എന്നാൽ അവയിൽ അറിവോടും സമ്മതത്തോടുംകൂടി ചെയ്യപ്പെടുന്നവ മാത്രമേ മാനുഷികപ്രവൃത്തികൾ എന്ന സംജ്ഞയ്ക്ക് അർഹങ്ങളാകുന്നൊള്ളൂ എന്നും സ്പഷ്ടമായിരിക്കുമല്ലോ.

ചോ. മാനുഷികപ്രവൃത്തികൾക്കുള്ള പ്രതിബന്ധങ്ങൾ ഏവ?

ഉ. മാനുഷികപ്രവൃത്തികൾക്കുള്ള പ്രതിബന്ധങ്ങൾ അജ്ഞത, വികാരങ്ങൾ, ഭയം, ബലപ്രയോഗം മുതലായവയാകുന്നു.

വി. "മാനുഷികപ്രവൃത്തികൾക്കുള്ള പ്രതിബന്ധങ്ങൾ ഏവ?" എന്നതിന്റെ അർത്ഥം നമ്മുടെ പ്രവൃത്തികൾ മാനുഷികമാകുന്നതിന്, അതായത് അറിവോടും സമ്മതത്തോടുംകൂടി ചെയ്യപ്പെടുന്നതിന് വിഘാതമായി നില്ക്കുന്നവ ഏവയെന്നാണ്.

പ്രസ്തുതകാരണങ്ങൾ എല്ലായ്പോഴും നമ്മുടെ പ്രവൃത്തികളുടെ ഉത്തരവാദിത്വത്തിൽനിന്ന് മുഴുവനായി നമ്മെ മോചിക്കുന്നു എന്നുവിചാരിക്കരുത്. ദുർലഭം ചില സന്ദർഭങ്ങളിൽ അവ ഏറ്റവും ശക്തിയായി നമ്മിൽ പ്രവർത്തിച്ചു എന്ന കാരണത്താൽ സംഗതികൾ ഗ്രഹിക്കുന്നതിനു തീരെ സാധിച്ചില്ല എന്നോ മനഃസ്വാതന്ത്ര്യം പ്രായോഗികമാക്കുവാൻതീരെ നിവൃത്തിയില്ലാതായി എന്നോ വരാം. അങ്ങനെയുള്ള അവസരങ്ങളിൽ നാം ചെയ്യുന്നവയ്ക്കു മാനുഷികപ്രവൃത്തികൾ എന്ന സംജ്ഞ അന്വർത്ഥമാകുന്നതല്ല.

ഇങ്ങനെ അജ്ഞത നമ്മുടെ കുററങ്ങളെ ലഘൂകരിച്ചു എന്നു വരാം.

സ്നേഹം, വിരോധം; ആഗ്രഹം, വെറുപ്പ്; സന്തോഷം, ദുഃഖം; പ്രത്യാശ, നിരാശ; ധൈര്യം, ഭയം; അരിശം, എന്നിവകളാണല്ലൊ വികാരങ്ങൾ. ഇവ പലപ്പോഴും ബുദ്ധിയെ അന്ധമാക്കുകയും മനസ്സിൻെറ സ്വാതന്ത്ര്യവിഹാരത്തെ തടയുകയും ചെയ്യാവുന്നതാണ്. അപ്രകാരംതന്നെ ഭയത്താലും ബലപ്രയോഗത്താലും ബുദ്ധിക്കും മനസ്സിനും അവയുടെ ജോലിനിർവ്വഹിക്കുന്നതിന് നിവൃത്തിയില്ലാതെയാകും. ഇങ്ങനെ വേണ്ട അറിവും സമ്മതവും ഇല്ലാതായി എന്ന ന്യായത്താൽ നാം ചെയ്യുന്നവ ഏറെക്കുറെ മാനുഷികപ്രവൃത്തികൾ എന്ന സംബോധനയ്ക്കു് പലപ്പോഴും അനർഹങ്ങളായി ഭവിക്കുന്നു. അതുകൊണ്ടാണ് അജ്ഞത, വികാരങ്ങൾ, ഭയം, ബലപ്രയോഗം എന്നിവയെ മാനുഷികപ്രവൃത്തികളുടെ പ്രതിബന്ധങ്ങൾ എന്നു വിളിക്കുന്നതു്.

## II

### ധാർമ്മികപ്രവൃത്തികൾ

ചോ. ധാർമ്മികപ്രവൃത്തികൾ എന്നാൽ എന്തു്?

ഉ. ഒരു പ്രവൃത്തിയുടെ നന്മതിന്മമനസ്സിലാക്കികൊണ്ടു് സ്വാതന്ത്ര്യമായി ചെയ്യുന്ന പ്രവൃത്തിയത്രെ ധാർമ്മികപ്രവൃത്തി.

വി. ധാർമ്മികബോധം എന്നതു് നന്മതിന്മകളെക്കുറിച്ചുള്ള അറിവാണ്. അതുകൊണ്ടത്രെ ഒരു പ്രവൃത്തി ധാർമ്മികമാകുന്നതിന്ന് അതിൻെറ നന്മതിന്മയെക്കുറിച്ചുള്ള അറിവോടും സമ്മതത്തോടുംകൂടെ ചെയ്യപ്പെട്ടതായിരിക്കണം എന്നു നിർദ്ദേശിക്കുന്നതു്.

നാം ഒട്ടുവളരെ പ്രവൃത്തികൾ ചെയ്യുന്നുണ്ടു്. അവയിൽ അറിവോടും സമ്മതത്തോടുംകൂടെ ചെയ്യപ്പെടുന്നവയിൽത്തന്നെ ചിലതു് നല്ലതും ചിലതു മോശവുമാണെന്നു നമുക്കറിയാം. സത്പ്രവൃത്തികളെയും ദുഷ്പ്രവൃത്തികളെയും തിരിച്ചറിയുന്നതിനുള്ള സാമാന്യജ്ഞാനം എല്ലാ മനുഷ്യർക്കും പ്രകൃത്യാതന്നെ ഉള്ളതാണ്. ഇങ്ങനെയുള്ള അറിവോടുകൂടെ സ്വാതന്ത്ര്യമായി ചെയ്യപ്പെടുന്ന പ്രവൃത്തികൾ അത്രെ ധാർമ്മികപ്രവൃത്തികൾ. ഉദാ: കളവു

പറയുന്നതു് നല്ലതല്ലെന്നു് ഒരുത്തൻ അറിയുന്നു. എങ്കിലും അവൻ കള്ളം പറയുന്നു. വേറൊരുവൻ കളവുപറയുന്നതു് തെറ്റാണെന്നു മനസ്സിലാക്കി, അതു പറയാതിരിക്കുന്നു. ദാനധർമ്മം നല്ലതെന്നു മനസ്സിലാക്കി ഒരാൾ അതു ചെയ്യുന്നു; അപരൻ അതു മനസ്സിലാക്കുന്നു എങ്കിലും അതു ചെയ്യുന്നില്ല. ഇവയെല്ലാം ധാർമ്മികപ്രവൃത്തികളാണു്.

ചോ. ഒരു പ്രവൃത്തിയെ ധാർമ്മിക പ്രവൃത്തിയാക്കുന്ന ഘടകങ്ങൾ ഏവ?

ഉ. വിഷയം, ഉദ്ദേശം, സാഹചര്യം എന്നിവകളാണു് ഒരു പ്രവൃത്തിയെ ധാർമ്മികം അഥവാ നന്മയോ തിന്മയോ, ആക്കുന്നതു്.

വി. "ഒരു പ്രവൃത്തിയെ ധാർമ്മികമാക്കുന്നതിനുള്ള ഘടകങ്ങൾ ഏവ?" എന്നതിനു് ഒരു പ്രവൃത്തിയെ നന്മ അല്ലെങ്കിൽ തിന്മ എന്നു പറയുവാൻ ഇടയാക്കുന്ന സംഗതികൾ ഏവ എന്നാണു് അർത്ഥമാക്കേണ്ടതു്. അങ്ങനെയുള്ള സംഗതികളാണല്ലോ ഒരു പ്രവൃത്തിയുടെ നന്മതിന്മക്കു് നിദാനം.

ഒരു പ്രവൃത്തിയുടെ വിഷയം എന്നതു് പ്രസ്തുത പ്രവൃത്തി ഏതൊന്നിലേയ്ക്കു് ഉന്നിയിരിക്കുന്നുവോ അതാണു്. ഇങ്ങനെ നമ്മുടെ സ്നേഹത്തിന്റെ വിഷയം നാം സ്നേഹിക്കുന്ന ആൾ അഥവാ വസ്തുവാകുന്നു. നമ്മുടെ ദ്വേഷത്തിന്റെ വിഷയം, നാം വെറുക്കുന്ന ആളോ വസ്തുവോ അത്രെ. ആകയാൽ ആ ആൾ അഥവാ വസ്തു നമ്മുടെ സ്നേഹത്തെ അഥവാ ദ്വേഷത്തെ അർഹിക്കുന്നുണ്ടോ എന്നുള്ളതു് നമ്മുടെ സ്നേഹം അഥവാ ദ്വേഷം എന്ന പ്രവൃത്തിയുടെ നന്മതിന്മയെ നിർണ്ണയിക്കുന്നതാണു്.

ഇപ്രകാരംതന്നെ നാം സദുദ്ദേശത്തോടുകൂടിയോ ദുരുദ്ദേശത്തോടുകൂടിയോ ആണു് പ്രവർത്തിക്കുന്നതു് എന്നതിന്മേൽ നമ്മുടെ പ്രവൃത്തിയുടെ നന്മതിന്മ ആശ്രയിച്ചിരിക്കുമെന്നതിനും സംശയമില്ല.

അവസാനമായി, പ്രവൃത്തിചെയ്യുതാരു്? എവിടെവച്ചു്? എങ്ങനെ? എന്നിങ്ങനെയുള്ള സാഹചര്യങ്ങളും പ്രവൃത്തിയുടെ നന്മതിന്മയെ ഗുരുതരമായി സ്പർശിക്കുവാൻ പാടുണ്ടു്.

അതുകൊണ്ടാണ് വിഷയം, ഉദ്ദേശം, സാഹചര്യം എന്നിവകളെ ധാർമ്മികതത്വത്തിന്റെ അഥവാ നന്മതിന്മകളുടെ ഘടകങ്ങൾ എന്നു വിളിക്കുന്നത്. ഒരു പ്രവൃത്തി നല്ലതാകുന്നതിന് ഈ മൂന്നു ഘടകങ്ങളും നന്നായിരിക്കണം. എന്നാൽ അതുമോശമാകുന്നതിന് പ്രസ്തുത ഘടകങ്ങളിൽ ഒന്നു മോശമായിരുന്നാൽമതി. കൂടാതെയും ഇവ എത്രത്തോളം നന്നായിരിക്കുമോ അത്രയ്ക്കും നമ്മുടെ പ്രവൃത്തി നന്നായിരിക്കും. ആകയാൽ നമ്മുടെ പ്രവൃത്തികൾ ഏററവും മഹനീയമാകുന്നതിന് വിഷയം, ഉദ്ദേശം, സാഹചര്യങ്ങൾ എന്നിവ ഏററവും മഹനീയമായിരിക്കുവാൻ നാം യത്നിക്കണം.

ചോ. ഒരു പ്രവൃത്തിയുടെ വിഷയം, ഉദ്ദേശം, സാഹചര്യങ്ങൾ എന്നിവയുടെ നന്മതിന്മ നമുക്ക് എങ്ങനെ അറിയാം?

ഉ. ഒരു പ്രവൃത്തിയുടെ വിഷയം, ഉദ്ദേശം, സാഹചര്യങ്ങൾ എന്നിവയുടെ നന്മതിന്മകൾ പ്രമാണങ്ങളിൽനിന്ന് നമുക്കറിയാം

വി. ഒരു പ്രവൃത്തിയുടെ വിഷയം ഉദ്ദേശം, സാഹചര്യങ്ങൾ എന്നിവയുടെ നന്മതിന്മകൾ പ്രമാണങ്ങളിൽനിന്ന് അറിയുന്നതുപോലെതന്നെ ഒരു പ്രവൃത്തിയുടെ നന്മതിന്മയും നമുക്ക് പ്രമാണങ്ങളിൽനിന്നു ഗ്രഹിക്കാം. പ്രമാണങ്ങളോട്ട് അനുയോജ്യമായ പ്രവൃത്തികൾ നല്ലതും അവയോടു യോജിക്കാത്തവ മോശവുമാകുന്നു.

ചോ. ധാർമ്മികപ്രവൃത്തികൾ എങ്ങനെ വിഭജിക്കപ്പെടുന്നു?

ഉ. ധാർമ്മികപ്രവൃത്തികൾ സത്പ്രവൃത്തികൾ ദുഷ്പ്രവൃത്തികൾ എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെടുന്നു.

## III

### സൽപ്രവൃത്തികൾ.

ചോ. സൽപ്രവൃത്തികൾ എന്നാൽ എന്ത്?

ഉ. പ്രമാണങ്ങൾക്ക് അനുയോജ്യമായ പ്രവൃത്തികൾ അത്രെ സൽപ്രവൃത്തികൾ

ചോ. സൽപ്രവൃത്തികളെ എത്രതരമായി വിഭജിക്കാം.

ഉ. സൽപ്രവൃത്തികളെ സ്വാഭാവികമെന്നും സ്വഭാവാതീതമെന്നും രണ്ടുതരമായി വിഭജിക്കാം.

ചോ. സ്വാഭാവിക സൽപ്രവൃത്തികൾ എന്നാൽഎന്തു്?

ഉ. സ്വഭാവ പ്രമാണങ്ങൾക്ക് അനുസരണമായും വരപ്രസാദ സഹായം കൂടാതെയും ചെയ്യപ്പെടുന്ന പ്രവൃത്തികളത്രെ സ്വാഭാവിക സൽപ്രവൃത്തികൾ.

ചോ. സ്വഭാവാതീത സൽപ്രവൃത്തികൾ എന്നാൽഎന്തു്?

ഉ. സന്മാർഗ്ഗ നിയമങ്ങൾക്കനുസരണമായും കൃപാവരത്തിൻെറ സഹകരണത്തോടും സ്വഭാവാതീത ഉദ്ദേശത്തോടുംകൂടെ ചെയ്യപ്പെടുന്നവയാകുന്നു സ്വഭാവാതീത സൽപ്രവൃത്തികൾ.

ചോ. സ്വഭാവാതീത സൽപ്രവൃത്തികൾ നിത്യരക്ഷയ്ക്കു് ആവശ്യമാണോ?

ഉ. പ്രായപൂർത്തി വന്നവർക്ക് സ്വഭാവാതീത സൽപ്രവൃത്തികൾ നിത്യരക്ഷയ്ക്കാവശ്യമാണ്.

വി. ദൈവം മനുഷ്യർക്ക് "ദൈവത്തെ അഭിമുഖമായി ദർശിക്കുക." എന്ന സ്വഭാവാതീതമായ ഒരു ലക്ഷ്യം കല്പിച്ചിട്ടുള്ളതുകൊണ്ട്, ലക്ഷ്യത്തിന്നനുയോജ്യമായ സ്വഭാവാതീതമാർഗ്ഗങ്ങൾ നാം സ്വീകരിച്ചേ മതിയാവൂ. താദൃശ മാർഗ്ഗങ്ങൾ നമ്മുടെ പ്രവൃത്തികളത്രേ. അതുകൊണ്ടാണ് സ്വഭാവാതീത പ്രവൃത്തികൾ നിത്യരക്ഷയ്ക്കാവശ്യമാണെന്നു പറഞ്ഞതു്.

ചോ. സ്വഭാവാതീത സൽപ്രവൃത്തികളുടെ പ്രയോജനമെന്തു്?

ഉ. 1) പ്രസ്തുത സൽപ്രവൃത്തികൾ ദൈവത്തെ പ്രസാദിപ്പിക്കുവാനും, മഹത്വീകരിക്കുവാനും, നമ്മുടെ സ്വർഗ്ഗീയ സമ്മാനത്തെ വർദ്ധിപ്പിക്കുവാനും നമ്മെ സഹായിക്കുന്നു. 2) അവ വരപ്രസാദത്തിന് നമ്മെ പ്രാപ്തരാക്കുകയും കാലത്തിനടുത്ത ശിക്ഷകുറയ്ക്കുകയും ദൈവികവും ലൌകികവും ആയ അനുഗ്രഹങ്ങൾ നമുക്കു പ്രദാനം ചെയ്യുകയും ചെയ്യുന്നു. 3) അവസാനമായി, ജീവിക്കുന്നവരെയും മരിച്ചവരെയും സഹായിക്കുന്നതിനുള്ള സാദ്ധ്യത നമുക്കു കൈവരുത്തുന്നതിനു് താദൃശ സൽപ്രവൃത്തികൾക്കു സാധിക്കും.

# IV

## പുണ്യങ്ങൾ (Virtues)

### A. പൊതുവിവരണം

ചോ. പുണ്യം എന്നാൽ എന്ത്?

ഉ. ആത്മാവിൽ ശാശ്വതമായി സ്ഥിതിചെയ്തു സൽപ്രവൃത്തികൾ ചെയ്യുന്നതിന് ചായ്വും എളുപ്പവും നൽകുന്ന ഒരു ഗുണമാണ് പുണ്യം.

ചോ. പുണ്യം സമ്പാദിക്കുന്നതിനു നാം എന്തുചെയ്യണം?

ഉ. പുണ്യം സമ്പാദിക്കുന്നതിന് 1) പുണ്യത്തിനെതിരായ പ്രവൃത്തികളിൽനിന്നു വിരമിക്കുകയും 2) പുണ്യ പ്രവൃത്തികൾ ആവർത്തിച്ചു ചെയ്യുകയും ചെയ്യേണ്ടിയിരിക്കുന്നു.

വി. ഒരാൾക്ക് ഏതെങ്കിലും ഒരുകല അഭ്യസിക്കണം എന്നുണ്ടെങ്കിൽ. ഉദാ: സംഗീതം—അതിനു പ്രതിബന്ധമായി തീരാവുന്നവയെ അവൻ പരിവർജ്ജിക്കണം. അതുകൊണ്ടു മാത്രമായില്ല, പലപ്പോഴും പാടി പാടുന്നതിനുള്ള തഴക്കം സമ്പാദിക്കണം. അപ്പോൾ മാത്രമേ അവന് ആ കല കരഗതമാകുകയുള്ളൂ. ഇതുപോലെതന്നെയാണ് പുണ്യത്തിൻെറയും കാര്യം. ഒരാൾക്ക് ക്ഷമ അഭ്യസിക്കണമെങ്കിൽ ഒന്നാമതായി അരിശപ്പെടാതിരിക്കുന്നതിനും രണ്ടാമതായി പലപ്പോഴും ക്ഷമിക്കുന്നതിനും പരിശീലിക്കേണ്ടതാണ്.

ചോ. പുണ്യത്തിൻെറ ലക്ഷണങ്ങൾ ഏവ?

ഉ. വിവേകത്തോടുകൂടിയതും നീതിപരമായതും ആയിരിക്കണം എന്നുള്ളതാണ് പുണ്യത്തിൻെറ ലക്ഷണങ്ങൾ.

ചോ. പുണ്യത്തിൻെറ മാഹാത്മ്യം എന്തിലാണടങ്ങിയിരിക്കുന്നത്?

ഉ. താഴെപ്പറയുന്ന സംഗതികളിലാണ് അതിൻെറ മാഹാത്മ്യം അടങ്ങിയിരിക്കുന്നത്. 1) മനുഷ്യപ്രകൃതിക്ക് സാക്ഷാൽ അലങ്കാരവും മഹത്വവുമാണ് പുണ്യങ്ങൾ. 2) പുണ്യങ്ങൾ നമ്മെ ദൈവത്തോടു സദൃശരാക്കുന്നു. 3) പുണ്യങ്ങൾ നമ്മെ ദൈവത്തിൻെറ സ്നേഹിതന്മാരും സ്വർഗ്ഗീയാനന്ദത്തിന് പാത്രവാന്മാരും ആക്കുന്നു.

ചോ. പുണ്യങ്ങൾകൊണ്ടുള്ള ആവശ്യമെന്ത്?

ഉ. പാപങ്ങളിൽനിന്ന് ഒഴിഞ്ഞു നിത്യരക്ഷ പ്രാപിക്കുന്നതിനും; സൽപ്രവൃത്തികൾ ചെയ്ത് സ്വർഗ്ഗത്തിൽ വലിയ സമ്മാനം പ്രാപിക്കുന്നതിനും, ദുഃഖാരിഷ്ടതകൾ നിറഞ്ഞ ഇഹലോകത്തിൽ സമാധാനത്തോടും സന്തോഷത്തോടുംകൂടി ജീവിക്കുന്നതിനും പുണ്യം നമുക്കാവശ്യമാണ്.

ചോ. പുണ്യസമ്പാദനത്തിനുള്ള മാർഗ്ഗങ്ങൾ ഏവ?

ഉ. പുണ്യങ്ങളെക്കുറിച്ച് നമുക്ക് ശരിയായ ജ്ഞാനം ഉണ്ടായിരിക്കണം; അവയെ നാം സ്നേഹിക്കണം; അവയ്ക്കായി നാം പ്രാർത്ഥിക്കണം; അവ സമ്പാദിക്കുന്നതിനായി നാം നിരന്തരം യത്നിക്കണം.

ചോ. പുണ്യങ്ങൾ എങ്ങനെ വിഭജിക്കപ്പെടുന്നു?

ഉ. ദൈവിക പുണ്യങ്ങൾ, സാന്മാർഗ്ഗിക പുണ്യങ്ങൾ എന്നിങ്ങനെ പുണ്യങ്ങൾ രണ്ടായി വിഭജിക്കപ്പെടുന്നു.

## B. ദൈവികപുണ്യങ്ങൾ

ചോ. ദൈവിക പുണ്യങ്ങൾ എന്നാൽ എന്ത്?

ഉ. ദൈവം നമ്മിൽ ചിന്തുന്നതും, ദൈവം തന്നെ അതിന്റെ അടുത്തതും നേരിട്ടുള്ളതുമായ വിഷയമായിരിക്കുന്നതുമായ പുണ്യമത്രെ ദൈവികപുണ്യം.

ചോ. ദൈവിക പുണ്യങ്ങൾ ഏവ?

ഉ. വിശ്വാസം, ശരണം, ഉപവി എന്നിവയത്രെ ദൈവികപുണ്യങ്ങൾ.

വി. ഈ പുണ്യങ്ങൾ നമ്മിൽ ചിന്തപ്പെടുന്നതു് മാമ്മോദീസാവഴിയായി പ്രസാദവരം നമ്മിൽ പ്രസരിക്കുമ്പോഴാണ്.

ഇവ മൂന്നിന്റേയും വിഷയം ദൈവമാണ്. വിശ്വാസം വഴിയായി നാം ദൈവത്തിലും ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിലും വിശ്വസിക്കുന്നു. മാത്രമല്ല ദൈവം വെളിപ്പെടുത്തി എന്നുള്ളതാണ് അവയെ വിശ്വസിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്ന ന്യായം. ഒരിക്കൽ നാം ദൈവത്തെ അഭിമുഖമായിക്കണ്ടു് അനുഭവിക്കുമെന്നതിന് ശരണമെന്നപുണ്യം നമുക്ക് പ്രതീക്ഷനൽകുന്നു. അതുകൊണ്ടു് ശരണത്തിന്റെ വിഷയവുംദൈവംതന്നെ.ഉപവി ദൈവത്തെ മാത്രമല്ല നമ്മേയും മറ്റെല്ലാ മനു

ഷ്യരേയും സ്നേഹിക്കുന്നതിനു നമുക്കു പ്രേരണനൽകുന്നു. എന്നാൽ നമ്മേയും മററു മനുഷ്യരേയും ദൈവത്തെക്കുറിച്ചു സ്നേഹിക്കുവാനാണു് ഉപവി അവശ്യപ്പെടുന്നതു്. അതുകൊണ്ടു് ദൈവം തന്നെയാണു് ഉപവിയുടേയും വിഷയം.

ചോ. ദൈവിക പുണ്യങ്ങൾ നിത്യരക്ഷയ്ക്കു് അവശ്യമാണൊ?

ഉ. അതെ, അവ നിത്യരക്ഷയ്ക്കു് അത്യാവശ്യമാണു്. എന്തുകൊണ്ടെന്നാൽ അവയത്രെ നമ്മുടെ ബുദ്ധിയേയും മനസ്സിനേയും സ്വഭാവാതീത ലക്ഷ്യത്തിലേയ്ക്കു് തിരിക്കുന്നതു്.

## 1. വിശ്വാസം

ചോ. വിശ്വാസമെന്നാൽ എന്തു്?

ഉ. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ ദൈവം വെളിപ്പെടുത്തി എന്ന ന്യായത്തെ അസ്പദമാക്കി സ്വീകരിക്കുന്നതിനു് ബുദ്ധിയെ പ്രേരിപ്പിക്കുന്ന ഒരു ദൈവ ദാനമാണു് വിശ്വാസം.

വി. വിശ്വാസം നമ്മുടെ കൺമുമ്പിൽ വെയ്ക്കുന്ന സത്യങ്ങളെ നാം വിശ്വസിക്കുന്നതു് അവയുടെ യുക്തിയുക്തത നമ്മുടെ ബുദ്ധി ശരിയായി ഗ്രഹിക്കുന്നു എന്നതുകൊണ്ടല്ല, സർവ്വജ്ഞനായ ദൈവത്തിൻെറ സത്യസന്ധതയെ ആധാരമാക്കിയാണു്.

സ്വപ്രയത്നത്താൽ സമ്പാദിക്കാവുന്ന ഒന്നല്ല, വിശ്വാസം. അതു ഒരു ദൈവദാനമാണു്. എങ്കിലും ലഭിച്ചശേഷം സൽപ്രവൃത്തികളാൽ അതിനെ പരിപോഷിപ്പിച്ചു വികസിപ്പിക്കുന്നതിനോ പാപത്താൽ ക്ഷയിപ്പിച്ചു നഷ്ടപ്രായമാക്കുന്നതിനോ നമുക്കു കഴിയും.

ചോ. വിശ്വാസത്തിൻെറ വിഷയമെന്തു്?

ഉ. വിശ്വാസത്തിൻെറ വിഷയം വെളിപ്പെടുത്തപ്പെട്ട സത്യങ്ങളാകുന്നു.

ചോ. വിശ്വാസ സത്യങ്ങൾ നമുക്കു എവിടെനിന്നാണു് ലഭിക്കുന്നതു്?

ഉ. വേദപുസ്തകം, പാരമ്പര്യം, തിരുസ്സഭയുടെ പഠനങ്ങൾ എന്നിവയിൽനിന്നാണു് നമുക്കു് വിശ്വാസ സത്യങ്ങൾ ലഭിക്കുന്നതു്.

സൂചന:— വിശ്വാസപ്രമാണമെന്നത് നാം വിശ്വസിക്കേണ്ടതായി ദൈവം വെളിപ്പെടുത്തിട്ടുള്ള സത്യങ്ങളുടെ സമുച്ചയമാണ്.

ചോ. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെല്ലാം നമുക്ക് ഗ്രഹിക്കുവാൻ കഴിയുമോ?

ഉ. ഇല്ല. എന്തുകൊണ്ടെന്നാൽ അവയിൽ പലതും രഹസ്യങ്ങളാകുന്നു.

ചോ. രഹസ്യങ്ങൾ എന്നാൽ എന്ത്?

ഉ. രഹസ്യങ്ങൾ എന്നത് പരിമിതമായ മനുഷ്യ ബുദ്ധികൊണ്ടു കണ്ടുപിടിക്കുവാൻ കഴിയാത്ത നിത്യ സത്യങ്ങളത്രെ.

വി. ചില രഹസ്യങ്ങളുടെ അസ്തിത്വം വെളിപാടു വഴിയായി ഗ്രഹിച്ചാൽ അവയുടെസ്വഭാവം മനസ്സിലാക്കുന്നതിന് പ്രയാസമില്ല. മററു ചിലതിൻെറ അസ്തിത്വം വെളിപ്പെടുത്തപ്പെട്ടാലും അവയുടെ സ്വഭാവം നമുക്കു അഗ്രാഹ്യമായിത്തന്നെയിരിക്കും. പരിശുദ്ധ ത്രീത്വത്തിൻെറയും മനുഷ്യാവതാരത്തിൻെറയും രഹസ്യങ്ങൾ ഈ രണ്ടാം ഇനത്തിൽ പെട്ടവയാകുന്നു.

ചോ. വിശ്വാസ രഹസ്യങ്ങൾ ബുദ്ധിക്ക് വിരുദ്ധമാണോ?

ഉ. വിശ്വാസ രഹസ്യങ്ങൾ ബുദ്ധികതീതമെങ്കിലും, ബുദ്ധിക്കു വിരുദ്ധമല്ല, ഒരിക്കലും അതിന് വിരുദ്ധമായിരിക്കാവതുമല്ല.

വി. മനുഷ്യനു ബുദ്ധിക്കു പ്രകാശം നൽകിയ ദൈവം തന്നെയാണല്ലൊ, ദിവ്യരഹസ്യങ്ങളെ വെളിപ്പെടുത്തുന്നതും. ആകയാൽ രണ്ടിൻെറയും കാരണകർത്താവു ദൈവം തന്നെയാണ്. സത്യം സത്യത്തിനു വിരുദ്ധമാകുവാൻ പാടില്ലാത്തതിനാൽ വിശ്വാസം ബുദ്ധിക്കു വിരുദ്ധമായി എന്ന് ഒരുനാളും വരുന്നതല്ല.

ചോ. നിത്യരക്ഷ പ്രാപിപ്പാൻ നാം അവശ്യം അറിഞ്ഞിരിക്കേണ്ട വിശ്വാസ സത്യങ്ങൾ ഏവ?

ഉ. 1) ദൈവം ഉണ്ട്; താൻ നല്ലവർക്ക് സമ്മാനവും ദുഷ്ടർക്ക് ശിക്ഷയും കൊടുക്കുന്നു. 2) പരിശുദ്ധ ത്രീത്വം, മനുഷ്യാവതാരം, വീണ്ടെടുപ്പ്— എന്നിവകളാകുന്നു നിത്യരക്ഷക്ക് അത്യാവശ്യം നാം വിശ്വസിക്കേണ്ട സത്യങ്ങൾ.

ചോ. വിശ്വാസത്തിൻെറ ലക്ഷണങ്ങൾ ഏവ?

ഉ. 1) സ്വഭാവാതീതമായിരിക്കണം, 2) സ്വതന്ത്രമായിരിക്കണം, 3) ദൃഢമായിരിക്കണം, 4) സാൎവ്വത്രികമായിരിക്കണം, 5) സജീവമായിരിക്കണം, 6) യുക്തിയുക്തമായിരിക്കണം.

വി. വിശ്വാസത്തിൻെറ ഫലം സ്വർഗ്ഗപ്രാപ്തിയെന്ന സ്വഭാവാതീത ലക്ഷ്യമായതിനാൽ വിശ്വാസവും സ്വഭാവാതീതമായേതീരൂ. നമ്മുടെ വിശ്വാസം സ്വതന്ത്രമല്ലാത്തപക്ഷം അതു സ്വർഗ്ഗപ്രാപ്തിക്കു നിദാനമാകുന്നതല്ല. പരമബോധജ്ഞാനമായ നിത്യ സത്യമാണല്ലോ നമ്മുടെ വിശ്വാസത്തിൻെറ ആധാരം. ആകയാൽ താൻ വെളിപ്പെടുത്തിയിട്ടുള്ളതെല്ലാം നാം വിശ്വസിക്കണം, യാതൊരു സംശയം കൂടാതെയും വിശ്വസിക്കണം. മാത്രമല്ല, സൽപ്രവൃത്തികളാൽ നമ്മുടെ വിശ്വാസം സജീവമാകുന്നുവെന്നു പ്രത്യക്ഷമാക്കുകയും വേണം. അവസാനമായി പരിമിതബുദ്ധി അപരിമിതബോധജ്ഞാനത്തിനു വിധേയമായിരിക്കുകയെന്നതു യുക്തിയുക്തമാണ്. വിശ്വാസസത്യങ്ങൾ ബുദ്ധിക്ക് എത്രത്തോളം മേൽപ്പെട്ടിരിക്കുന്നുവോ അത്രത്തോളം നമ്മുടെ വിശ്വാസം സുദൃഢവും വിനയസമന്വിതവുമായിരിപ്പാനാവശ്യമത്രെ.

ചോ. വിശ്വാസം നിത്യരക്ഷയ്ക്കു് ആവശ്യമാണോ?

ഉ. അതെ. വിശ്വാസം നിത്യരക്ഷയ്ക്കു് ആവശ്യമാണ്. "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ അസാദ്ധ്യമാകുന്നു". (എബ്രാ. 11–6). "നാം അവൻെറ പുത്രനായ ഈശോമിശിഹായുടെ നാമത്തിൽ വിശ്വസിക്കണം . . . എന്നതാകുന്നു അവൻെറ കല്പന". (1 യോഹ. 3—23).

ചോ. വിശ്വാസത്തിന്നെതിരായ പാപങ്ങൾ ഏവ?

ഉ. 1) അവിശ്വാസം, 2) മതത്യാഗം, 3) മതനിഷ്പക്ഷത, 4) മതപരമായ കാൎയ്യങ്ങളെപററിയുള്ള സംശയം.

ചോ. വിശ്വാസം നഷ്ടീഭവിക്കുന്നതെങ്ങനെ?

ഉ. വിശ്വാസത്തിന്നെതിരായ ഗുരുതരമായ പാപങ്ങളാലാകുന്നു വിശ്വാസം നഷ്ടീഭവിക്കുന്നതു്.

ചോ. വിശ്വാസം ഒരിക്കൽ നഷ്ടപ്പെട്ടാൽ അതു വീണ്ടും ലഭിക്കുന്നതിനു ചെയ്യേണ്ടതെന്തു്?

ഉ. ചെയ്ത പാപത്തെക്കുറിച്ച് അനുതപിക്കുകയും, തിരുസ്സഭ വിശ്വസിക്കുന്നതെല്ലാം വിശ്വസിക്കുകയും ചെയ്യണം.

ചോ. വിശ്വാസത്തിൽ വർദ്ധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏവ?

ഉ. 1) പ്രാർത്ഥന, 2) വി. ലിഖിതങ്ങളുടെ പാരായണം, 3) മതപഠനം, 4) വിശ്വാസപ്രകരണങ്ങളുടെ ആവർത്തനം, 5) വിശ്വാസപരമായ ജീവിതം.

സൂചന:- ബുദ്ധിപ്രയോഗം വന്നാൽ വിശ്വാസപ്രകരണം ചെയ്യണം. ജീവിത കാലത്തിൽ പലപ്പോഴും അതു് ആവർത്തിക്കണം. വിശ്വാസത്തിന്നെതിരായ പരീക്ഷകളുണ്ടാകുമ്പോൾ വിശ്വാസപ്രകരണം ചെയ്വാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2. ശരണം

ചോ. ശരണമെന്നാൽ എന്ത്?

ഉ. നിത്യഭാഗ്യപ്രാപ്തിക്കാവശ്യകമായ മാർഗ്ഗങ്ങളും, അവയെ ഉപയോഗിച്ചുകൊണ്ട് നിത്യഭാഗ്യവും പ്രാപിക്കാമെന്ന് പ്രതീക്ഷിക്കുന്നതിന് നമ്മെ പ്രേരിപ്പിക്കുന്ന ഒരു ദൈവിക പുണ്യമാകുന്നു ശരണം.

വി. ദൈവത്തിന്റെ അനന്തശക്തി, നന്മ, വിശ്വസ്തത എന്നിവയെ ആധാരമാക്കിയത്രെ നിത്യരക്ഷയും, അതിന്നാവശ്യമുള്ളവയും നാം പ്രതീക്ഷിക്കുന്നതു്.

ചോ. ശരണത്തിന്റെ വിഷയം എന്താകുന്നു?

ഉ. ശരണത്തിന്റെ വിഷയം ദൈവവും ദൈവത്തെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളുമത്രെ.

വി. നിത്യരക്ഷയ്ക്കുള്ള മാർഗ്ഗങ്ങളെയും നാം ദൈവത്തിൽനിന്ന് പ്രത്യാശിക്കുന്നുണ്ടല്ലൊ. അവയിൽ മുഖ്യമായതു്, പാപമോചനം, പ്രസാദവരസഹായം, മരണത്തോളമുള്ള നിലനില്പു എന്നിവയാകുന്നു.

ചോ. ശരണത്തിന്റെ ലക്ഷണങ്ങൾ ഏവ?

ഉ. 1) സ്വഭാവാതീതമായിരിക്കണം, 2) ദൃഢതരമായിരിക്കണം, 3) വിനയസമന്വിതമായിരിക്കണം. 4) പരിശ്രമത്തോടുകൂടിയതായിരിക്കണം.

വി. വിനയം: "നില്ക്കുന്നു എന്ന് വിചാരിക്കുന്നവൻ ഇനി വീഴാതെ സൂക്ഷിച്ചുകൊള്ളട്ടെ." (1 കോറ. 10–12). പ

രിശ്രമം: "സ്വർഗ്ഗത്തിലിരിക്കുന്ന. എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനല്ലാതെ, എന്റെ കർത്താവെ, എന്റെ കർത്താവെ, എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതു്." (മത്താ, 7-21.)

ചോ. ശരണം നിത്യരക്ഷയ്ക്കാവശ്യമാണോ?

ഉ. അതെ, ശരണം നിത്യരക്ഷയ്ക്കു് ആവശ്യമാണു്. "ജീവനുള്ള ദൈവത്തിലല്ലാതെ ഉറപ്പില്ലാത്ത സമ്പത്തിൽ ആശ്രയിക്കാതിരിക്കുവാനും (നീ കല്പിക്കുക)" (1 തിമോ. 6—17)

ചോ. ശരണത്തിന്നെതിരായ പാപങ്ങൾ ഏവ?

ഉ. നിരാശ, സംശയം, തുനിവു് ഇവയത്രെ ശരണത്തിന്നെതിരായ പാപങ്ങൾ.

വി. ദൈവനന്മയേയും അനുഗ്രഹത്തേയും സംശയിക്കുന്നവരും, ദൈവം തങ്ങളെ രക്ഷിക്കുകയില്ലെന്നുള്ള നിരാശയ്ക്കു ഇടം കൊടുക്കുന്നവരും, ദൈവം എങ്ങനെയെങ്കിലും തങ്ങളെ രക്ഷിക്കുമെന്നു തുനിവോടുകൂടെ പാപവഴിയിൽ പ്രയാണം തുടരുന്നവരും ദൈവാനുഗ്രഹത്തേയും തന്റെ പരമനന്മയേയും ഏററവും കഠിനമായി മുറിവേല്പിക്കുകയത്രെ ചെയ്യുന്നതു്.

ചോ. ശരണം നഷ്ടപ്പെടുന്നതെങ്ങനെ?

ഉ. വിശ്വാസം നഷ്ടപ്പെടുമ്പോഴെല്ലാം ശരണവും നഷ്ടപെടുന്നു. കൂടാതെ നിരാശ, അഹങ്കാരം എന്നി പാപങ്ങൾവഴിയായും ശരണം നഷ്ടപ്പെടുന്നതാണു്.

ചോ. ശരണം ഒരിക്കൽ നഷ്ടപ്പെട്ടാൽ അതു എങ്ങിനെ വീണ്ടും ലഭിക്കാം?

ഉ. ചെയ്തപാപത്തെക്കുറിച്ചുള്ള മനസ്താപത്താലും, ദൈവകരുണയിലുള്ള നമ്മുടെ വിശ്വാസം ഉജ്ജ്വലിപ്പിച്ചുകൊണ്ടും നഷ്ടപ്പെട്ട ശരണം വീണ്ടും ലഭിക്കാം.

ചോ. ശരണത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏവ?

ഉ. 1) തീക്ഷ്ണതാപൂർവ്വമുള്ള പ്രാർത്ഥന, 2) ദൈവ വാഗ്ദാനങ്ങളുടെ നിരന്തരസ്മരണ, 3) ദൈവത്തിന്റെ അനന്തശക്തി, നന്മ, കരുണ എന്നിവയെക്കുറിച്ചുള്ള ചിന്ത, 4) മനസ്സാക്ഷിയുടെ പരിശുദ്ധി, സുകൃതാഭ്യാസം എന്നിവ.

## 3 ഉപവി

ചോ. ഉപവി എന്നാൽ എന്ത്?

ഉ. സർവ്വനന്മയായ ദൈവത്തെ തന്നെ പ്രതിയും, നമ്മെയും മററുള്ളവരെയും ദൈവത്തേയും കുറിച്ചും സ്നേഹിക്കുന്നതിന് നമ്മെ പ്രേരിപ്പിക്കുന്ന ഒരു ദൈവിക പുണ്യമാകുന്നു ഉപവി.

സൂചന:- ഉപവിക്ക് ദൈവസ്നേഹം, സഹോദരസ്നേഹം, എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ട്.

### a) ദൈവസ്നേഹം

ചോ. ദൈവസ്നേഹമെന്നാലെന്ത്?

ഉ. സർവ്വനന്മയായ ദൈവത്തെ തന്നെപ്രതി സ്നേഹിക്കുന്നതിന് നമ്മെ പ്രേരിപ്പിക്കുന്ന ഒരു ദൈവിക പുണ്യമാകുന്നു ദൈവസ്നേഹം.

സൂച:- സർവ്വനന്മയായ ദൈവം തന്നെയാണ് ഈ പുണ്യത്തിൻെറ വിഷയം.

ചോ. ദൈവത്തെ സ്നേഹിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന ന്യായങ്ങൾ ഏവ?

ഉ. 1. ദൈവം പരമ നന്മയും സർവ്വഗുണ സമ്പൂർണ്ണനുമാണ്. 2. ദൈവം ആദ്യമായി നമ്മെ സ്നേഹിച്ചു. "ദൈവം നമ്മെ ആദ്യമായി സ്നേഹിച്ചതുകൊണ്ട് നാം അവനെ സ്നേഹിക്കണം" (1 യോഹ. 4-19) 3. നമുക്കു താൻ മഹൽ കാര്യങ്ങൾ ചെയ്തു. "നാം പാപികളായിരിക്കുകയിൽ മിശിഹാ നമുക്കുവേണ്ടി മരിച്ചു." (റോമ. 5—8) 4. ദൈവം നാം തന്നെ സ്നേഹിക്കണമെന്നു ആജ്ഞാപിക്കുന്നു. "നിൻെറ ദൈവമായ കർത്താവിനെ നിൻെറ പൂർണ്ണഹൃദയത്തോടുകൂടിയും, നിൻെറ മുഴു ആത്മാവോടുകൂടിയും, നിൻെറ സർവ്വശക്തിയോടുകൂടിയും, നീ സ്നേഹിക്കണം." (മർക്കോ. 12—30.) 5. ദൈവത്താൽ സ്നേഹിക്കപ്പെടുന്നതിന്. "എന്നെ സ്നേഹിക്കുന്നവനോ എൻെറ പിതാവിനാൽ സ്നേഹിക്കപ്പെടും, ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവനു കാണിച്ചുകൊടുക്കുകയും ചെയ്യും" (യോഹ. 14-21.)

ചോ. ദൈവിക പുണ്യങ്ങളിൽ ഏററവും ശ്രേഷ്ഠമായതു ഏതാകുന്നു?

ഉ. ദൈവിക പുണ്യങ്ങളിൽ ഏററവും ശ്രേഷ്ഠമായതു ദൈവസ്നേഹമാകുന്നു. "എന്നാൽ നിലനില്ക്കുന്നവ ഇവ മൂന്നു മാകുന്നു. വിശ്വാസം പ്രതീക്ഷ സ്നേഹം. ഇവയിൽ പ്രധാനമായ തു സ്നേഹംതന്നെ." (1 കോറ. 13—13.)

ചോ. ദൈവസ്നേഹം നിത്യരക്ഷക്കു് ആവശ്യമാണൊ?

ഉ. ദൈവസ്നേഹം നിത്യരക്ഷക്ക് ആവശ്യമാകുന്നു. ദൈവത്തെ സ്നേഹിക്കാത്തവൻ തന്നെ പ്രാപിക്കുകയില്ല.

ചോ. ദൈവസ്നേഹത്തിൻെറ ഫലങ്ങൾ ഏവ?

ഉ. 1. പാപങ്ങളുടെ മോചനം. "അവൾ വളരെസ്നേഹിച്ചതുകൊണ്ടു് അവളുടെ നിരവധിയായ പാപങ്ങൾ അവളോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു." (ലൂക്ക. 7—47.) 2. ദൈവൈക്യം. "എന്നെസ്നേഹിക്കുന്നവൻ എൻെറ വചനംകേൾക്കുന്നു. അപ്പോൾ എൻെറ പിതാവു് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവൻെറ അടുക്കൽവന്നു ഞങ്ങളുടെ വാസസ്ഥലം അവൻെറ അടുക്കൽ ആക്കുകയും ചെയ്യും." (യോഹ. 14—23.) 3. സഹോദരസ്നേഹം. "ദൈവത്തെ സ്നേഹിക്കുന്ന ഏവനും തൻെറ സഹോദരനേയും സ്നേഹിക്കുന്നു." (1 യോഹ. 4—21) 4. ഭക്തിതീക്ഷ്ണതയും, ആത്മരക്ഷയിലുള്ള ശുഷ്കാന്തിയും. 5. കുരിശുകളോടുള്ള സ്നേഹം. 6. മോക്ഷമഹിമയുടെ വർദ്ധനവു്.

ചോ. ദൈവസ്നേഹം നഷ്ടപ്പെടുന്നതെങ്ങനെ?

ഉ. ഘനമായ പാപം ദൈവസ്നേഹാഗ്നിയെ കെടുത്തിക്കളയുന്നു.

ചോ. ദൈവസ്നേഹം വീണ്ടും ലഭിക്കുന്നതെങ്ങനെ?

ഉ. ദൈവസ്നേഹത്തിന്നടുത്ത പ്രവൃത്തികൾ വഴിയായും ഉത്തമ മനസ്സാപത്താലും, നല്ലകുമ്പസാരത്താലും നഷ്ടപ്പെട്ട ദൈവസ്നേഹം വീണ്ടും പ്രാപിക്കാം.

ചോ. ദൈവസ്നേഹത്തിൽ വർദ്ധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏവ?

ഉ. 1) പ്രമാണാനുസരണം ജീവിക്കുക, ഏററവും ലഘുവായ പാപത്തെക്കൂടെയും പരിവർജ്ജിക്കുക. 2) ദൈവനന്മയെക്കുറിച്ചും, മിശിഹായുടെ കഷ്ടാനുഭവങ്ങളെപ്പററിയും ധ്യാനിക്കുക. 3) ദൈവത്തോടു സ്നേഹസല്ലാപങ്ങൾ ചെയ്യുക.

## b) സഹോദരസ്നേഹം

ചോ. സഹോദരസ്നേഹമെന്നാൽ എന്ത്?

ഉ. ദൈവത്തെപ്രതി നമ്മുടെ സഹോദരനെ സ്നേഹിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന ഒരു പുണ്യമാകുന്നു സഹോദരസ്നേഹം.

വി. സഹോദരൻ എന്ന പദത്താൽ ഇവിടെ നിർദ്ദേശിക്കുന്നത് നാമൊഴിച്ചു ശേഷം എല്ലാ മനുഷ്യരേയുമാണ്. "എന്റെ അയൽക്കാരൻ ആരാകുന്നു?" എന്ന ചോദ്യത്തിനു മറുപടിയായി ദിവ്യരക്ഷകൻ അരുളിച്ചെയ്ത നല്ല സമറായക്കാരന്റെ ഉപമ ഇങ്ങനെ വ്യാപകമായ ഒരു അർത്ഥത്തെയാണല്ലൊ ദ്യോതിപ്പിക്കുന്നത്. വാസ്തവത്തിൽ ഇഹത്തിൽ ജീവിക്കുന്ന മനുഷ്യർ മാത്രമല്ല നമ്മുടെ സഹോദരന്മാർ; പിന്നെയൊ സ്വർഗ്ഗവാസികളും, ശുദ്ധീകരാത്മാക്കളും പരിശുദ്ധ മാലാഖാമാരും, ഈ ഇനത്തിൽ ഉൾപ്പെടുന്നു. വിശേഷബുദ്ധിയുള്ള സൃഷ്ടികളിൽ നരകത്തിൽ നശിച്ചുപോയ മനുഷ്യരും പിശാചുക്കളും മാത്രമേ സഹോദരർ എന്ന സംജ്ഞയിൽനിന്നു ഒഴിവാക്കപ്പെടുന്നുള്ളു.

ചോ. നമ്മുടെ ശത്രുക്കളെ സ്നേഹിപ്പാൻ നമുക്കു കടമയുണ്ടോ?

ഉ. ഉണ്ട്. എന്തുകൊണ്ടെന്നാൽ അതു ദൈവകല്പനയാകുന്നു. "നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ സ്നേഹിക്കുവിൻ. നിങ്ങളെ ശപിക്കുന്നവരെ നിങ്ങൾ അനുഗ്രഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നിങ്ങൾ നന്മചെയ്വിൻ" (മത്താ. 5–44)

വി. നമ്മുടെ ശത്രുക്കളെ സ്നേഹിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന അനേക ന്യായങ്ങൾ ഉണ്ട്. 1) അവർ നമ്മുടെ സമസൃഷ്ടികളാകുന്നു. 2) മിശിഹാ നമുക്കുവേണ്ടി എന്നപോലെ അവർക്കും വേണ്ടി മരിച്ചു. 3) നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കണമെന്നു മിശിഹാ വാക്കുകളാലും ദൃഷ്ടാന്തങ്ങൾകൊണ്ടും പഠിപ്പിച്ചു. 4) നാമും അവരും ഒരേ നിത്യഭാഗ്യലബ്ധിക്കായി സൃഷ്ടിക്കപ്പെട്ടവരത്രെ.

ചോ. സഹോദരസ്നേഹത്തിന്റെ ലക്ഷണങ്ങൾ ഏവ?

ഉ. സഹോദരസ്നേഹം 1) സ്വഭാവാതീതമായിരിക്കണം 2) നീതിപരമായിരിക്കണം 3) യഥാർത്ഥമായിരിക്കണം.

വി. "നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കണം" (ആ.ഷാ. 19—18.) ഇതാണല്ലൊ സഹോദരസ്നേഹത്തിൻെറ മാനദണ്ഡം. ഇതിൽനിന്നു മററുള്ളവരെക്കാൾ കൂടുതലായി നമ്മെസ്നേഹിക്കുവാൻ പാടില്ലെന്നു അൎത്ഥമാക്കരുതു്. എന്തുകൊണ്ടെന്നാൽ ഈ വാക്യം സ്നേഹത്തിൻെറ സ്വഭാവത്തെയത്രെ നിൎദ്ദേശിക്കുന്നതു്, അതിൻെറ അളവിനെഅല്ല. മാത്രമല്ല, നമ്മുടെ മാതാപിതാക്കളേയും ബന്ധുമിത്രാദികളെയും ഉപകാരികളേയും പ്രത്യേകം സ്നേഹിക്കുന്നതിനും ഈ കല്പന വിഘാതമല്ല.

ചോ. സഹോദരസ്നേഹത്തിൻെറ കടമകൾ ഏവ?

ഉ. ബഹുമാനം, സ്നേഹം, സേവനം എന്നിവയത്രെ സഹോദരസ്നേഹത്തിൻെറ കടമകൾ.

ചോ. നാം നമ്മെതന്നെ സ്നേഹിക്കണമോ?

ഉ. നിശ്ചയമായും നാം നമ്മെത്തന്നെ സ്നേഹിക്കണം.

വി. 1) നാം ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണ്. 2) മിശിഹായുടെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്. 3) ദൈവത്തെ അഭിമുഖമായിക്കണ്ടാനന്ദിക്കുന്നതിനു ഉദ്ദേശിക്കപ്പെട്ടവരാണ്. എന്നീ ന്യായങ്ങൾ നമ്മെത്തന്നെ സ്നേഹിക്കുന്നതിനു ശക്തിയുള്ള ന്യായങ്ങളാണല്ലൊ.

സ്വയം സ്നേഹിക്കുന്നതിനുള്ള ഒരുവാസന ഏതൊരു ജീവിയിലും പ്രകടമായി കാണുന്ന ഒന്നാണ്. അതു നൈസൎഗ്ഗികമാണ്. ദൈവദത്തമാണ്— എന്നാൽ നാം നമ്മോടുള്ള നമ്മുടെ സ്നേഹത്തെ പ്രകടിപ്പിക്കേണ്ടതു് നിത്യസൌഭാഗ്യലബ്ധിക്കായി അക്ഷീണം യത്നിച്ചുകൊണ്ടത്രെ ആകയാൽ എല്ലാ സംഗതിയിലും ദൈവസ്തുതിയന്വേഷിച്ചുകൊണ്ടും, നമ്മുടെ സമസ്തഭാഗ്യവും തന്നിൽ നിക്ഷേപിച്ചുകൊണ്ടും നാം ജീവിക്കണം.

സൂചന:— യഥാൎത്ഥമായ സ്നേഹം അനുവദനീയമെന്നു മാത്രമല്ല നമ്മുടെ ചുമതലയുമാകുന്നു. അതേ, സ്വസ്നേഹം അതിൻെറ ന്യായമായ പരിധിയിൽ പാപമല്ല, പുണ്യമാകുന്നു. അതിലുള്ള കവിച്ചിൽ സ്വസ്നേഹമെന്ന ദുൎഗ്ഗുണമായി തീരും. അതിനെ നാം പരിവൎജ്ജിക്കണം.

## C സാന്മാർഗ്ഗിക പുണ്യങ്ങൾ

ചോ. സാന്മാർഗ്ഗിക പുണ്യമെന്നാലെന്ത്?

ഉ. സുബുദ്ധിയുടെയും വിശ്വാസത്തിൻെറയും തത്വങ്ങൾക്കനുസരണമായി നമ്മുടെ നടപടികളെ ക്രമീകരിക്കുന്ന പുണ്യമത്രെ സാന്മാർഗ്ഗിക പുണ്യം.

ചോ. പ്രധാനപ്പെട്ട സാന്മാർഗ്ഗിക പുണ്യങ്ങൾ ഏവ?

ഉ. വിവേകം, നീതി, ആത്മശക്തി, മിതത്വം എന്നിവയാകുന്നു പ്രധാനപ്പെട്ട സാന്മാർഗ്ഗിക പുണ്യങ്ങൾ (cardinal virtues)

വി. ഈ പുണ്യങ്ങൾ മററു സാന്മാർഗ്ഗിക പുണ്യങ്ങളുടെയും, സാന്മാർഗ്ഗിക ജീവിതത്തിൻെറ തന്നെയും, ആധാരവും അടിസ്ഥിവാരവുമായതുകൊണ്ടാണ് ഇവയെ പ്രധാനപ്പെട്ട സാന്മാർഗ്ഗികപുണ്യങ്ങളെന്നു നാം വിളിക്കുന്നത്.

ചോ. വിവേകമെന്നാൽ എന്ത്?

ഉ. വിവേകമെന്നത്, നാം അഭിമുഖീകരിക്കേണ്ടിവരുന്ന വിവിധ സാഹചര്യങ്ങളിൽ നാം ചെയ്യുന്ന എല്ലാ പ്രവൃത്തികളെയും, ദൈവപ്രമാണങ്ങൾക്കും, മനസ്സാക്ഷിയുടെ പ്രചോദനത്തിനും അനുസരണമായി ക്രമപ്പെടുത്തി, അവയെ നമ്മുടെ ലക്ഷ്യപ്രാപ്തിക്കൊത്തവണ്ണം നിയന്ത്രിക്കുന്ന പുണ്യമാകുന്നു.

ചോ. നീതി എന്നാൽ എന്ത്?

ഉ. ഓരോരുത്തന് ചെയ്യേണ്ടത് അവനവന് കൊടുക്കുന്നതിന് നമ്മെ പ്രേരിപ്പിക്കുന്ന ഒരു പുണ്യമാകുന്നു നീതി.

ചോ. ആത്മശക്തി അഥവാ ധൈര്യം എന്നാൽ എന്ത്?

ഉ. യാതൊരു അപകടത്തേയും മരണത്തെ തന്നേയും ഭയപ്പെടാതെ ദൈവത്തിന് ശുശ്രൂഷചെയ്യാൻ നമുക്കു ധൈര്യം തരുന്ന ഒരു പുണ്യമത്രെ ആത്മശക്തി.

ചോ. മിതത്വം എന്നാൽ എന്ത്?

ഉ. ഇന്ദ്രിയത്തിന് ഇമ്പകരമായവയെ പററിയുള്ള ക്രമമല്ലാത്ത ആഗ്രഹങ്ങളെ നിഗ്രഹിക്കുകയും ലൌകിക വസ്തുക്കളെ പാകതയോടെ ഉപയോഗിക്കുകയും ചെയ്യുവാൻ നമ്മെ സഹായിക്കുന്ന ഒരു പുണ്യമാകുന്നു മിതത്വം (Temperance)

## V

### പാപം

ചോ. പാപം എന്നാൽ എന്തു്?

ഉ. അറിവോടും സമ്മതത്തോടും കൂടിയ പ്രമാണ ലംഘനമാകുന്നു പാപം.

വി. ഒരുവൻ പാപം ചെയ്യുന്നതിനു് മൂന്നുസംഗതികളാണു് ആവശ്യമുള്ളതു്. 1 പ്രസ്തുത പ്രവൃത്തി പാപകരമാണെന്നുള്ള അറിവു് 2. അതു ചെയ്യുകയോ ചെയ്യാതിരിക്കയോ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം. 3. പ്രമാണലംഘനം—ഇവയിൽ ഏതെങ്കിലും ഒന്നു് ഇല്ലാതായാൽ പ്രവൃത്തി പാപമാകയില്ല.

ആകയാൽ തെററാണെന്നു് അറിയാതെ ചെയ്ത ഒരുപ്രവൃത്തി, പിന്നീടു് തെററാണെന്നറിഞ്ഞതുകൊണ്ടു് പാപമാകയില്ല. പിന്നീടു് ആ തെററു് ചെയ്താൽ അതു പാപമാകും. സ്വാതന്ത്ര്യം അഥവാ സമ്മതം കൂടാതെ ബലപ്രയോഗത്തിനു വിധേയമായി ചെയ്യപ്പെടുന്ന പ്രവൃത്തി പാപമാകുന്നതല്ല. എന്നാൽ മനസ്സു് അവസാനംവരെ പ്രതികൂലമായിരിക്കേണ്ടതാണു്. പ്രമാണം ദൈവികമോ മാനുഷികമോ ആകാം. എന്നാൽ തന്നെ കടപ്പെടുത്തുന്ന ഒരു പ്രമാണം ഉണ്ടെന്നും തൻെറ പ്രവൃത്തി അതിനു പ്രതികൂലമാണെന്നുംഉള്ള അറിവുണ്ടെങ്കിലേ പ്രസ്തുത പ്രവൃത്തി പാപമാകയുള്ളു.

ചോ. പാപം എത്ര തരമുണ്ടു്.

ഉ. ഉത്ഭവപാപം കർമ്മപാപം എന്നിങ്ങനെ പാപം രണ്ടുതരമുണ്ടു്.

ചോ. ഉത്ഭവപാപം അഥവാ ജന്മപാപം എന്നാൽ എന്തു്?

ഉ. ആദിപിതാവായ ആദത്തിൻെറ അനുസരണക്കേടു നിമിത്തം ജനനാൽതന്നെ നമുക്കു് അവകാശമായി സിദ്ധിക്കുന്നതാണു് ഉത്ഭവപാപം.

സൂചന:— ഉത്ഭവപാപം ജ്ഞാനസ്നാനത്താൽ നീക്കപ്പെടുന്നു.

ചോ. കർമ്മപാപം എന്നാൽ എന്തു്?

ഉ. നന്മതിന്മകളെ തിരിച്ചറിയാൻ പ്രായമായശേഷം

അറിവോടും സമ്മതത്തോടുംകൂടെ നാം ചെയ്യുന്ന പ്രമാണലംഘനമാകുന്നു കർമ്മപാപം.

വി. ജന്മപാപത്തിൽനിന്ന് ഒഴിഞ്ഞുമാറുക നമ്മാൽസാദ്ധ്യമല്ല. മാമ്മോദീസാ വഴിയായി പാടുള്ളവേഗത്തിൽ അതിൽനിന്നു മുക്തിപ്രാപിക്കാൻ യത്നിക്കയേ നിവൃത്തിയുള്ളു. കർമ്മപാപമാകട്ടെ അങ്ങനെയുള്ളതല്ല. അതു നമ്മുടെ പ്രവൃത്തിദൂഷ്യത്താൽ സംഭവിക്കുന്നതാണ്. ആകയാൽ ദൈവസഹായം അപേക്ഷിച്ചും പാപസാഹചര്യങ്ങളെ പരിവർജ്ജിച്ചും യത്നിക്കുന്നപക്ഷം നമുക്ക് അതിൽനിന്നു ഒഴിഞ്ഞിരിക്കാം. അതിനായി നാം യത്നിക്കേണ്ടതുമാണ്.

സൂചന:— പ്രമാണലംഘനം രണ്ടുതരത്തിൽ ആകാം. ഒന്ന്, പ്രമാണം കല്പിക്കുന്ന സംഗതി ചെയ്യാത്തതുകൊണ്ടോ, അല്ലെങ്കിൽ പ്രമാണം മുടക്കുന്ന സംഗതി ചെയ്യുന്നതുകൊണ്ടോ; അതായതു് പ്രവൃത്തികൊണ്ടോ ഉപേക്ഷകൊണ്ടോ പ്രമാണ ലംഘനംഉണ്ടാകാവുന്നതാണ്.

ചോ. കർമ്മപാപം എത്ര വിധത്തിലുണ്ടാകാം.

ഉ. നിരൂപണയാലും, വചനത്താലും, പ്രവൃത്തിയാലും, ഉപേക്ഷയാലും കർമ്മപാപം ഉണ്ടാകാം.

ചോ. കർമ്മപാപം എത്രതരമുണ്ട്?

ഉ. ചാവുദോഷം പാവുദോഷം എന്നിങ്ങനെ കർമ്മപാപം രണ്ടുതരമുണ്ട്.

ചോ. ചാവുദോഷം എന്നാൽ എന്ത്?

ഉ. പൂർണ്ണമായ അറിവോടും സമ്മതത്തോടും കൂടിയ ഘനമായ പ്രമാണലംഘനമാകുന്നു ചാവുദോഷം

വി. ഒരുപ്രവൃത്തി ചാവുദോഷമാകുന്നതിനു മൂന്നു സംഗതികൾ വേണം. 1. പൂർണ്ണമായ അറിവ്. 2. പൂർണ്ണമായ സമ്മതം. 3 ഘനമായ പ്രമാണത്തിൻെറ ലംഘനം. ഇവയിൽ ഏതെങ്കിലും ഒന്നിൻെറ അഭാവം പ്രവൃത്തിയെ ചാവുദോഷത്തിൽനിന്ന് വിമുക്തമാക്കുന്നതാണ്. സംഗതി പൂർണ്ണമായി അറിഞ്ഞില്ലെന്നോ മനസ്സ് അതിനു പൂർണ്ണസമ്മതം നൽകിയില്ലെന്നോ വരാം. ഇതിൽ ഏതെങ്കിലും സംഭവിച്ചാൽ പ്രവൃത്തി ചാവദോഷമാകയില്ല. അറിവിനും സമ്മതത്തിനും അനുസരിച്ച് പാവുദോഷമായേക്കാം. മാത്രമല്ല പ്രമാണം ഗൌരവമായതല്ലെങ്കിൽ പ്രവൃത്തി ചാവുദോഷമാകുന്നതല്ല.

നാം ഘനമായി പിഴച്ചുവോ എന്ന സംശയം തോന്നുമ്പോൾ പ്രസ്തുത മാനദണ്ഡം ഉപയോഗിച്ചുവേണം നമ്മുടെ പ്രവൃത്തി അഥവാ ഉപേക്ഷ ലഘുവായ പാപമോ ഘനമായ പാപമോ എന്നു നിർണ്ണയിക്കുവാൻ.

**ചോ. ഘനമായ പാപത്തെ ചാവുദോഷമെന്നു വിളിക്കുന്നതു എന്തുകൊണ്ടു്?**

ഉ. ആത്മാവിന്റെ ജീവനാകുന്ന വരപ്രസാദത്തെ നശിപ്പിച്ച് ആത്മാവിനെ കൊന്നുകളയുന്നതിനാലാണ് ഇതിനെ ചാവുദോഷം എന്നു വിളിക്കുന്നതു്.

വി. നമ്മുടെ ശരീരത്തിനു ആത്മാവ് ഏങ്ങനെയോ അങ്ങനെയാണ് നമ്മുടെ ആത്മാവിനു വരപ്രസാദം. ആകയാൽ വരപ്രസാദനഷ്ടം അതിഭീമമായ നഷ്ടമാണ്. ഇതു ഗ്രഹിക്കുന്നതിനു ചാവുദോഷത്താൽ വരുന്ന നഷ്ടത്തെക്കുറിച്ച് അല്പം ആലോചിച്ചാൽ മതി.

ചോ. ചാവുദോഷം മൂലം ആത്മാവിനു വരുന്ന നഷ്ടം ഏവ?

ഉ. 1. ആത്മാവിലുള്ള വരപ്രസാദത്തെയും ദൈവസ്നേഹത്തെയും നശിപ്പിക്കുന്നു. 2. അതു സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തുന്നു. 3. സമ്പാദിച്ചിട്ടുള്ള യോഗ്യതകളെ നശിപ്പിച്ചു പുതുതായ യോഗ്യത സമ്പാദിപ്പാൻ ആത്മാവിന് അശക്യമാക്കുന്നു. 4. ആത്മാവിനെ പിശാചിന്റെ അടിമയാക്കുന്നു. 5. അതിനെ നരകത്തിനും ഈ ലോകജീവിതത്തിലെ ശിക്ഷകൾക്കും അർഹമാക്കിത്തീർക്കുകയും ചെയ്യുന്നു.

ചോ. ചാവുദോഷത്തിൽനിന്ന് എങ്ങനെ മോചനം ലഭിക്കാം?

ഉ. നല്ല കുമ്പസാരത്താലും, അതിനു നിവൃത്തിയില്ലാത്തപ്പോൾ ഉത്തമമനസ്താപത്താലും ചാവുദോഷത്തിൽനിന്ന് മോചനം ലഭിക്കാം.

ചോ പാവുദോഷം എന്നാൽ എന്തു്?

ഉ. പ്രമാണങ്ങളുടെ ലഘുവായ ലംഘനമാണ് പാവുദോഷം

വി. പ്രമാണം ലഘുവായതുകൊണ്ടോ പൂർണ്ണമായ അറിവോ സമ്മതമോ ഇല്ലാത്തതുകൊണ്ടോ പ്രവൃത്തി പാവുദോഷമാകാവുന്നതാണ്.

ചാവുദോഷത്തോടു തുലനം ചെയ്യുമ്പോൾ ഇതു അല്പപാപമായി പ്രത്യക്ഷപ്പെടുന്നു എന്നതു ശരിതന്നെ. എന്നാൽ ഈ പാപവും തന്നിൽത്തന്നെ ഏററവും ഭയങ്കരമായ ഒരു തിന്മയാണ്. ഒരു ലഘുവായ പാപം ചെയ്യുന്നതുവഴിയായി ലോകം മുഴുവൻ മാനസാന്തരപ്പെടുത്താമെന്നിരുന്നാൽതന്നെ അതു ചെയ്യരുതാത്തതാകുന്നു എന്നത്രെ ദൈവശാസ്ത്രജ്ഞന്മാരുടെ അഭിമതം. അതു ആത്മാവിനു വരുത്തിക്കൂട്ടുന്ന നഷ്ടങ്ങൾ അനേകമാണ്. 1. നമ്മിലുള്ള ദൈവസ്നേഹത്തെ ക്ഷയിപ്പിക്കുന്നു. 2. ചാവുദോഷത്തിലേയ്ക്കു് വഴിതെളിക്കുന്നു. 3. ഇഹത്തിലോ പരത്തിലോ അവശ്യം നാം അനുഭവിക്കേണ്ടതായ കാലത്തിനടുത്ത ശിക്ഷകൾക്കു് നമ്മെ അർഹരാക്കുന്നു.

ചോ. ചാവുദോഷത്തിൽനിന്നു് എങ്ങനെ നമുക്കു് മോചനം ലഭിക്കാം?

ഉ. മനസ്താപം, ദൈവസ്നേഹപ്രകരണം മുതലായ സൽപ്രവൃത്തികളാൽ പാവുദോഷത്തിൽനിന്നു് നമുക്കു് മോചനം ലഭിക്കാം.

## VI

## ദുർഗ്ഗുണങ്ങൾ.

ചോ. ദുർഗ്ഗുണം എന്നാൽ എന്തു്?

ഉ. പാപഫലമായി നമ്മിൽ അവശേഷിക്കുന്നതും പാപത്തിലേക്കു നമ്മെ പ്രേരിപ്പിക്കുന്നതുമായ പഴക്കമാകുന്നു ദുർഗ്ഗുണം.

വി. ഒരു വിത്തു ഭൂമിയിൽ വീണു്, അതു് മുളച്ചു് ചെടിയായിത്തീർന്ന ശേഷമാണല്ലൊ. അതിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതു്. ഇങ്ങനെ തന്നെയാണു് പാപവും. പാപം ആവർത്തിക്കപ്പെടുമ്പോൾ ദുർഗ്ഗുണമായി നമ്മിൽ മുളച്ചുവേരൂന്നും. അതു വളർന്നു ശക്തിപ്പെടും. അതിന്റെ കനികളായ പാപങ്ങൾ നമ്മിൽ ഉല്പാദിപ്പിക്കും. വേറെവാക്കിൽ പറഞ്ഞാൽ ദുർഗ്ഗുണമെന്നതു് പാപത്തിൽനിന്നുത്ഭവിക്കുകയും വേറെ അനേകപാപങ്ങൾക്കു കാരണമാകയും ചെയ്യുന്ന ഒരു ദുശ്ശീലമാണെന്നു സാരം.

ചോ. ദുർഗ്ഗുണങ്ങളുടെ കാരണങ്ങൾ ഏവ?

ഉ. 1. ഉത്ഭവപാപംമൂലം മനുഷ്യപ്രകൃതിക്ക് വന്ന ക്ഷതം. 2. പരമ്പരാഗതമായ ദുർവാസനകൾ. 3. പ്രതിദിനം നാം ചെയ്തുവരുന്ന വലുതും ചെറുതുമായ പാപങ്ങൾ. 4. നമ്മുടെ ദുഷ്ടക്കൂട്ടുകാരും അനാശാസ്യമായ മററു ജീവിതസാഹചര്യങ്ങളും.

ചോ. ദുർഗ്ഗുണങ്ങളെ ഉന്മൂലനം ചെയ്യാനുള്ള ആവശ്യമെന്ത്?

ഉ. ദുർഗ്ഗുണങ്ങൾ പാപത്തിനും തദ്വാരാ നിത്യനാശത്തിനും കാരണമാകുന്നതുകൊണ്ടും സ്വർഗ്ഗീയ നിക്ഷേപങ്ങളെ നശിപ്പിക്കുന്നതുകൊണ്ടും മനഃസമാധാനത്തെ ഹനിക്കുന്നതിനാലും നാം നമ്മുടെ ദുർഗ്ഗുണങ്ങളെ ഉൻമൂലനം ചെയ്യാനാവശ്യമാണ്.

സൂചന:— ദുർഗ്ഗുണങ്ങളെ ചെറുപ്പത്തിൽ തന്നെ ഉൻമൂലനം ചെയ്യുന്നതിന് അശ്രാന്ത പരിശ്രമം ചെയ്യേണ്ടതാണ്. എന്തുകൊണ്ടെന്നാൽ പ്രായം വൎദ്ധിച്ചു വരുംതോറും അതിനെ ജയിച്ചടക്കുവാനുള്ള വിഷമവും വർദ്ധിക്കും. ഒരുചെടിയെ നമുക്കു എളുപ്പത്തിൽ പിഴുതുകളയാം. എന്നാൽ അതു ഒരു വലിയ വൃക്ഷമായിത്തീരുമ്പോൾ പിഴുതുകളയുക പലപ്പോഴും അസാദ്ധ്യമായിത്തീരുന്നതാണ്. അപ്രകാരംതന്നെ ഒരുസിംഹം കുട്ടിയായിരിക്കുമ്പോൾ അതു വളരെ കൌതുകമുള്ളതായി നമുക്കു തോന്നുന്നു. അതിൻെറ ക്രൂരസ്വഭാവം അപ്പോൾ പ്രത്യക്ഷപ്പെടുന്നില്ല. നാം അപ്പോൾ ഭയപ്പെടുന്നുമില്ല. എന്നാൽ അതു വളൎന്നു ശക്തിപ്പെട്ടുമ്പോൾ എത്രഭയങ്കരനായിട്ടാണ് പ്രത്യക്ഷപ്പെടുന്നതു്? ആരാണ് അതിനെ സമീപിക്കാൻ ധൈര്യപ്പെടുക?

റോമൻ സാമ്രാജ്യത്തെ ക്രിസ്തീയ രക്തക്കടലിൽ ആറാടിച്ച നീറോ ചെറുപ്പമായിരിക്കുമ്പോൾതന്നെ അനിയന്ത്രിതങ്ങളായ അനേക ദുർഗ്ഗുണങ്ങൾക്കു അടിമയായിരുന്നു. അയാൾ ഒരിക്കൽ ഒരു മുറിതുറക്കുന്നതിനു ശ്രമിച്ചു സാധിക്കാതെ വന്നപ്പോൾ അടക്കാൻവയ്യാത്ത കോപത്തിനു അധീനനായിത്തീരുകയും താക്കോൽ പല്ലുകൊണ്ടു കടിച്ചു തിരിച്ചു മുറിതുറക്കുന്നതിനു ശ്രമിക്കുകയും ചെയ്തു എന്നു പറയപ്പെടുന്നു. അയാളുടെ ദുർഗ്ഗുണങ്ങൾ സ്വമാതാവിനെയും ഗുരുവിനെയും നിഷ്കരുണം വധിക്കുന്നതിനു കൂടെ ആ നിർഭാഗ്യവാനു് ഇടവരുത്തി. നോക്കണം നിഗ്രഹിക്കപ്പെടാത്ത ദുർഗ്ഗുണങ്ങളുടെ അവസാനം. ആകയാൽ "നീ നിൻെറ

ദുർഗ്ഗുണങ്ങളെ ജയിക്കുക. അങ്ങനെ ചെയ്യാത്തപക്ഷം അവ നിന്നെ ജയിക്കും" എന്നത് നാം നമ്മുടെ മുദ്രാവാക്യമായി സ്വീകരിക്കേണ്ടതാണ്.

ചോ. പ്രധാന ദുർഗ്ഗുണങ്ങൾ ഏവ?

ഉ. പ്രധാന ദുർഗ്ഗുണങ്ങൾ ഏഴാണ്. അവ അഹങ്കാരം, ദ്രവ്യാഗ്രഹം, മോഹം, അരിശം, കൊതി, അസൂയ, മടി എന്നിവയത്രെ.

സൂചന. ഈ ദുർഗ്ഗുണങ്ങൾ മററനേകം ദുർഗ്ഗുണങ്ങൾക്കും മൂലകാരണമായി സ്ഥിതി ചെയ്യുന്നതുകൊണ്ടാണ് അവയെ പ്രധാന ദുർഗ്ഗുണങ്ങൾ എന്നു വിളിക്കുന്നത്.

ചോ. ദുർഗ്ഗുണങ്ങളെ ഉൻമൂലനം ചെയ്യേണ്ടതു എങ്ങനെ?

ഉ. പ്രസ്തുത ദുർഗ്ഗുണങ്ങൾക്കു കാരണമായ പാപങ്ങളെ പരിവർജ്ജിക്കുകയും അവയ്ക്കെതിരായ സുകൃതങ്ങളെ അഭ്യസിക്കുകയും ചെയ്തുകൊണ്ടത്രെ അവയെ ഉന്മൂലനം ചെയ്യേണ്ടതു്.

വി. ഇങ്ങനെ അഹംഭാവം എളിമയാലും ദ്രവ്യാഗ്രഹം ഔദാര്യത്താലും മോഹം വിരക്തിയാലും അരിശം ക്ഷമയാലും കൊതി മിതഭോജനത്താലും അസൂയ സഹോദരസ്നേഹത്താലും മടി ഉത്സാഹത്താലും തീക്ഷ്ണതയാലും ജയിക്കാവുന്നതാണ്.

എല്ലാ ശത്രുക്കളോടും ഒന്നിച്ചെതിർത്തു് വിജയം നേടുന്നതു വളരെ നല്ലതാണെങ്കിലും അതു നമ്മുടെ പരിമിതശക്തിക്ക് പലപ്പോഴും സാദ്ധ്യമാകയില്ല. പാപങ്ങളിൽ നിന്നൊഴിഞ്ഞു ജീവിക്കുന്നതിനു പൊതുവായി പരിശ്രമിക്കുകയും ദുർഗ്ഗുണങ്ങളെ ഓരോന്നായി എടുത്തു അവയെ മൂലച്ഛേദം ചെയ്യുന്നതിനു യത്നിക്കുകയുമാണു വേണ്ടതു്. അതുകൊണ്ടു്, ദുർഗ്ഗുണങ്ങളുടെ ബാഹുല്യം നമ്മെ ഭയപ്പെടുത്തരുതു്. "പയ്യെത്തിന്നാൽ പനയും തിന്നാം" "എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്കെല്ലാം കഴിയും" എന്നിങ്ങനെയുള്ള ആപ്തവാക്യങ്ങളെ നമ്മുടെ ആദർശങ്ങളായി സ്വീകരിച്ചു പ്രവർത്തിക്കണം.

ചോ. അഹങ്കാരംഎന്നാൽ എന്തു്?

ഉ. ബഹുമാനം പ്രശംസ എന്നിവയെപ്പററിയുള്ള അനിയന്ത്രിതമായ ആഗ്രഹമാണ് അഹങ്കാരം.

സൂചന. ഇതു് മററെല്ലാ ദുർഗ്ഗുണങ്ങളുടെയും മൂലം എന്നു പറയുന്നതിൽ അബദ്ധമില്ല. എല്ലാവരെയും ഏറെക്കുറെ ബാധിച്ചിട്ടുള്ള ഏതെങ്കിലും ദുർഗ്ഗുണമുണ്ടെങ്കിൽ അതു് അഹങ്കാരമാണു്. അഹങ്കാരംവഴിയായി മാലാഖാമാർ ഉന്നതത്തിൽനിന്നു നരകത്തിൻെറ അഗാധത്തിൽ നിപതിച്ചു. ആദത്തിൻെറ വീഴ്ചയ്ക്കും ഇതായിരുന്നല്ലോ കാരണം. ദിവ്യരക്ഷകൻ എത്ര വിനീതനായി നമ്മുടെയിടയിൽ കാണപ്പെട്ടു എന്നുള്ളതു നാം ഒരിക്കലും വിസ്മരിക്കരുതു്. "ഞാൻ ഹൃദയശാന്തതയും എളിമയുമുള്ളവനാകുന്നു. എന്നിൽനിന്നു പഠിച്ചുകൊള്ളുവിൻ" എന്നുള്ള ദിവ്യരക്ഷകൻെറ ഉദ്ബോധനവും നാം എന്നും സ്മരിക്കേണ്ടതാണു്.

ചോ. ദ്രവ്യാഗ്രഹം എന്നാൽഎന്തു്?

ഉ. ലൗകികവസ്തുക്കളെക്കുറിച്ചുള്ള അമിതമായ ആഗ്രഹമാകുന്നു ദ്രവ്യാഗ്രഹം.

ചോ. മോഹം എന്നാൽ എന്തു്?

ഉ. മോഹം എന്നതു ജഡികസന്തോഷങ്ങളോടുള്ള ക്രമം കടന്ന ആഗ്രഹമാകുന്നു.

സൂചനഃ– ദ്രവ്യാഗ്രഹവും ദുർമോഹവും പലരേയും ബാധിച്ചിട്ടുള്ള ദുർഗ്ഗുണങ്ങളാകുന്നു.

ചോ. അരിശം എന്നാൽ എന്തു്?

ഉ. പകരം വീട്ടണമെന്നുള്ള ആഗ്രഹത്തോടുകൂടി മററുള്ളവർക്കെതിരായ മനഃക്ഷോഭം ആകുന്നു അരിശം.

ചോ. കൊതി എന്നാൽ എന്തു്?

ഉ. ഭക്ഷ്യപദാർത്ഥങ്ങൾക്കായി കാണിക്കുന്ന ക്രമമററ ആഗ്രഹമാകുന്നു കൊതി.

ചോ. അസൂയ എന്നാൽ എന്തു്?

ഉ. മററുള്ളവരുടെ നന്മയെ അതൃപ്തിയോടെ വീക്ഷിക്കുവാനിടയാക്കുന്ന ഒരു ദുഃശീലമാകുന്നു അസൂയ.

ചോ. മടി എന്നാൽ എന്തു്?

ഉ. സുകൃതാഭ്യാസങ്ങളിലും ചുമതലനിർവ്വഹണത്തിലും കാണിക്കുന്ന അനാസ്ഥയാകുന്നു മടി.

## VII

### മനസ്സാക്ഷി

ചോ. മനസ്സാക്ഷി എന്നാൽ എന്തു്?

ഉ. നാം ചെയ്യാൻ പോകുന്ന പ്രവൃത്തികളുടെ നന്മതിന്മയെപ്പററി വിധിക്കുന്ന ബുദ്ധിയുടെ പ്രവൃത്തിയത്രെ മനസ്സാക്ഷി.

സൂചന:– മനസ്സാക്ഷി വിധിക്കുക മാത്രമല്ല തദനുസരണമായ ഒരു അനുശാസനം കൂടെ നൽകുന്നു.

വി. ഒരാൾ ഏതെങ്കിലും ഒരധർമ്മം പ്രവർത്തിക്കാനാഗ്രഹിക്കുമ്പോൾ, ഉദാ. മോഷ്ടിക്കുവാൻ കരുതുമ്പോൾ, മോഷ്ടിക്കരുത് അതു പാപമാണ് എന്നൊരു ആന്തരികസ്വരം അയാൾ കേൾക്കുന്നു. ഇതിനെയത്രെ മനസ്സാക്ഷി എന്നു നാം പറയുന്നത്. ഇതു ഒരാൾ ചെയ്യാൻ പോകുന്ന പ്രവൃത്തികളുടെ മാത്രമല്ല ചെയ്തുകഴിഞ്ഞതിന്റേയും നന്മതിന്മകളെക്കുറിച്ച് തീരുമാനം ചെയ്യുന്നു.

ചോ. മനസ്സാക്ഷി എങ്ങനെയാണ് പ്രവൃത്തികളുടെ നന്മതിന്മയെ വിധിക്കുന്നത്.

ഉ. പ്രവൃത്തിയും പ്രമാണവും തമ്മിലുള്ള ബന്ധം ആലോചിച്ചുകൊണ്ടാണ് മനസ്സാക്ഷി പ്രവൃത്തികളുടെ നന്മതിന്മയെ വിധിക്കുന്നത്.

സൂചനഃ– ഒരു പ്രവൃത്തി നമ്മെ ഒരു പ്രത്യേക സാഹചര്യത്തിൽ എങ്ങനെയാണു ബാധിക്കുക? നമുക്കു അതു ചെയ്യാൻ ചുമതലയുണ്ടോ? ഉണ്ടെങ്കിൽതന്നെ അതു ഗൌരവമായ ചുമതലയാണോ അല്ലയോ? അതു പ്രവർത്തിക്കുന്നതു അല്ലെങ്കിൽ ഉപേക്ഷിക്കുന്നതു ഏതു തരത്തിലുള്ള പാപമാകും? എന്നെല്ലാം മനസ്സാക്ഷി ചൂണ്ടിക്കാണിക്കും. മനസ്സാക്ഷി വ്യക്തമായി കാണിക്കുന്നതിനു അനുസരിച്ചു വർത്തിച്ചാൽ അതു ഒരിക്കലും കുററകരമാകയില്ല.

ചോ. മനസ്സാക്ഷിയുടെ അനുശാസനം അനുസരിക്കുതിനു നമുക്കു കടമുണ്ടോ?

ഉ. ഉണ്ട്. എന്തുകൊണ്ടെന്നാൽ അതു നമ്മുടെ ഹൃദയത്തിൽ സംസാരിക്കുന്ന ദൈവസ്വരമാകുന്നു.

സൂചനഃ– മനസ്സാക്ഷിയുടെ സ്വരം എന്നറിയപ്പെടുന്ന ഈ ദിവ്യസ്വരം നമ്മുടെ പ്രവൃത്തികളിൽ ഏററം രഹസ്യമായവയെക്കൂടെയും നിർദ്ദാക്ഷിണ്യം വിധിക്കുകയും കുററങ്ങളെ നിശിതമായി ശകാരിക്കുകയും ചെയ്യുന്നതു കാണാം. ഇതുകൊണ്ടാണു നമ്മുടെ മനസ്സാക്ഷിയ്ക്കെതിരായി നാം പ്രവർത്തിക്കുമ്പോൾ നമുക്ക് അസ്സമാധാനവും, അതൃപ്തിയും, ഭയവും അനുഭവപ്പെടുന്നത്.

മനസ്സമാധാനത്തിനുള്ള ഏക മാർഗ്ഗം മനസ്സാക്ഷിയുടെ നിർദ്ദേശാനുസരണം വർത്തിക്കുകയത്രെ.

മനസ്സാക്ഷി എപ്പോഴും ഉണൎവ്വോടിരുന്നു. നമ്മുടെ തെറ്റുകളെ ചൂണ്ടിക്കാണിക്കുകയും അതതു സാഹചര്യങ്ങളിൽ നാം എന്തു ചെയ്യണമെന്നാണ് ദൈവംഇഷ്ടമാകുന്നതെന്ന് നമ്മെ അനുസ്മരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കും. ഈ ദിവ്യസ്വരത്തിന്നനുസരിച്ച് എപ്പോഴും വർത്തിച്ചുവരുന്നവൻ ഭാഗ്യവാൻ. എന്തുകൊണ്ടെന്നാൽ മനസ്സാക്ഷിയുടെ സ്വരത്തെ അനുസരിക്കുന്നതിൽ വിശ്വസ്തത കാണിക്കുന്നവരോട് ദൈവം ഏററവും വിശ്വസ്തതയോടും സ്നേഹത്തോടുംകൂടി വർത്തിക്കുകയും തന്റെ തിരുച്ചിത്തം കൂടുതൽ വ്യക്തമായി അവരെ അറിയിച്ച് അവരെ ധന്യരാക്കുകയും ചെയ്യും. നേരെമറിച്ച് ഈ ദിവ്യസ്വരത്തെ അവഗണിച്ചു പ്രവൎത്തിക്കുന്നവർ പ്രായേണ വലിയ നിർഭാഗ്യക്കുഴിയിൽ നിപതിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ ജീവിതത്തിന്റെ ഓരോവിനാഴികയിലും അവൎക്ക് നേർവഴി കാണിക്കുന്ന ആ ദിവ്യസ്വരം കേൾക്കുന്നതിന് ക്രമേണ അവൎക്ക് നിവ്വാഹമില്ലാതാകയും കാററിൽപ്പെട്ടുലയുന്ന ചുക്കാനില്ലാത്ത തോണിപോലെ ലക്ഷ്യമില്ലാതെ ചുററിത്തിരിയുന്നതിന് ഇടവരികയും ചെയ്യും.

ചോ. മനസ്സാക്ഷി എത്ര തരമുണ്ട്?

ഉ. 1) തീർച്ചയുള്ളത് 2) തീർച്ചയില്ലാത്തത് 3) ശരിയായത് 4) തെററായത് 5) സംശയമുള്ളത് 6) അയഞ്ഞത് എന്നിങ്ങനെ മനസ്സാക്ഷികൾ പലതരമുണ്ട്.

വി. 1) ഇന്നതു ചെയ്യണം ഇന്നതു അരുത് എന്ന് തീർച്ചയായി മനസ്സാക്ഷി നമ്മോടു നിർദ്ദേശിക്കുമ്പോൾ തദനുസരണം വർത്തിക്കുവാൻ നാം ചുമതലക്കാരാണ്. അങ്ങനെ ഖണ്ഡിതമായ ഒരുനിർദ്ദേശം മനസ്സാക്ഷി നൽകാത്തപക്ഷം അതു തീർച്ചയില്ലാത്ത മനസ്സാക്ഷിയാണ്. 2) തക്കകാരണം കൂടാതെ പാപമില്ലാത്തിടത്ത് പാപമുണ്ടെന്നൊ അല്പപാപം മാത്രമാകുന്നത് വലിയപാപമെന്നോ വിഷാദിച്ച് ഭയപ്പെടുന്നതത്രെ സംശയ മനസ്സാക്ഷി. ഈദൃശ ചഞ്ചലമനസ്സാക്ഷിയുള്ളവർ കുമ്പസാരക്കാരനു പൂൎണ്ണമായി കീഴ്‌വഴങ്ങി മനസ്സാക്ഷിയെ ഉറപ്പിക്കുവാൻ ശ്രമിക്കുകയും അതിനായിതീക്ഷ്ണതയോടെ പ്രാൎത്ഥിക്കുകയും വേണം. 3) പ്രവൃത്തികളുടെ നന്മതിന്മയേക്കുറിച്ചു ഗൗനിക്കാതെ എന്തായാലും

മോശമില്ല എന്നവിധത്തിൽ വർത്തിക്കുന്നവരത്രെ അയഞ്ഞ മനസ്സാക്ഷിക്കാർ. ഇങ്ങനെയുള്ളവർ നിത്യ നാശത്തിൻെറ മാർഗ്ഗത്തിലൂടെയത്രെ തങ്ങൾ ചരിക്കുന്നതെന്ന് പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്.

സൂചന:— തീർച്ചയില്ലാത്ത മനസ്സാക്ഷിയും സംശയമനസ്സാക്ഷിയും ഒന്നല്ല. ഒരു പ്രവൃത്തിയുടെ നന്മതിന്മയെക്കുറിച്ചു തക്കജ്ഞാനമില്ലാത്തതിനാൽ തീർച്ചയായ ഒരു വിധി ചെയ്യുന്നതിന് ഒരുവനു സാധിക്കാതെ വരുന്നു. ഇങ്ങനെയുള്ളവൻെറ മനസ്സാക്ഷി തീർച്ചയില്ലാത്ത മനസ്സാക്ഷിയാണ്. ഇയാൾക്കു വേണ്ട അറിവുണ്ടാകുമ്പോൾ തീർച്ചയായ ഒരു വിധി ചെയ്യുന്നതിന് യാതൊരു പ്രയാസവുമുണ്ടാകുന്നതല്ല. എന്നാൽ സംശയ മനസ്സാക്ഷി ഇതിൽനിന്ന് വളരെ വ്യത്യസ്തമാണെന്നു മുൻപ്രസ്താവിച്ചതിൽനിന്നു വ്യക്തമാകുന്നതാണല്ലൊ.

"ഒരു ദിവ്യാത്മാവ് നമ്മിൽ വസിക്കുന്നുണ്ട്. താൻ നമ്മെ സംരക്ഷിക്കുകയും, നമ്മിൽ നന്മയും തിന്മയുമായുള്ളതെല്ലാം ത്രുക്കൺപാർത്ത് നിർണ്ണയം ചെയ്കയും ചെയ്യുന്നു." സേനക്കാ.

പ്രശാന്തവും പരിപാവനവുമായി നമ്മിൽ ശബ്ദിക്കുന്ന ആ ആന്തരികസ്വരം ശ്രവിക്കുന്നതിൽ നാം ഇത്ര വിമുഖന്മാരായിരിക്കുന്നതു് എത്രയോ കഷ്ടമാണ്! ദൈവമാണ് നമ്മിൽ നിമന്ത്രിക്കുന്നതു്. തൻെറ സ്വരം മൃതലമാണെങ്കിലും അതു് സുവ്യക്തമത്രെ. നാം എന്തുചെയ്യണം, എന്തു പരിവജ്ജിക്കണം, എന്നത്രെ അതു് നമ്മെ ഉദ്ബോധിപ്പിക്കുന്നതു്." ഗോത്തേ.

# രണ്ടാം ഭാഗം.

## നിയമദാതാവായ ദൈവം

ലോകജീവിതം നിത്യജീവിതത്തിലേയ്ക്കുള്ള സോപാനമത്രെ. ലോകത്തിൽ നമുക്കു നിർവ്വഹിക്കുവാനുള്ള ഏററവും വലിയ ചുമതല ഉത്തമമായ ഒരു ജീവിതം വഴിയായി നിത്യജീവിതത്തിനു നമ്മെ സജ്ജീകരിക്കുക എന്നുള്ളതാകുന്നു. എന്നാൽ ജീവിതത്തെ നാം പാവനമാക്കിച്ചെയ്യേണ്ടതു് നമ്മുടെ പ്രവൃത്തികളെ നിയമാനുസരണം അഥവാ പ്രമാണാനുസരണം നിയന്ത്രിച്ചുകൊണ്ടാണല്ലോ. ആകയാൽ പ്രമാണാനുസരണം ജീവിക്കുന്നതിനായിരിക്കണം നമ്മുടെ പ്രധാനയത്നം. അതിനാൽ പ്രമാണങ്ങളെ പഠിച്ചു മനസ്സിലാക്കേണ്ടതു് ആവശ്യമാണു്.

പ്രമാണങ്ങളാവട്ടെ, അവ ഏതു തരത്തിൽ പെട്ടവയായാലും, എല്ലാം ദൈവത്തിൽനിന്നുള്ളവയാകുന്നു. അതുകൊണ്ടാണു് പ്രമാണങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ ഭാഗത്തിനു് 'നിയമദാതാവായ ദൈവം' എന്ന സംജ്ഞ നൽകിയിരിക്കുന്നതു്.

### I

### നിയമം

ചോ. നിയമം അഥവാ പ്രമാണം എന്നാൽ എന്തു്?

ഉ. അധികാരമുള്ള ആൾ അയാളുടെ അധികാരത്തിൽ പെട്ടവരുടെ നന്മയെ ഉദ്ദേശിച്ചു പ്രഖ്യാപനം ചെയ്യുന്ന ഒരു ശാശ്വത ക്രമീകരണമത്രെ നിയമം.

വി. നിയമം 1) ശാശ്വതമായിരിക്കണം, 2) നിയമനിർമ്മാണത്തിനു് അധികാരമുള്ളവരിൽനിന്നായിരിക്കണം, 3) പൊതുനന്മയെ ഉദ്ദേശിച്ചുള്ളതായിരിക്കണം, 4) മുറയ്ക്കു പ്രഖ്യാപനം ചെയ്യപ്പെട്ടതായിരിക്കണം.

കൂടാതെയും നിയമം നിർദ്ദേശിക്കുന്ന സംഗതി നീതിപരവും കഴിവുള്ളതും ആയിരിക്കേണ്ടതു കൂടാതെ അവശ്യം അഥവാ ഉപകാരമുള്ളതുകൂടി ആകേണ്ടതാണ്.

ചോ. നിയമം എങ്ങനെ വിഭജിക്കപ്പെടുന്നു?

ഉ. സ്വാഭാവിക നിയമമെന്നും സ്ഥാപിതനിയമമെന്നും നിയമം രണ്ടായി വിഭജിക്കപ്പെടുന്നു.

ചോ. സ്വാഭാവിക നിയമം എന്നാൽ എന്ത്?

ഉ. നാം എന്തുചെയ്യണം എന്തു വർജ്ജിക്കണം എന്ന് നമ്മെ ഉൽബോധിപ്പിക്കുന്നതിന് ദൈവം പ്രകൃത്യാ നമ്മിൽ നിക്ഷേപിച്ചിട്ടുള്ള ബുദ്ധിയുടെ പ്രകാശം അഥവാ ബുദ്ധിയുടെ പ്രകാശം കൊണ്ടറിയുന്ന പ്രമാണങ്ങൾ അത്രെ സ്വാഭാവിക നിയമം.

വി. വിശേഷബുദ്ധിയില്ലാത്തവയെ സ്വഭാവ വാസനകൾ വഴിയായിട്ടത്രെ അവയുടെ ലക്ഷ്യത്തിലേയ്ക്കു ദൈവം നയിക്കുന്നതു്. എന്നാൽ വിശേഷബുദ്ധിയും സ്വാതന്ത്ര്യവുമുള്ള മനുഷ്യനെ ഉദ്ദിഷ്ടലക്ഷ്യത്തിലേയ്ക്കു നയിക്കുന്നതിന്, ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ അവനെ അറിയിക്കേണ്ടതു ആവശ്യമാണല്ലൊ. ഇതിനായി ദൈവം നേരിട്ടും തൻെറ പ്രതിനിധികൾ വഴിയായും അനേകം നിയമങ്ങൾ അവന് കൊടുത്തിട്ടുണ്ട്. എന്നാൽ അവയിൽ ഏററം മൌലികമായവയെ മനുഷ്യ ഹൃദയത്തിൽ തന്നെ ദൈവം ഉല്ലേഖനം ചെയ്യുകയാണ് ചെയ്തിട്ടുള്ളതു്. അവയത്രെ സ്വാഭാവിക നിയമം.

ചോ. സ്വാഭാവിക നിയമം അനുസരിക്കുവാൻ എല്ലാവരും കടപ്പെട്ടുന്നുവോ?

ഉ. ഉവ്വ്. സ്വഭാവ പ്രമാണം അനുസരിക്കുവാൻ എല്ലാവരും കടപ്പെട്ടുന്നു. എന്തെന്നാൽ അതു സുബുദ്ധി വഴിയായി ദൈവം നൽകുന്ന നിർദ്ദേശമാകുന്നു.

വി. സ്വഭാവ നിയമങ്ങൾ ഏറെക്കുറെ എല്ലാവർക്കും അറിയാം. എന്നാൽ ദുർവ്യാപാരം വഴിയായി സ്വഭാവ നിയമങ്ങളുടെ ഈ ജ്ഞാനം മനുഷ്യനിൽ ഇരുളടഞ്ഞേക്കാം. എങ്കിലും അവ മനുഷ്യഹൃദയത്തിൽനിന്ന് ഒരിക്കലും മുഴുവനായി മായിച്ചുകളയപ്പെടുകയില്ല.

ചോ. സ്ഥാപിത നിയമങ്ങൾ എന്നാൽ എന്ത്?

ഉ. ദൈവം നേരിട്ടോ, തൻെറ പ്രതിനിധികൾ മൂലമായോ പ്രഖ്യാപനം ചെയ്തിട്ടുള്ള നിയമങ്ങളത്രെ സ്ഥാപിത നിയമങ്ങൾ.

ചോ. സ്ഥാപിത നിയമങ്ങൾ എങ്ങനെ വിഭജിക്കപ്പെടുന്നു?

ഉ. ദൈവികമെന്നും മാനുഷികമെന്നും രണ്ടായി സ്ഥാപിത നിയമങ്ങൾ വിഭജിക്കപ്പെടുന്നു.

വി. ദൈവം നേരിട്ടു വെളിപ്പെടുത്തിയിട്ടുള്ളവയെ നാം ദൈവിക നിയമങ്ങളെന്നു പറയുന്നു. ദിവ്യരക്ഷകൻ തൻെറ സുവിശേഷങ്ങൾ വഴിയായി ഏർപ്പെടുത്തിയിട്ടുള്ളവ താദൃശ്യനിയമങ്ങളത്രെ. ഉദാ. മാമ്മോദിസാ സ്വീകരിക്കണം, പാപങ്ങൾ ഏറുപറയണം എന്നും മററും ഉള്ളവ. ദൈവത്തിൻെറ പ്രതിനിധിയായ മനുഷ്യൻ ഏർപ്പെടുത്തിയിട്ടുള്ളതാണു് മാനുഷിക നിയമം.

ചോ. മാനുഷിക നിയമങ്ങൾ എത്ര തരമുണ്ടു്?

ഉ. സഭാ നിയമങ്ങൾ, രാഷ്ട്രീയ നിയമങ്ങൾ (സിവിൽ നിയമങ്ങൾ) എന്നിങ്ങനെ മാനുഷിക നിയമങ്ങൾ രണ്ടു തരമുണ്ടു്.

വി. സഭാനിയമങ്ങൾ തിരുസഭാധികാരികൾ മിശിഹായിൽനിന്നു് അവക്കു ലഭിച്ചിട്ടുള്ള അധികാരം പ്രയോഗിച്ചു് ഉണ്ടാക്കുന്നവകളത്രെ. രാഷ്ട്രീയ നിയമങ്ങളാവട്ടെ രാഷ്ട്രീയാധികാരികൾ ഉണ്ടാക്കുന്ന നിയമങ്ങളാകുന്നു.

സൂചനഃ— രാഷ്ട്രം സ്വാഭാവികമായ ഒരു സമുദായമാണു്. നിയമനിർമ്മാണം ശിക്ഷണം മുതലായവയെ ബന്ധിച്ചു് നിയമാവലികളെ ഏർപ്പെടുത്തുന്നതിനു് പ്രകൃതിയുടെ നാഥനായ ദൈവത്തിൽനിന്നുതന്നെയാണു് അതിനു് അധികാരം സിദ്ധിച്ചിട്ടുള്ളതു്. സഭയും ഒരു സമുദായമാണു്. അതിനും താദൃശനിയമങ്ങൾ നിർമ്മിക്കുന്നതിനും നിയമങ്ങളെ ലംഘിക്കുന്നവരെ ശിക്ഷിക്കുന്നതിനും അധികാരമുണ്ടു്. സഭ, രാഷ്ട്രത്തിനു് മേലുള്ളതാണെന്നു് അതിൻെറ ലക്ഷ്യത്തിൻെറ ഉന്നതിയിൽ നിന്നുവ്യക്തമാകുന്നു. ആകയാൽ രാഷ്ട്രീയനിയമങ്ങൾ, സ്വാഭാവിക നിയമങ്ങൾക്കോ, ദൈവിക പ്രമാണങ്ങൾക്കോ, സഭാനിയമങ്ങൾക്കോ എതിരായിരിപ്പാൻ പാടില്ല.

II

# ദൈവ പ്രമാണങ്ങൾ—അഥവാ

## പത്തു പ്രമാണങ്ങൾ

ചോ. ദൈവ പ്രമാണങ്ങളിൽവച്ച് പ്രധാനമായവ ഏവ?

ഉ. സീനാമലയിൽവച്ച് മൂശവഴിയായി ദൈവം നമുക്കുനൽകിയ പത്തുപ്രമാണങ്ങളത്രെ ദൈവപ്രമാണങ്ങളിൽ വച്ച് പ്രധാനമായവ.

സൂചനഃ— ദൈവം മനുഷ്യഹൃദയത്തിൽ ഉല്ലേഖനം ചെയ്തിട്ടുള്ളവയാണല്ലോ സ്വാഭാവിക പ്രമാണങ്ങൾ. ഇവ ഏറെക്കുറെ എല്ലാവർക്കും അറിയാമെങ്കിലും അധഃപതനംമൂലം മനുഷ്യർക്ക് അവയെ വേണ്ടവിധം ഗ്രഹിക്കുന്നതിന് പലപ്പോഴും സാധിക്കാതെവരുന്നു. ഈ അജ്ഞതയെ പരിഹരിച്ച് മനുഷ്യനെ ദൈവത്തോടു ബന്ധിക്കുന്ന ശൃംഖലയുടെ പത്തുകണ്ണികളായിട്ടാണ് ദൈവപ്രമാണങ്ങൾ പത്തും സ്ഥിതിചെയ്യുന്നത്.

ദൈവം ഈ പ്രമാണങ്ങൾ കൊടുത്തത് സീനാ മലപ്പുറത്തുവച്ചാണല്ലോ. തദവസരത്തിൽ മൂശക്കും അഹറോനും മാത്രമേ മലയിൽ കേറുവാൻ അനുവദിക്കപ്പെട്ടിരുന്നുള്ളു. മറ്റുള്ളവരാരും നിശ്ചിത അതിർത്തിവിട്ട് മലയെ സമീപിക്കരുതെന്ന് വിലക്കിയിരുന്നു. അതി ഭയങ്കരമായ ഇടിയുടേയും മിന്നലിന്റേയും കാഹളസ്വരത്തിന്റേയും മദ്ധ്യേയത്രെ ദൈവം പ്രസ്തുത പ്രമാണങ്ങളെ നൽകിയത്. ഇത് നാം അവയെ കാക്കാതിരുന്നാൽ എത്രയും ഭയങ്കരമായ ശിക്ഷ രാജാധിരാജനായ ദൈവത്തിൽനിന്ന് നമുക്കുണ്ടാകുമെന്ന് നമ്മെ ഉൽബോധിപ്പിക്കുവാനായിരുന്നു.

ചോ. പത്തുപ്രമാണങ്ങൾ ഏവയാകുന്നു?

ഉ. i നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു. ഞാനല്ലാതെ മറെറാരു ദൈവം നിനക്കുണ്ടാകരുത്.

ii ദൈവത്തിന്റെ തിരുനാമം വൃഥാപ്രയോഗിക്കരുത്.

iii ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും ശുദ്ധമായി ആചരിക്കുക.

iv നല്ല പ്രായത്തോളം ഭൂമിയിങ്കൽ ഇരിപ്പാനായിട്ട് അപ്പനേയും അമ്മയേയും ബഹുമാനിച്ചുകൊൾക.

v കൊല്ലരുത്

vi വ്യഭിചാരം ചെയ്യരുത്.

vii മോഷ്ടിക്കരുത്.

viii കള്ളസാക്ഷി പറയരുത്.

ix അന്യന്റെ ഭാര്യയെ ആഗ്രഹിക്കരുത്.

x അന്യന്റെ വസ്തുക്കളെ ആഗ്രഹിക്കരുത്.

ചോ. പത്തുപ്രമാണങ്ങളെ എങ്ങനെ വിഭജിക്കാം?

ഉ. ദൈവത്തോടുള്ള നമ്മുടെ കടമകളെ സംബന്ധിക്കുന്നവയെന്നും മനുഷ്യരോടുള്ള നമ്മുടെ കടമകളെ സംബന്ധിക്കുന്നവയെന്നും ഇങ്ങനെ രണ്ടായി വിഭജിക്കാം.

വി. ആദ്യത്തെ മൂന്നു പ്രമാണങ്ങളും ദൈവത്തെ സംബന്ധിക്കുന്നവയും ബാക്കിയുള്ള ഏഴും നമ്മുടെ അയൽക്കാരായ മറ്റുമനുഷ്യരെ സംബന്ധിക്കുന്നവയുമാണ്.

ഈ പത്തുപ്രമാണങ്ങളിൽ കല്പിക്കപ്പെടുന്നവ രണ്ടു പ്രമാണങ്ങളിൽ സംഗ്രഹിക്കാവുന്നവയത്രെ. ഈ പ്രമാണങ്ങൾ i എല്ലാററിനേക്കാൾ ഉടയതമ്പുരാനെ സ്നേഹിക്കുന്നതു്. ii തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മറെറല്ലാവരേയും സ്നേഹിക്കുന്നതു്.

സൂചന:— ദൈവം പത്തുപ്രമാണങ്ങളെ രണ്ടു കല്പനകളിന്മേലായിട്ടാണ് മൂശെയ്ക്കു് എഴുതികൊടുത്തതു്. അവയിൽ ഒന്നിന്മേൽ ദൈവത്തെ സംബന്ധിക്കുന്നവയും മറേറതിന്മേൽ മററു മനുഷ്യരെ സംബന്ധിക്കുന്നവയുമത്രേ എഴുതപ്പെട്ടിരുന്നതു്.

ചോ. ഓരോ പ്രമാണങ്ങളിലും നാം പ്രത്യേകം മനസ്സിലാക്കേണ്ട സംഗതികൾ ഏവ?

ഉ. ഓരോ പ്രമാണങ്ങളിലും, കല്പിക്കുന്നതും മുടക്കുന്നതും ഉണ്ടു്. അവയെ നാം പ്രത്യേകം മനസ്സിലാക്കേണ്ടതാണ്.

ചോ. ദൈവപ്രമാണങ്ങളെ അനുസരിച്ചു നടപ്പാൻ നമുക്കു കടമയുണ്ടോ?

ഉ. ദൈവപ്രമാണങ്ങളെ അനുസരിച്ചു നടപ്പാൻ നമുക്കെല്ലാവർക്കും കടമയുണ്ടു്. എന്തുകൊണ്ടെന്നാൽ നമ്മെ സൃഷ്ടിച്ചദൈവത്തിന്റെ തിരുമനസ്സിന്നൊത്തവണ്ണം നാം ജീവിക്കേണ്ടിയിരിക്കുന്നു.

ചോ. പ്രമാണങ്ങളെ അനുസരിച്ചു നടപ്പാൻ നമ്മാൽ സാധിക്കുമോ?

ഉ. ഉവ്വ്. പ്രമാണങ്ങളെ അനുസരിച്ചു നടപ്പാൻ സന്ദേഹം കൂടാതെ നമ്മാൽ സാധിക്കും. എന്തുകൊണ്ടെന്നാൽ അസാദ്ധ്യമായതു ദൈവം നമ്മോടു കല്പിക്കുന്നതല്ല. അവയെ അനുസരിച്ചു നടപ്പാനുള്ള വരപ്രസാദം വേണ്ടും വിധം അപേക്ഷിക്കുന്നവർക്ക് താൻ സമൃദ്ധിയായി നൽകുകയും ചെയ്യും. അവയിൽ ഒന്നുപോലും ഗൗരവമായ സംഗതിയിൽ ലംഘിക്കുന്നതു നരകത്തിനു നമ്മെ പാത്രവാന്മാരാക്കുവാൻ മതിയാകുന്നതാണ്.

വി. മിശിഹാ പ്രസ്തുത പ്രമാണങ്ങളെ റദ്ദ് ചെയ്തിട്ടില്ലെന്നുമാത്രമല്ല അവയെ പരിപൂർണ്ണമാക്കുകകൂടെ ചെയ്തിട്ടുണ്ട്. അവ മുക്തിപ്രാപ്തിക്കു ഒഴിച്ചുകൂടാത്ത മാർഗ്ഗമാണെന്നത്രെ ദിവ്യരക്ഷകൻ പ്രസ്താവിച്ചിട്ടുള്ളത്.

## ഒന്നാം പ്രമാണം

"നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു
ഞാനല്ലാതെ മറെറാരു ദൈവം നിനക്കുണ്ടാകരുത്."

ചോ. ഒന്നാംപ്രമാണം കല്പിക്കുന്നവ ഏവ?

ഉ. ആരാധന, പ്രാർത്ഥന, വിശുദ്ധന്മാരോടുള്ള വണക്കം, തിരുശ്ശേഷിപ്പുകളോടും സ്വരൂപങ്ങളോടുമുള്ള വണക്കം, എന്നിങ്ങനെയുള്ളവയാണ് ഒന്നാം പ്രമാണം കല്പിക്കുന്നത്?

ചോ. ആരാധന എന്നാൽ എന്ത്?

ഉ. ദൈവത്തിന്റെ അപരിമിത നന്മകൾ പരിഗണിച്ച് തനിക്കു ചെയ്യുന്ന അത്യുന്നതമായ വണക്കമത്രെ ആരാധന.

ചോ. ആരാധന എത്ര തരമുണ്ട്?

ഉ. ആന്തരികം ബാഹ്യം എന്നിങ്ങനെ ആരാധന രണ്ടു തരമുണ്ട്.

ചോ. ആന്തരികാരാധന എന്നാൽ എന്ത്?

ഉ. ആത്മാവിൻെറ ആന്തരികശക്തികളായ ബുദ്ധിയും മനസ്സുംകൊണ്ടു് ദൈവത്തിനർപ്പിക്കുന്ന ആരാധനയത്രെ ആന്തരികാരാധന.

വി. ഇതു് വിശ്വാസം, ശരണം, ഉപവി എന്ന പുണ്യങ്ങളുടെ പ്രകരണങ്ങൾ വഴിയായി സാധിക്കാവുന്നതാണു്.

ചോ. ബാഹ്യാരാധന എന്നാൽ എന്തു്?

ഉ. ബാഹ്യപ്രവൃത്തികളാലും ഇന്ദ്രിയഗോചരങ്ങളായ വസ്തുക്കൾമൂലവും ദൈവത്തിനു സമർപ്പിക്കുന്ന വണക്കമാകുന്നു ബാഹ്യാരാധന.

വി. 1. ദൈവം നമ്മുടെ ആത്മാവിൻെറ മാത്രമല്ല ശരീരത്തിൻെറകൂടെയും സ്രഷ്ടാവാണു്, പരമകർത്താവാണു്. ആകയാൽ ആഭ്യന്തരമായി ഹൃദയംകൊണ്ടുമാത്രം ദൈവത്തെ ആരാധിച്ചാൽ മതിയാകയില്ല. 2. ബാഹ്യാരാധന ആന്തരികാരാധന കൂടാതെ ഉണ്ടാകുവാൻ പാടില്ല. ബുദ്ധിയുടെയും മനസ്സിൻെറയും ആന്തരികപ്രവൃത്തികളാണു് ബാഹ്യാരാധനയ്ക്കു് ജീവനും ചൈതന്യവും പ്രദാനം ചെയ്യുന്നതു്. ആകയാൽ ആന്തരികാരാധനയോടു സംഘടിതമല്ലെങ്കിൽ ബാഹ്യാരാധന ജീവനില്ലാത്തതും യോഗ്യതയും ഫലസിദ്ധിയും ഇല്ലാത്തതുമായിരിക്കും.

ചോ. പ്രാർത്ഥന എന്നാൽ എന്തു്?

ഉ. ദൈവത്തിൻ പക്കലേയ്ക്കുള്ള മനസ്സിൻെറ ഉയർത്തൽ അത്രെ പ്രാർത്ഥന.

സൂചന:- നമ്മുടെ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും ദൈവത്തെ നാം അറിയിക്കുന്നതു് തനിക്കു അവ അജ്ഞാതമായതുകൊണ്ടല്ല. താൻ അനന്തജ്ഞാനിയാണു്. നമ്മുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും ഒന്നൊഴിയാതെ താൻ അറിയുന്നു. എന്നിരുന്നാലും ഈ ആഗ്രഹങ്ങളുടെയും ആവശ്യങ്ങളുടെയും പ്രകടനം താൻ നമ്മിൽ നിന്നാവശ്യപ്പെടുന്നു. ഇതിന്നു് അനേകകാരണങ്ങൾ ഉണ്ടു്. 1. നമുക്കു ആവശ്യമുള്ളവ എല്ലാം പ്രദാനം ചെയ്യുന്നതിന്നു് ദൈവത്തിനു കഴിയുമെന്നും തനിക്കു് മാത്രമേ കഴിയൂ എന്നും പ്രാർത്ഥനവഴിയായി നാം ഏററുപറയുന്നു. 2. പ്രാർത്ഥനവഴിയായി നമ്മുടെ പുണ്യയോഗ്യതവർദ്ധിക്കുന്നു. ദൈവമഹത്വത്തിനുള്ള ധർമ്മുടെ അതിയായ ആഗ്രഹം നാം പ്രകടമാക്കുന്നു 3. മിശിഹാ പ്രാർത്ഥിക്കുവാൻ നമ്മോടു കല്പിക്കുകയും സ്വപ്രവൃത്തിയാൽ നമുക്കു മാതൃക നൽകുകയുംചെയ്തു.

ചോ. നാം പ്രാർത്ഥിക്കുന്നത് എന്തിനായിട്ടാണ്?

ഉ. ദൈവത്തെ ആരാധിക്കുന്നതിനും തന്നിൽനിന്ന് നമുക്ക് ലഭിച്ചിട്ടുള്ള നന്മകൾക്ക് തനിക്ക് നന്ദിപറയുന്നതിനും, ചെയ്തുപോയ പാപങ്ങൾക്ക് മോചനം അഭ്യർത്ഥിക്കുന്നതിനും. നമ്മുടെ ആത്മാവിനും ശരീരത്തിനും ആവശ്യമുള്ള നന്മകൾ യാചിക്കുന്നതിനും അത്രെ നാം പ്രാർത്ഥിക്കുന്നത്.

സൂചന:– നമുക്കാവശ്യമുള്ള ദൈവവരപ്രസാദങ്ങൾക്കായി നാം യാചിക്കുമ്പോൾ ദൈവം അവ നമുക്ക് തരുമെന്നുള്ള പ്രതീക്ഷ ദൈവത്തിൻെറ അത്യന്ത കരുണയിലും സർവ്വശക്തിയിലും വിശ്വസ്തതയിലും മാത്രമല്ല നമ്മുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളിലും അത്രെ അടിസ്ഥാനപ്പെട്ടിരിക്കുന്നത്.

“എൻെറ നാമത്തിൽ നിങ്ങൾ എൻെറ പിതാവിനോടു യാചിക്കുന്നതെല്ലാം താൻ നിങ്ങൾക്കു തരും” എന്നു ദിവ്യഗുരു നമുക്കു ഉറപ്പു നൽകിയിട്ടുണ്ട്. അതുകൊണ്ടാണ് നമ്മുടെ പ്രാർത്ഥനകളെല്ലാം ദൈവത്തിൻെറ ഏകജാതനും നമ്മുടെ രക്ഷകനുമായ ഈശോമിശിഹായുടെ നാമത്തിൽ നാം ഉപസംഹരിക്കുന്നത്.

ചോ. പ്രാർത്ഥനയെ എങ്ങനെ വിഭജിക്കാം?

ഉ. മാനസികപ്രാർത്ഥന, വാചാപ്രാർത്ഥന, എന്നിങ്ങനെ പ്രാർത്ഥനയെ രണ്ടായി വിഭജിക്കാം.

വി. മാനസികപ്രാർത്ഥന ഹൃദയംകൊണ്ടു ചെയ്യപ്പെടുന്നതാകുന്നു. വാചാപ്രാർത്ഥനയാകട്ടെ ബോധത്തിൻെറ ശ്രദ്ധയോടും ഹൃദയത്തിൻെറ ഭക്തിയോടുംകൂടി വാക്കുകൾകൊണ്ടു ചെയ്യപ്പെടുന്നു.

സൂചന:— സ്വകാര്യപ്രാർത്ഥന, പൊതുവായ പ്രാർത്ഥന എന്നിങ്ങനെയും പ്രാർത്ഥനയ്ക്കു വേറൊരു വിഭജനം ഉണ്ട്.

ചോ. സ്വകാര്യപ്രാർത്ഥന എന്നാൽ എന്ത്?

ഉ. ഓരോരുത്തൻ തനിക്കുതന്നെയോ മററുള്ളവർക്കു വേണ്ടിയോ ചെയ്യുന്ന അപേക്ഷയാകുന്നു സ്വകാര്യപ്രാർത്ഥന.

ചോ. പൊതുവായ പ്രാർത്ഥന എന്നാൽ എന്ത്?

ഉ. തിരുസ്സഭയുടെപേരിലും വിശ്വാസികളുടെ രക്ഷയ്ക്കായും ദൈവശുശ്രൂഷകന്മാരാൽ നടത്തപ്പെടുന്ന അപേക്ഷയാകുന്നുപൊതുവായ പ്രാർത്ഥന.

ചോ. പ്രാത്ഥന നമുക്കാവശ്യമാണോ?

ഉ. പ്രാത്ഥന നമുക്കാവശ്യമാണ്.

വി. പ്രായപൂത്തിവന്നവക്കു പ്രാത്ഥന ഒരു ഉപാധി എന്ന നിലയിൽ ആവശ്യമാണ്. കാരണം ഫലപ്രദമായ കൃപാവരങ്ങളും അവസാനംവരെയുള്ള നിലനിൽപും പ്രാത്ഥനവഴിയായി ലഭിക്കണമെന്നത്രെ ദൈവതിരുമനസ്സ്—പ്രാത്ഥിക്കണമെന്നുള്ളതു് ഒരു കല്പനയുംകൂടെയാണ്. മടുപ്പുതോന്നാതെ എപ്പോഴും പ്രാത്ഥിക്കണം. "നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതെയിരിപ്പാൻ ഉണന്നിരുന്നു പ്രാത്ഥിക്കുവിൻ"

ചോ. പ്രാത്ഥന ഫലസിദ്ധിയുള്ളതാകുന്നതിനു് നാം എന്തുചെയ്യണം?

ഉ. പ്രാത്ഥന ഫലസിദ്ധിയുള്ളതാകുന്നതിനു് നാം വരപ്രസാദത്തിലായിരിക്കണം.

വി. മുന്തിരിയുടെ ശിഖരം അതിന്റെ തണ്ടിനോടു ചേന്നിരിക്കുന്നില്ലെങ്കിൽ ഫലം ചെയ്വാൻ സാദ്ധ്യമല്ലെന്നു മാത്രമല്ല ഉണങ്ങിപ്പോകുന്നതുമാണ്. അപ്രകാരംതന്നെ സ്വഗ്ഗീയ സമ്മാനങ്ങൾക്കു അർഹതയുള്ള ഏതെങ്കിലും സൽകൃത്യം ചെയ്യുന്നതിനു് പ്രസാദവരംവഴിയായി മിശിഹായാകുന്ന തായിത്തണ്ടിനോടു നാം ഒന്നിച്ചിരിക്കണം.— ഇത്രയും പറഞ്ഞതിൽനിന്നു പാപത്തിലിരിക്കുന്നവരുടെ പ്രാത്ഥന നിരുപയോഗമാണെന്നു തെററിദ്ധരിക്കരുതു്. അതു കൃപാനിധിയായ ദൈവത്തിൻ പക്കൽ അനുഗ്രഹം കണ്ടെത്തുന്നതിനും പ്രസാദവരം ലഭിക്കുന്നതിനും ഉപകരിക്കുന്നതാണ്.

ചോ. പ്രാത്ഥനയുടെ ലക്ഷണങ്ങൾ ഏവ?

ഉ. എളിമ, പ്രതീക്ഷ, സ്ഥിരത, ദൈവതിരുമനസ്സിനോടുള്ള കീഴ്വഴക്കം എന്നിവയാണ് പ്രാത്ഥനയുടെ ലക്ഷണങ്ങൾ.

സൂചന:— പ്രാത്ഥനക്കു വേറെയും ചില ലക്ഷണങ്ങൾ ഉണ്ടു്. അതായതു് പ്രാത്ഥന ഏകാഗ്രതയോടുകൂടിയതും മിശിഹായുടെ നാമത്തിൽ ചെയ്യപ്പെട്ടതും ആയിരിക്കണം.

വി. നമ്മുടെ ബലഹീനതയും അയോഗ്യതയും നിർഭാഗ്യവും മനസ്സിലാക്കി പ്രതീക്ഷയെല്ലാം കരുണാവാരിധിയായ അനന്തനന്മയിൽ ഉറപ്പിച്ചുകൊണ്ടത്രെ നാം അപേക്ഷിക്കേണ്ടതു്.

ഒരു ഭിക്ഷു ഏതെങ്കിലും യാചിച്ചിട്ട ഉടനെ ലഭിച്ചില്ലെങ്കിലും അശരണനാകുന്നില്ല. അഭ്യർത്ഥന വീണ്ടും തുടരുന്നു. നാമും ഇങ്ങനെ പ്രവർത്തിക്കണം. ഇതാണ് ദിവ്യരക്ഷകൻെറ ഉപദേശം. അതുകൊണ്ടാണല്ലൊ "മടുപ്പുകൂടാതെ എപ്പോഴും പ്രാർത്ഥിക്കണം" എന്നും "ചോദിക്കുവിൻ, എന്നാൽ നിങ്ങൾക്കു തരപ്പെടും; അന്വേഷിക്കുവിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും" എന്നും മറ്റും ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുള്ളതു്.

കൂടാതെയും നാം ശിശുക്കളാണ്, അജ്ഞരാണ്. നമുക്കു നല്ലതെന്തെന്നു പലപ്പോഴും നമുക്കറിഞ്ഞുകൂടാ. എന്നാൽ സർവ്വജ്ഞാനിയായ ദൈവം എല്ലാം അറിയുന്നു. അവിടുന്നു നമ്മുടെ പിതാവാണ്. നമുക്കു നന്മ ചെയ്വാൻ സന്നദ്ധനുമാണ്. ആയതുകൊണ്ടു് താൻ തിരുമനസ്സാകുന്നതു് നമുക്കു ഏററം നല്ലതായിരിക്കുമെന്നു നാം വിശ്വസിക്കണം. കഷ്ടാനുഭവങ്ങളെയും കുരിശുമരണത്തെയും അഭിമുഖീകരിച്ചുകൊണ്ടു് തോട്ടത്തിൽവച്ചു മിശിഹാ പ്രാർത്ഥിച്ചതു് "പിതാവെ! പിതാവെ! എൻെറ മനസ്സുപോലെയല്ല, അങ്ങെ തിരുമനസ്സുപോലെയാകട്ടെ" എന്നാണല്ലൊ.

നാം ഒരു മാന്യനോടു എന്തെങ്കിലും ഒരു കാര്യം സാധിക്കാനായി സംസാരിക്കുമ്പോൾ എന്തു പറയുന്നു എന്നുള്ളതിനെക്കുറിച്ചു ശ്രദ്ധാലുക്കളായിരിക്കുമല്ലൊ. അപ്രകാരമെങ്കിൽ ദൈവത്തോടുള്ള നമ്മുടെ അഭ്യർത്ഥന എത്ര ശ്രദ്ധാപൂർവ്വം നടത്തേണ്ടതാണ്.

അവസാനമായി, നാമെല്ലാവരും പാപികളാണ്. നാം പാപത്തിൽ ജനിച്ചു; അനേകം കർമ്മപാപങ്ങളാൽ നമ്മുടെ ആത്മാവിനെ വീണ്ടും മലിനമാക്കി. ഇങ്ങനെ നാം ദൈവത്തിൻെറ ശത്രുക്കളായി. ആകയാൽ ദൈവതിരുമുമ്പിൽ പ്രത്യക്ഷമാകുന്നതിനോ തന്നോടു എന്തെങ്കിലും യാചിക്കുന്നതിനോ നമുക്കു യോഗ്യതയില്ല. എന്നാൽ ദൈവസുതനു നമ്മുടെമേൽ അലിവുതോന്നി നമ്മുടെ പാപപരിഹാരത്തിനായി സ്വയം ബലിയർപ്പിക്കുകയും നമ്മെ ദൈവത്തോടു രമ്യപ്പെടുത്തുകയും ചെയ്തു. ആകയാൽ ദിവ്യരക്ഷകൻെറ യോഗ്യതകളെ അടിസ്ഥാനമാക്കിയാണ് നാം പ്രാർത്ഥിക്കേണ്ടതു്. അങ്ങനെ ചെയ്താൽ നമ്മുടെ പ്രാർത്ഥന ഏററവും ഫലപ്രദമാകുമെന്നതിനു് സംശയമില്ല.

ചോ. പ്രാൎത്ഥനശക്തിയുള്ളതാണെങ്കിൽ നാം പ്രാൎത്ഥിക്കുന്നതു ചിലപ്പോൾ ലഭിക്കാത്തതു് എന്തുകൊണ്ടു്?

ഉ. നമ്മുടെ പ്രാൎത്ഥനകൾക്കനുസരണമായി പലപ്പോഴും ഫലംസിദ്ധിക്കാത്തതു് ഒന്നുകിൽ നമ്മുടെ നിത്യരക്ഷക്കു ഉപകരിക്കാത്തതിനെ നാം അപേക്ഷിക്കുകയോ അല്ലെങ്കിൽ നാം അപേക്ഷിക്കേണ്ട വിധത്തിൽ അപേക്ഷിക്കാതിരിക്കുകയോ ചെയ്യുന്നതുകൊണ്ടാണു്.

ചോ. ദൈവത്തോടു നാം പ്രധാനമായി അപേക്ഷിക്കേണ്ട കാൎയ്യങ്ങൾ ഏവ?

ഉ. പ്രത്യേകമായി നാം ദൈവത്തോടു അപേക്ഷിക്കേണ്ട കാൎയ്യങ്ങൾ അവിടുത്തെ മഹത്വവും നമ്മുടെ സ്വന്തം നിത്യരക്ഷയും അതിനെ ലഭിപ്പാനുള്ള വേണ്ടംവഴികളും ആകുന്നു.

ചോ. ദൈവത്തോട്ട് ലൌകികനന്മകൾ അപേക്ഷിപ്പാൻ പാടുണ്ടോ?

ഉ. ഉണ്ടു്. എന്നാൽ അതു എല്ലാപ്പോഴും തന്റെ തിരുമനസ്സിനൊത്തവണ്ണമുള്ളതും നമ്മുടെ രക്ഷക്കു വിഘ്നമല്ലാത്തതും ആണെങ്കിൽ എന്നുള്ള വ്യവസ്ഥയോടുകൂടിയായിരിക്കണം.

ചോ. പ്രാൎത്ഥന നമ്മിൽ ഉളവാക്കുന്ന ഫലങ്ങൾ ഏവ?

ഉ. പ്രാൎത്ഥന നമ്മിൽ അനേക ഫലങ്ങൾ ഉളവാക്കുന്നുണ്ടു്. 1. ദൈവത്തിൽ നമുക്കുള്ള ആശ്രയഭാവത്തെ നമ്മിൽ ജനിപ്പിക്കുന്നു. 2 സ്വൎഗ്ഗീയ കാൎയ്യങ്ങളെക്കുറിച്ചുള്ള ചിന്ത നമ്മിൽ ഉളവാക്കുന്നു. 3. പുണ്യത്തിൽ വൎദ്ധിക്കുവാൻ നമ്മെ സഹായിക്കുന്നു. 4. ദൈവത്തിന്റെ കരുണയെ നമുക്കു വാങ്ങിത്തരുന്നു. 5. പരീക്ഷകളെതിരായി നമ്മെ ശക്തിപ്പെടുത്തുന്നു. 6. ദുഃഖാനൎത്ഥങ്ങളിൽ നമ്മെ ആശ്വസിപ്പിക്കുന്നു. 7. ആവശ്യങ്ങളിൽ നമ്മെ സഹായിക്കുന്നു. 8. നന്മയിൽ അവസാനംവരെയുള്ള നിലനിൽപും നന്മരണവും നമുക്കു ലഭിച്ചു തരികയും ചെയ്യുന്നു.

ചോ. പ്രത്യേകമായി നാം പ്രാൎത്ഥിക്കേണ്ടതു് എപ്പോൾ?

ഉ. പ്രത്യേകമായി നാം പ്രാൎത്ഥിക്കേണ്ടതു് അപകടത്തിലും, പരീക്ഷാനേരത്തിലും മരണാവസ്ഥയിലുമാകുന്നു; വിശേഷിച്ചു നാം കൂടെക്കൂടെ പ്രത്യേകിച്ചു് കാലത്തും വൈകിട്ടും പ്രധാന പ്രവൃത്തികളുടെ ആരംഭത്തിലും പ്രാൎത്ഥിക്കണം.

വി. എപ്പോഴും പ്രാത്ഥിക്കണമെന്നുള്ള മിശിഹായുടെ കല്പനയെ നിറവേററുന്നതിനുള്ള ഒരു എളുപ്പമാൎഗ്ഗമാണ് സുകൃതജപങ്ങളുടെ അഭ്യാസം.

ചോ. ആൎക്കുവേണ്ടിയാണ് നാം അപേക്ഷിക്കേണ്ടതു്?

ഉ. എല്ലാവൎക്കുംവേണ്ടി നാം പ്രാത്ഥിക്കണം.

വി. സൎവ്വപ്രധാനമായി നാം പ്രാത്ഥിക്കേണ്ടതു് നമുക്കവേണ്ടിത്തന്നെയാണ്. നമ്മുടെ നിത്യരക്ഷ മററെല്ലാവരെക്കാൾ കൂടുതൽ നമ്മെ ആണല്ലൊ ആശ്രയിച്ചിരിക്കുന്നതു്. നമ്മുടെ സഹകരണം കൂടാതെ ദൈവം തന്നെയും നമ്മെ രക്ഷിക്കുന്നതല്ല. "നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവം നിന്നെക്കൂടാതെ നിന്നെ രക്ഷിക്കുകയില്ല." വി. അഗുസ്തീനോസ്– നമ്മുടെ സംബന്ധികൾ, മേലധികാരികൾ; ഉപകാരികൾ, സ്നേഹിതർ, ശത്രുക്കൾ എന്നിവൎക്കുവേണ്ടിയും നാം പ്രാത്ഥിക്കേണ്ടതാണ്. പാപികളുടെ മാനസാന്തരം, തിരുസ്സഭയ്ക്കു പുറമേയുള്ളവരുടെ മാനസാന്തരം, ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളുടെ മോചനം എന്നിവയ്ക്കുവേണ്ടിയും തീക്ഷ്ണതാപൂൎവ്വം നാം പ്രാത്ഥിക്കേണ്ടതത്രെ. "ഒരു പാപിയേ മാനസാന്തരപ്പെടുത്തുന്നവൻ സ്വന്തം ആത്മാവിനെ അപകടത്തിൽനിന്നു രക്ഷിക്കുന്നു." എന്നുള്ളതു ഓൎമ്മിക്കുന്നതു നന്നായിരിക്കും. തിരുസഭയ്ക്കുവേണ്ടിയും, തിരുസഭാപാലകന്മാൎക്കുവേണ്ടിയും, പ്രത്യേകിച്ചു മാൎപ്പാപ്പായ്ക്കുവേണ്ടിയും നാം അപേക്ഷിക്കണം.

ചോ. പരി. കന്യകമറിയത്തെയും പുണ്യവന്മാരെയും, മാലാഖമാരെയുംനാം വണങ്ങുന്നതു എന്തുകൊണ്ടു്?

ഉ. അവർ ദൈവത്തിൻെറ സ്നേഹിതന്മാരും തൻെറപക്കൽ നമ്മുടെ മദ്ധ്യസ്ഥന്മാരുമായി നിശ്ചയിക്കപ്പെട്ടിട്ടുള്ളവരും ആയതുകൊണ്ടത്രെ നാം അവരെ വണങ്ങുന്നതു്.

ചോ. പരി. കന്യകമറിയത്തിൻെറയും മററു വിശുദ്ധന്മാരുടെയും മാദ്ധ്യസ്ഥ്യം നാം തേടുന്നതു എന്തുകൊണ്ടു്?

ഉ. അവരുടെ മാദ്ധ്യസ്ഥ്യം നാംതേടുന്നതു് അവൎക്കു ദൈവത്തോടും നമ്മോടുമുള്ള സ്നേഹംനിമിത്തം നാം അവർ വഴിയായി അപേക്ഷിക്കുന്ന വരപ്രസാദങ്ങളെ നമുക്കു ലഭിച്ചുതരുന്നതിനു അവൎക്കു സന്നദ്ധതയും കഴിവുംഉള്ളതുകൊണ്ടാണ്.

വി. മിശിഹായും മററുവിശുദ്ധരും ഒരൎത്ഥത്തിലല്ല നമ്മുടെ മദ്ധ്യസ്ഥരായിരിക്കുന്നതു്. മിശിഹാ സത്യദൈവവും സത്യ

മനുഷ്യനും ആയിരിക്കയാൽ തന്റെ സ്വന്തയോഗ്യതകൾ വഴിയായി, നമ്മെ ദൈവത്തോടു രഞ്ജിപ്പിക്കയും നമുക്കാവശ്യമുള്ള മനോഗുണങ്ങൾ വാങ്ങിത്തരികയും ചെയ്യുന്നു. മററു വിശുദ്ധരാകട്ടെ അവരുടെ സ്വന്തയോഗ്യതൾ നിമിത്തമല്ല, പ്രത്യുത, മിശിഹായുടെ യോഗ്യതകൾനിമിത്തമാണ് നമുക്കാവശ്യമുള്ള നന്മകൾ ദൈവത്തിൽനിന്നുലഭിച്ചുതരുന്നത്.

ചോ, ഈശോമിശിഹായുടെയും വിശുദ്ധരുടെയും സ്വരൂപങ്ങളെ നമുക്കു ബഹുമാനിക്കാമോ?

ഉ. അവയെ ബഹുമാനിക്കാം. എന്തുകൊണ്ടെന്നാൽ മിശിഹായുടെയും വിശുദ്ധരുടെയും സ്വരൂപങ്ങൾക്കു നാം ചെയ്യുന്ന ബഹുമാനം അവയാൽ നിർദ്ദേശിക്കപ്പെടുന്നതാരോ അവർക്കാണു നൽകപ്പെടുന്നത്.

വി. ഒരു രാജാവിന്റെ പ്രതിമ, ഛായാപടം മുതലായവയെ നാം ബഹുമാനിക്കുന്നു. ആഘോഷമായ പ്രദക്ഷിണങ്ങളിൽ അവയെ നാം സംവഹിക്കുന്നു. താദൃശപ്രവൃത്തികൾവഴിയായി നാം ആ മഹാരാജാവിനെയാണ് ബഹുമാനിക്കുന്നതെന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. ഇപ്രകാരംതന്നെയാണ് രാജാധിരാജനായ മിശിഹായുടെയും അവിടുത്തെ സ്നേഹിതരായ വിശുദ്ധരുടെയും സംഗതിയിൽ നാം വർത്തിക്കുന്നത്.

കൂടാതെയും ഛായാപടങ്ങൾ കൊത്തുരൂപങ്ങൾ ഇവ വിശുദ്ധന്മാരുടെഓർമ്മ നമ്മിൽ രൂഢമൂലമാക്കുന്നതിനു വളരെസഹായിക്കുന്നതാണ്. ശാരീരികളായ നമുക്കു ഇതു ഏററവുംപ്രയോജനകരമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. തൂങ്ങപ്പെട്ട രൂപത്തിന്റെ കാഴ്ച മിശിഹായുടെ കഷ്ടാനുഭവങ്ങളെ എത്ര സജീവമായ വിധത്തിൽ നമ്മുടെ കൺമുമ്പിൽകൊണ്ടുവരുമെന്നു ഓർത്താൽ ഈദൃശരൂപങ്ങളുടെ പ്രയോജനം എളുപ്പത്തിൽ മനസ്സിലാക്കാമല്ലോ.

ചോ. പുണ്യവാന്മാരുടെ തിരുശ്ശേഷിപ്പുകളെ നമുക്കു വണങ്ങാമോ?

ഉ. പുണ്യവാന്മാരുടെ തിരുശ്ശേഷിപ്പുകളെ നാം വണങ്ങേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അവരുടെ തിരുശ്ശരീരങ്ങൾ മിശിഹായുടെ സജീവഅംഗങ്ങളും പരിശുദ്ധാരൂപിയുടെ ആലയങ്ങളുമായിരുന്നു. എന്നു തന്നെയുമല്ല നിത്യജീവിതം കഴിപ്പാൻ മഹത്വത്തോടുകൂടെ ഉയിർക്കുവാനിരിക്കുന്നവയുമാകുന്നു.

ചോ. നാം ദൈവത്തിന് നൽകുന്ന വന്ദനവും പുണ്യവാന്മാർക്കു നൽകുന്ന വന്ദനവും തമ്മിലുള്ള വ്യത്യാസമെന്ത്?

ഉ. ദൈവത്തെ സ്വകീയമായ തൻെറ മാഹാത്മ്യംനിമിത്തമാണ് നാം വന്ദിക്കുന്നത്. ഇതിനെ നാം ആരാധന എന്നു വിളിക്കുന്നു. പുണ്യവാന്മാരെ നാം ആരാധിക്കുന്നില്ല. അവരെ നാം വണങ്ങുന്നതു് അവർക്കു ദൈവത്തിൽനിന്ന് ലഭിച്ചിട്ടുള്ള നന്മകൾ നിമിത്തമാണ്. അവർ ദൈവത്തിൻെറ സ്നേഹിതന്മാരും നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം പറയുന്നവരും ആണെന്നുള്ളതും അവരെ സ്നേഹിച്ചുബഹുമാനിക്കുന്നതിനുള്ള പ്രേരണയത്രെ.

ചോ. ഒന്നാംപ്രമാണം മുടക്കുന്ന സംഗതികൾ ഏവ?

ഉ. ഒന്നാംപ്രമാണം മുടക്കുന്നവ, മിഥ്യാരാധന, വിഗ്രഹാരാധന, പ്രശ്നം, മന്ത്രവാദം, അരൂപിസേവനം, ദൈവദോഷം, തിരുവസ്തുക്കളുടെ ക്രയവിക്രയം, മതവിദ്വേഷം മുതലായവയാകുന്നു.

ചോ. മിഥ്യാരാധാന എന്നാൽ എന്ത്?

ഉ. ദൈവഹിതത്തിന് എതിരായ രീതിയിൽ ദൈവത്തേയോ വിശുദ്ധന്മാരെയോ വണങ്ങുന്നതാകുന്നു മിഥ്യാരാധന.

ചോ. വിഗ്രഹാരാധന എന്നാൽ എന്ത്?

ഉ. ദൈവത്തിനുമാത്രം ചെയ്യാവുന്ന പരമാരാധന വല്ല സൃഷ്ടിക്കും (രൂപത്തിനോ, പ്രതിമയ്ക്കോ, മൃഗങ്ങൾക്കോ മററാ) നൽകുന്നതാകുന്നു വിഗ്രഹാരാധന.

ചോ. പ്രശ്നം എന്നാൽ എന്ത്?

ഉ. പിശാചിൻെറ സഹായത്തോടുകൂടി രഹസ്യമായതോ ഭാവിയിൽ നടക്കുവാനിരിക്കുന്നതോ ആയ സംഗതികൾ അറിയുന്നതിനു ശ്രമിക്കുന്നതാകുന്നു പ്രശ്നം.

ചോ. മന്ത്രവാദം എന്നാൽ എന്ത്?

ഉ. ഏതെങ്കിലും കാര്യസിദ്ധിക്കായി പൈശാചികസഹായം തേടുന്നതത്രെ മന്ത്രവാദം.

ചോ. അരൂപിസേവ എന്നാൽ എന്ത്?

ഉ. മരിച്ചവരുടെ ആത്മാക്കളുമായി സമ്പർക്കത്തിൽ ഏർപ്പെടുക, അവരോടു രഹസ്യകാര്യങ്ങളെപ്പററി ആലോചിക്കുക മുതലായവ അരൂപിസേവയിൽ ഉൾപ്പെടുന്നു.

ചോ. ദൈവദോഷം എന്നാൽ എന്തു്?

ഉ. ദൈവത്തിനു പ്രത്യേകമായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആളുകളെയോ വസ്തുക്കളെയോ സ്ഥലങ്ങളെയോ അവമാനിക്കുന്നതാകുന്നു ദൈവദോഷം.

ചോ. തിരുവസ്തുക്കളുടെ ക്രയവിക്രയം എന്നാൽ എന്തു്?

ഉ. വിശുദ്ധവസ്തുക്കൾ അവ വിശുദ്ധ വസ്തുക്കളാകുന്നു എന്ന അവസ്ഥയിൽ വിൽക്കുകയോ വാങ്ങിക്കുകയോ ചെയ്യുന്നതത്രെ തിരുവസ്തുക്കളുടെ ക്രയവിക്രയം.

ചോ. മതവിദ്വേഷം എന്നാൽ എന്തു്?

ഉ. മതവിദ്വേഷം എന്നതു് ബുദ്ധിയുടെ കുററകരമായ തെററുനിമിത്തം മതത്തെത്തന്നെ ദുശ്ലാഘ്യമായി നിഷേധിക്കുന്നതും വെറുക്കുന്നതുമാകുന്നു.

## രണ്ടാം പ്രമാണം

## "ദൈവത്തിന്റെ തിരുനാമം വൃഥാപ്രയോഗിക്കരുതു്."

ചോ. രണ്ടാംപ്രമാണം മുടക്കുന്നവ ഏവ?

ഉ. ദൈവതിരുനാമത്തിന്റെ വണക്കക്കുറവായ ഉപയോഗം, ദൈവദൂഷണം, കള്ളസത്യം, നേർച്ചാലംഘനം ശാപം എന്നിവയെ ഈ പ്രമാണം മുടക്കുന്നു.

സൂചന. ഈ പ്രമാണം ഒന്നാം പ്രമാണത്തിന്റെ പൂർത്തീകരണം മാത്രമാണു്.

ചോ. ദൈവതിരുനാമത്തിന്റെ വണക്കക്കുറവായ ഉപയോഗം എന്നാൽ എന്തു്?

ഉ. ഇതു് സർവ്വപരിശുദ്ധിയായ ദൈവത്തിന്റെയും, മിശിഹായുടെയും പരിശുദ്ധകന്യകമറിയത്തിന്റെയും മററുവിശുദ്ധന്മാരുടെയും നാമങ്ങളെ അനാദരവായി പ്രയോഗിക്കുന്നതാകുന്നു.

ചോ. ദൈവദൂഷണം എന്നാൽ എന്തു്?

ഉ. ദൈവത്തിനും പരി. കന്യകമറിയത്തിനും വിശുദ്ധന്മാൎക്കും വി. വസ്തുക്കൾക്കും എതിരായി പ്രയോഗിക്കുന്ന നിന്ദാവാക്കുകൾ പ്രവൃത്തികൾ ശാപങ്ങൾ എന്നിവയാകുന്നു.

ചോ. കള്ളസത്യം എന്നാൽ എന്തു്?

ഉ. അവാസ്തവമാണെന്നറിയുകയോ വിശ്വസിക്കയോ ചെയ്യുന്ന സംഗതികൾ സത്യമാണെന്ന് ആണയിടുന്നതും ചെയ്യണമെന്നുദ്ദേശമില്ലാത്തതു ചെയ്യാമെന്ന് ആണയിൻകീഴ് വാഗ്ദാനം ചെയ്യുന്നതും കള്ളസ്സത്യമാണ്.

വി. ദൈവത്തെയോ വിശുദ്ധന്മാരെയോ സാക്ഷിയായി നിർത്തി ഒരു സംഗതി സത്യമാണെന്നു സ്ഥാപിക്കുവാൻ ശ്രമിക്കുന്നതാണ് ആണ എന്നു പറയുന്നത്. ഇങ്ങനെ ചെയ്യുന്നതു എല്ലാപ്പോഴും വിലക്കപ്പെട്ടതല്ല. എന്നാൽ അതിനു തക്ക ആവശ്യം ഉണ്ടായിരിക്കണം. മാത്രമല്ല, അതിനു സത്യം വിവേകം നീതി എന്നീ ഗുണങ്ങളുണ്ടായിരിക്കേണ്ടതുമാണ്. സത്യമല്ലാത്ത സംഗതിക്ക് ദൈവത്തെയോ വിശുദ്ധന്മാരെയോ സാക്ഷിയായി വിളിക്കുന്നതു വലിയ തെറ്റാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. വേണ്ട ആലോചനകൂടാതെയും നിസ്സാരകാര്യങ്ങളിലും ചെയ്യുന്ന ആണ അവിവേകമായതത്രെ. നമ്മുടെ ആണ നിമിത്തം അന്യന് ഏതെങ്കിലും തരത്തിലുള്ള നഷ്ടത്തിന് ഇടവരുത്തുന്നുവെങ്കിൽ അതു അനീതിയായ ആണയായിരിക്കും.

ചോ. നേർച്ച എന്നാൽ എന്ത്?

ഉ. നല്ലതും, സാധിക്കുന്നതും, അതിനു എതിരായതിനേക്കാൾ ഉത്തമവുമായ വല്ലതിനെയുംകുറിച്ചു നാം ദൈവത്തോടു ചെയ്യുന്ന സ്വതന്ത്രമായ ഒരു വാഗ്ദാനമാകുന്നു നേർച്ച.

വി. നേർച്ചയ്ക്ക് അവശ്യം വേണ്ടതായ ചില ഗുണങ്ങൾ താഴെ കാണിക്കാം. 1. സാധിക്കുന്നതായിരിക്കണം. 2. സ്വതന്ത്രമായി ചെയ്യപ്പെട്ടതായിരിക്കണം. 3. നേർച്ചയുടെ വിഷയം ദൈവത്തിനു പ്രീതികരമായിരിക്കണം 4. നേർച്ചയുടെ വിഷയം അതിനെതിരായതിനേക്കാൾ ഉത്തമമായിരിക്കണം. ഉദാ:- ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതല്ല!

ചോ. നേർച്ചലംഘിക്കുന്നതു പാപമാണോ?

ഉ. നേർച്ചലംഘിക്കുന്നതു പാപമാണ്

സൂചന. നേർച്ചലംഘനം പാപമാകയാൽ ഗൌരവമായ സംഗതികളിൽ മതിയായ ആലോചനകൂടാതെയും കുമ്പസാരക്കാരന്റെയോ മററുവിവേകമുള്ള വല്ലവരുടെയോ അ

ലോചനകൂടാതെയും നേർച്ചകൾ നേരേണ്ടതല്ല. നേർച്ചകളുടെ നിർവ്വഹണം സാദ്ധ്യമല്ലാതെവരുമ്പോൾ കുമ്പസാരക്കാരനെ അറിയിച്ച് ഉപദേശാനുസരണം പ്രവർത്തിക്കേണ്ടതാണ്.

ചോ. പരി. കന്യകമറിയത്തോടും മററുവിശുദ്ധരോടും നേർച്ചകൾ നേരാമോ?

ഉ. നേർച്ചകൾ ദൈവത്തിനുമാത്രം ചെയ്യേണ്ടതാണ്. വിശുദ്ധന്മാർ ദൈവത്തിൽനിന്നു പ്രാപിച്ചിട്ടുള്ള നന്മകളെ പരിഗണിച്ചു അവരുടെ സ്തുതിക്കായി സൽപ്രവൃത്തികൾ ചെയ്യാമെന്നു ദൈവത്തോടു വാഗ്ദാനം ചെയ്യുന്നതിന് വിരോധമില്ല.

## മൂന്നാംപ്രമാണം

"ഞായറാഴ്ചകളും കടമുള്ളതിരുനാളുകളും
ശുദ്ധമായി ആചരിക്കുക."

ചോ. മൂന്നാംപ്രമാണം കല്പിക്കുന്നവ ഏവ?

ഉ. ഞായറാഴ്ചയും കടമുള്ള തിരുനാളും ശുദ്ധമായി ആചരിക്കണമെന്നത്രെ മൂന്നാംപ്രമാണം കല്പിക്കുന്നത്.

സൂചന. 1. മതപരമായ കാര്യങ്ങൾക്കായി ചില ദിവസങ്ങൾ മാററിവയ്ക്കേണ്ടതു ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ അതിനായി നിശ്ചിതസമയമില്ലാതെവന്നാൽ അലസത നിമിത്തം ദൈവാരാധന നടത്തുന്നവരുടെ തുക കാലക്രമത്തിൽ കുറഞ്ഞുപോകുവാൻ ഇടയുണ്ട്. കൂടാതെയും മനുഷ്യൻ ഒരു വ്യക്തിമാത്രമല്ല ഒരു സാമൂഹ്യജീവിയുംകൂടിയാണ്. ആകയാൽ സാമൂഹ്യമായും ദൈവാരാധന നടത്തേണ്ടതു് അവൻെറ ചുമതലയാണ്. അതിനു ഒരു ക്ലിപ്തദിവസം ഉണ്ടായിരിക്കേണ്ടതും അത്യാവശ്യമത്രെ.

2. ദൈവം പഴയനിയമത്തിൽ ഇതിനായി നിശ്ചയിച്ചിരുന്നതു സാബത്ത് അഥവാ ശനിയാഴ്ച ആയിരുന്നു. സാബത്താചരണം ഏററംനിഷ്കൃഷ്ടമായി കല്പിക്കപ്പെട്ടിരുന്ന ഒന്നത്രെ. ഇതു് ആഴ്ചയിൽ ഒരു ദിവസമെങ്കിലും ദൈവാരാധനയ്ക്കും സ്വന്ത ആത്മവിശുദ്ധീകരണത്തിനും ആയി ചെലവഴിക്കുവാൻ

വേണ്ടിയായിരുന്നു. എന്നാൽ തിരുസ്സഭ സാബത്തിനുപകരം ഞായറാഴ്ച ശുദ്ധമായി ആചരിക്കണമെന്നു കല്പിച്ചു. മിശിഹാ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേററതും ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവു എഴുന്നെള്ളി അവരെ ദിവ്യവരങ്ങളാൽ നിറച്ചതും ഞായറാഴ്ച ആയിരുന്നുവെന്നുള്ളതാണ് ഇങ്ങനെ ഒരു മാററം വരുത്തുന്നതിനു സഭയെ പ്രേരിപ്പിച്ചിട്ടുള്ളത്.

3. ഞായറാഴ്ചകളും തിരുനാളുകളും ആചരിക്കേണ്ടതിനെക്കുറിച്ച് പള്ളിയുടെ ഒന്നാംകല്പനയിൽ പ്രതിപാദിക്കുവാനിരിക്കുന്നതുകൊണ്ട് അതെപ്പററി ഇവിടെ യാതൊന്നുംതന്നെ പ്രസ്താവിക്കുന്നില്ല.

ചോ. മൂന്നാംപ്രമാണം മുടക്കുന്നവകൾ ഏവ?

ഉ. ഞായറാഴ്ചകളിലും മററു കടമുള്ള ദിവസങ്ങളിലും അടിമവേല ചെയ്യരുതെന്നു മൂന്നാംപ്രമാണം മുടക്കുന്നു.

ചോ. അടിമവേല എന്നാൽ എന്ത്?

ഉ. അടിമകൾ, വേലക്കാർ, ദാസന്മാർ മുതലായവർ നിർവ്വഹിക്കുന്നതും ബുദ്ധിയുടെയും മനസ്സിന്റെയും എന്നതിനേക്കാൾ ശരീരത്തിന്റെ അദ്ധ്വാനം ആവശ്യപ്പെടുന്നതുമായ വേലയത്രെ അടിമവേല.

ചോ. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും അടിമവേല വിലക്കപ്പെട്ടിരിക്കുന്നതു എന്തുകൊണ്ട്?

ഉ. ദൈവാരാധനയിൽ സംബന്ധിക്കുന്നതിനു കൂടുതൽ സൌകര്യമുണ്ടാകുന്നതിനും, നമ്മുടെ ആദ്ധ്യാത്മികകാര്യങ്ങളെപ്പററി ചിന്തിക്കുന്നതിന് അവസരം നൽകുവാനുമത്രെ. ഈ വിശ്രമം ആത്മാവിനും ശരീരത്തിനും ഒരുപോലെ പ്രയോജനകരമാണ്.

ചോ. ഞായറാഴ്ചകളിലും കടമുള്ളദിവസങ്ങളിലും വേല ചെയ്യുന്നവർ എന്തു പാപത്തിൽ ഉൾപ്പെടുന്നു?

ഉ. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും അടിമവേലചെയ്യുന്നവർ ഘനമായ പാപത്തിൽ ഉൾപ്പെടുന്നു.

ചോ. വേലചെയ്യരുതെന്ന മുടക്കിൽനിന്ന് നമ്മെ ഒഴിവാക്കുന്ന സാഹചര്യങ്ങൾ ഏവ?

ഉ. ദൈവപൂശുശ്രൂഷയ്ക്കടുത്ത പ്രവൃത്തികളും പരസ്നേഹത്തിനടുത്ത സേവനങ്ങളും അത്യാവശ്യമായിവരുന്ന അവസരങ്ങൾ ഈ മുടക്കിൽനിന്ന് നമ്മെ ഒഴിവാക്കുന്നു. തക്കതായ ആവശ്യമുള്ള സാഹചര്യങ്ങളിൽ അനുവാദത്തോടുകൂടി വേലചെയ്യാവുന്നതാണ്.

## നാലാം പ്രമാണം

"നല്ല പ്രായത്താലും ഭൂമിയിൽ ഇരിപ്പാനായിട്ട്
ബാപ്പനെയും അമ്മയെയും ബഹുമാനിച്ചുകൊൾക"

ചോ. നാലാം പ്രമാണം ഉദ്ബോധിപ്പിക്കുന്നവകൾ ഏവ?

ഉ. മക്കൾക്ക് മാതാപിതാക്കന്മാരോടും, മാതാപിതാക്കൾക്ക് മക്കളോടും, ഭാര്യഭർത്താക്കന്മാർ തമ്മിലും, യജമാനന്മാരും വേലക്കാരും തമ്മിലും, അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും തമ്മിലും, ഭരണകർത്താക്കളും ഭരണീയരും തമ്മിലും, ഉള്ള കടമകളെ നാലാം പ്രമാണം ഉദ്ബോധിപ്പിക്കുന്നു.

ചോ. മക്കൾക്കു മാതാപിതാക്കളോടുള്ള കടമകൾ ഏവ?

ഉ. മാതാപിതാക്കന്മാരെ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും കീഴ്‌വഴങ്ങുന്നതിനും അവരുടെ വാർദ്ധക്യത്തിൽ അവരെ സംരക്ഷിക്കുന്നതിനും മക്കൾക്കു കടമുണ്ട്.

വി. നമ്മുടെ അസ്തിത്വത്തിനും സംരക്ഷണത്തിനും ദൈവം കഴിഞ്ഞാൽ മാതാപിതാക്കന്മാരാണല്ലോ കാരണകർത്താക്കൾ. ആകയാൽ മക്കൾ മാതാപിതാക്കന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും അവരെ അനുസരിക്കുകയും വേണം. "മക്കളെ നിങ്ങൾ നമ്മുടെ കർത്താവിൽ നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. ഇതു നീതിയാകുന്നുവല്ലോ" എന്നുള്ള വി. പൗലോസിന്റെ ഉദ്ബോധനം ഇവിടെ സ്മർത്തവ്യമാണ്. ഇതിന് നസ്രസ്സിലെ ദിവ്യബാലൻ സജീവ മാതൃകയാണ്.

സൂചന:— മററു ബന്ധുമിത്രാദികളെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനുമുള്ള ഉദ്ബോധനവും ഈ പ്രമാണത്തിൽ അന്തർലീനമായിട്ടുണ്ട്.

ചോ. മാതാപിതാക്കൾക്കു തങ്ങളുടെ കുട്ടികളുടെ നേരെയുള്ള കടമകൾ ഏവ?

ഉ. മാതാപിതാക്കൾക്കു തങ്ങളുടെ കുട്ടികളെ സ്നേഹിക്കുന്നതിനും, ശാരീരികമായും ആത്മികമായും സംരക്ഷിക്കുന്നതിനും, വേദസംബന്ധവും ലൌകികവുമായ പഠനത്തിനുവേണ്ട സൌകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനും, സന്മാതൃക കാണിച്ചുകൊടുക്കുന്നതിനും, പാപഹേതുക്കളിൽനിന്നു അവരെ അകററുന്നതിനും, അവരുടെ തെററുകളെ ശാസിച്ചു തിരുത്തി അവരെ ഉത്തമക്രിസ്ത്യാനികളായി വളർത്തുന്നതിനും, ദൈവം തിരുമനസ്സാകുന്ന ജീവിതസ്ഥിതി അവർ സ്വീകരിക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ നൽകുന്നതിനും കടമയുണ്ടു്.

വി. ദൈവം മാതാപിതാക്കന്മാരെ ഏല്പിച്ചിട്ടുള്ള ദിവ്യനിധികളാണു് അവരുടെ അരുമസന്താനങ്ങൾ. പോരെങ്കിൽ മക്കൾ അവരുടെ മാംസ രക്തങ്ങളുമാണല്ലോ. ദൈവം തനിക്കായിട്ടാണു് തങ്ങളുടെ പ്രേമസന്താനങ്ങളെ സൃഷ്ടിച്ചിട്ടുള്ളതെന്നും തനിക്കായി അവരെ വളർത്തുവാനാണു് തങ്ങളെ ഏല്പിച്ചിട്ടുള്ളതെന്നും മാതാപിതാക്കന്മാർ പ്രത്യേകം സ്മരിക്കണം. അവർ ദൈവത്തിനിഷ്ടമുള്ള സ്വർഗ്ഗീയ പൌരന്മാരായി വളരുവാൻ സർവ്വകഴിവുകളും മാതാപിതാക്കന്മാർ വിനിയോഗിക്കേണ്ടതാണു്. മക്കളെ വളർത്തി അവർ ഏതെങ്കിലും ജീവിതസ്ഥിതി തിരഞ്ഞെടുക്കുന്നതിനും മാതാപിതാക്കന്മാർ കഴിയുന്നത്ര അവരെ സഹായിക്കണം. തങ്ങളുടെ മക്കൾ ചില നിർദ്ദിഷ്ട ഉദ്ദേശങ്ങളോടും അവകാശ സ്വാതന്ത്ര്യങ്ങളോടുംകൂടെ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിവരാണെന്നു മാതാപിതാക്കൾ പ്രത്യേകം ഓർക്കണം. ഇതിനെ വിസ്മരിച്ചു വർത്തിക്കുന്നതിനാലാണു് പല അസ്വൈരങ്ങൾക്കും കുടുംബഛിദ്രത്തിനും പലപ്പോഴും ഇടവരുന്നതു്.

സൂചനഃ— മാതാപിതാക്കന്മാർ തങ്ങളുടെ മക്കളോടു എങ്ങനെ വർത്തിക്കണമെന്നു തിരുക്കുടുംബത്തിന്റെ നായകനായ വി. യൌസേപ്പും പരിശുദ്ധ കന്യകമറിയവും നമുക്കു ഉത്തമദൃഷ്ടാന്തം തരുന്നുണ്ടു. ദിവ്യബാലനു ആവശ്യമുള്ളവ എല്ലാം സംഭരിക്കുന്നതിനുംതന്നെ ആപത്തിൽനിന്നു് രക്ഷിക്കുന്നതിനും ഈ പരിശുദ്ധാത്മാക്കൾ എത്ര ഉൽസുകരായിരുന്നുവെന്നു് മാതാപിതാക്കന്മാർ എപ്പോഴും ഓർക്കുന്നതു നന്നായിരിക്കും.

ചോ. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള കടമകൾ ഏവ?

ഉ. ഭാര്യാഭർത്താക്കന്മാർ തമ്മിൽ പരസ്പരം സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും സഹായിക്കുന്നതിനും വിവാഹകടമകൾ നിർവ്വഹിക്കുന്നതിനും കടപ്പെട്ടുന്നു. കുടുംബ നായകനായ ഭർത്താവിന്ന് ഭാര്യ വിധേയയായി വർത്തിക്കണം.

വി. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പരസ്പരസ്നേഹം കുടുംബത്തിൻെറ ഭാഗ്യത്തിനും കുട്ടികളുടെ സ്വഭാവ രൂപവൽക്കരണത്തിനും വളരെ സഹായിക്കുന്നതാണ്. എന്നാൽ പരസ്പരബഹുമാനവും വിശ്വാസവും കൂടാതെ പരസ്പരസ്നേഹം പുലർത്തുക സാദ്ധ്യമല്ല. ആകയാൽ തങ്ങളുടെ വാക്കിലോ പ്രവൃത്തിയിലോ ഭാര്യയ്ക്കു അഥവാ ഭർത്താവിനു തങ്ങളുടെ മേൽ ബഹുമാനക്കുറവുണ്ടാകുന്നതിനോ സംശയം ജനിക്കുന്നതിനോ ഇടവരുത്തുന്ന യാതൊന്നും ഉണ്ടാകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. ഭർത്താവിനെക്കുറിച്ചു അല്ലെങ്കിൽ ഭാര്യയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വതന്ത്രമായി ആരോടും പറയാമെന്നു വയ്ക്കുന്നതു വലിയ അബദ്ധമാണ്. ഭാര്യാഭർത്താക്കന്മാരുടെ ക്ഷമയില്ലായ്ക കുടുംബത്തെ പലപ്പോഴും നാരകീയമാക്കി ചെയ്യുന്ന എന്നുള്ള വസ്തുത ഏററവും ശോചനീയമാണ്. കുടുംബജീവിതം പ്രതിനിമിഷം എന്നതുപോലെ നമ്മുടെ ക്ഷമയെ പരിക്ഷിക്കുന്ന ഒന്നാണ്. അതുകൊണ്ടു ഇരുകക്ഷികളും എല്ലായ്പ്പോഴും ക്ഷമിക്കുന്നതിനും സഹിക്കുന്നതിനും സന്നദ്ധരായിരിക്കണം

ചോ. യജമാനന്മാർക്ക് വേലക്കാരോടുള്ള കടമകൾ ഏവ?

ഉ. നീതി, സ്നേഹം, അനുകമ്പ, ദയ, എന്നിവയോടു കൂടി പെരുമാറുകയത്രെ യജമാനന്മാർക്കു വേലക്കാരോടുള്ള കടമകൾ.

വി. "യജമാനന്മാരെ! നിങ്ങൾ നിങ്ങളുടെ ദാസന്മാരോടു ഇപ്രകാരംതന്നെ ചെയ്യുവിൻ. തെററുകൾ അവരോടു ക്ഷമിക്കുവിൻ. നിങ്ങളുടെയും യജമാനൻ സ്വർഗ്ഗത്തിലുണ്ടെന്നും അവൻെറ പക്കൽ മുഖം നോട്ടമില്ലെന്നും നിങ്ങൾ അറിയുന്നുവല്ലൊ" (അപ്പ: 6–9) എന്നുള്ള വി. പൌലോസിൻെറ ഉദ്ബോധനം. ഈ വിഷയത്തിൽ ഒരു മാനദണ്ഡമായി നാം സ്വീകരിക്കേണ്ടതാണ്.

മതപരമായും, മററും അവർക്കു വേണ്ട അറിവുണ്ടാകുന്നതിന് യജമാനന്മാർ ശ്രദ്ധിക്കണം. ആദ്ധ്യാത്മിക ചുമതലകളെ യഥാവിധി നിർവ്വഹിക്കുന്നതിനുള്ള സൌകര്യം കൊടുക്കണം. വേലക്കാർ തങ്ങൾക്ക് വിധേയരാണെന്ന് കരുതി അവരുടെ മനസ്സാക്ഷിയെ ഭാരപ്പെടുന്ന യാതൊന്നും അവനിൽനിന്ന് ആവശ്യപ്പെടാവുന്നതല്ല. ജീവനക്കൂലി അവർക്കു കൊടുക്കുന്നതിനു നീതി ആവശ്യപ്പെടുന്നു.

ചോ. വേലക്കാർക്കു യജമാനന്മാരോടുള്ള കടമകൾ ഏവ?

ഉ. യജമാനന്മാരോടു ബഹുമാനം, നീതി, സ്നേഹാദരവ്, വിശ്വസ്തത എന്നിവ പ്രദർശിപ്പിപ്പാൻ വേലക്കാർക്കു കടമുണ്ട്.

വി. "നിങ്ങൾ മനുഷ്യർക്കെന്നതുപോലെയല്ല നമ്മുടെ കർത്താവിനെന്നപോലെ നിങ്ങളുടെ മുഴു മനസ്സോടുംകൂടി അവർക്ക് ശുശ്രൂഷചെയ്യുവിൻ." (അപ്പെ. 6—7) എന്നാണ് വി. പൌലോസിൻെറ ഉദ്ബോധനം.

ഉടമ്പടിപ്രകാരം ഏററിരിക്കുന്ന വേലകളെ കൃത്യമായും നീതിബോധത്തോടും വിശ്വസ്തതയോടുംകൂടി നിർവ്വഹിക്കുവാൻ ശ്രമിക്കണം. യജമാനൻെറ മുതൽ അപഹരിക്കയോ നശിപ്പിക്കയോ ചെയ്യുന്നവർ അതിന് ഉത്തരവാദികളാകുന്നു.

ചോ. അദ്ധ്യാപകന്മാർക്ക് അദ്ധ്യേതാക്കളോടുള്ള കടമകൾ ഏവ?

ഉ. അദ്ധ്യാപകന്മാർ മാതാപിതാക്കന്മാരുടെ പ്രതിനിധികളാകയാൽ ബുദ്ധിപരമായും മാനസികമായും സാന്മാർഗ്ഗികമായും മാതാപിതാക്കന്മാർക്കുള്ള എല്ലാ ചുമതലകളും അദ്ധ്യാപകന്മാർക്ക് അവരുടെ അദ്ധ്യേതാക്കളോടുണ്ട്.

വി. തങ്ങളുടെ എത്രയും ഗുരുതരമായ കർത്തവ്യം നിർവ്വഹിക്കുന്നതിനായി പൈതൃക സ്നേഹത്തോടുകൂടി അവരെ ശാസിക്കുകയും, ശിക്ഷിക്കുകയും വേണം. അവർ അപക്വബുദ്ധികളാണെന്ന് അദ്ധ്യാപകന്മാർ ഒരിക്കലും വിസ്മരിക്കരുത്. സ്വശിഷ്യരെ ജ്ഞാനത്തിലും സന്മാർഗ്ഗത്തിലും വളർത്തി മാന്യപൌരന്മാരും ദൈവത്തിനിഷ്ടമുള്ളവരുമാക്കിത്തീർക്കുന്നതിനു യത്നിക്കണം. തങ്ങളുടെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഈ കടമ നിർവ്വഹിപ്പാൻ അവർ ബാദ്ധ്യസ്ഥരാണ്.

ചോ. അദ്ധ്യേതാക്കൾക്കു അദ്ധ്യാപകന്മാരോടുള്ള കടമകൾ ഏവ?

ഉ. തങ്ങളുടെ മാതാപിതാക്കന്മാരുടെ സ്ഥാനം വഹിക്കുന്ന അദ്ധ്യാപകന്മാരെ സ്നേഹിക്കുന്നതിനും, ബഹുമാനിക്കുന്നതിനും അനുസരിക്കുന്നതിനും അദ്ധ്യേതാക്കൾ കടപ്പെട്ടവരാകുന്നു.

വി. ജ്ഞാനം വിത്താണ്. അദ്ധ്യയനകാലം വിതയുടെ കാലമാണ്. അദ്ധ്യാപകന്മാർ വിതക്കുന്നവരാണ്. വിദ്യാഭ്യാസനത്തിൽ ഉൽസുകരും ഗുരുനാഥന്മാരോടു വിധേയത്വവുമുള്ളവരുമായിവർത്തിക്കുന്ന അദ്ധ്യേതാക്കളിൽ പ്രസ്തുത വിത്തുവീണ് മുളച്ചുവളർന്നു സമൃദ്ധിയായി ഫലം ചെയ്യുമെന്നതിനു സംശയമില്ല.

ചോ. രാഷ്ട്രീയാധികാരികളോടു ഭരണീയർക്കുള്ള കടമകൾ ഏവ?

ഉ. രാഷ്ട്രീയാധികാരികളെ ബഹുമാനിക്കുന്നതിനും അവരുടെ ന്യായമായ നിയമങ്ങളെ അനുസരിക്കുന്നതിനും ഭരണീയർ കടപ്പെട്ടവരാകുന്നു.

വി. രാഷ്ട്രം ഒരു സമുദായമാണ്. ഇതു പലകുടുംബങ്ങൾ ചേർന്നുണ്ടാകുന്നു. ഈ സമുദായത്തെ ഭരിക്കുന്നതിനുള്ള അധികാരം എല്ലാ അധികാരത്തിന്റെയും കർത്താവായ ദൈവത്തിൽനിന്നുള്ളതാകുന്നു. അതുകൊണ്ടാണല്ലോ ദൈവത്തിനുള്ളതു ദൈവത്തിനു കൊടുക്കുവാൻ ആജ്ഞാപിച്ച ദിവ്യഗുരു കേസറിനുള്ളതു കേസറിനു കൊടുക്കുവാൻ നമ്മോടു കല്പിച്ചതു്. ആകയാൽ ദൈവപ്രമാണങ്ങൾക്കും തിരുസ്സഭയുടെ കല്പനകൾക്കും എതിരല്ലാതെയുള്ള സിവിൽ നിയമങ്ങൾ നാം എപ്പോഴും അനുസരിക്കേണ്ടതാണ്.

ചോ. രാഷ്ട്രീയാധികാരികൾക്ക് ഭരണീയരോടുള്ള കടമകൾ ഏവ?

ഉ. വ്യക്തികളുടെയും, കുടുംബങ്ങളുടെയും, തിരുസ്സഭയുടെയും അവകാശങ്ങളെ അഭംഗമായി സംരക്ഷിച്ചു രാജ്യത്തിന്റെ പൊതുനന്മയും ഐശ്വര്യവും അഭിവൃദ്ധിയും ലാക്കാക്കി നീതിബോധത്തോടും, സമഭാവനയോടുംകൂടി ഭരിക്കുകയും, ഇങ്ങനെ ഓരോ പൌരന്റെയും ശാരീരികവും മാനസികവുമായ പൂർണ്ണവളർച്ചയ്ക്കും, വികാസത്തിനും ആവശ്യമായവയെ പ്രദാനം ചെയ്യുയും ചെയ്യുക എന്നുള്ളതാണ് രാഷ്ട്രീയാധികാരികളുടെ കടമ.

ചോ. തിരുസ്സഭാധികാരികളോടു വിശ്വാസികൾക്കുള്ള കടമകൾ ഏവ?

ഉ. തിരുസ്സഭാധികാരികളെ ബഹുമാനിക്കുകയും സ്നേഹിക്കുകയും, പഠിപ്പിക്കുക ഭരിക്കുക വിശുദ്ധീകരിക്കുക എന്നീ ത്രിവിധ അധികാരങ്ങൾക്ക് വിധേയമായി ജീവിക്കുകയും ചെയ്ക എന്നുള്ളതാണ് വിശ്വാസികൾക്കു തിരുസഭാധികാരികളോടുള്ള കടമകൾ.

ചോ. തിരുസ്സഭാധികാരികൾക്ക് വിശ്വാസികളോടുള്ള കടമകൾ ഏവ?

ഉ. തിരുസ്സഭാധികാരികൾക്ക് തങ്ങളുടെ അജഗണത്തെ സ്നേഹിക്കുന്നതിനും അവരെ പഠിപ്പിക്കുന്നതിനും അവരെ ഭരിക്കുന്നതിനും കൂദാശകളും മറവും പരികർമ്മം ചെയ്ത് അവരെ വിശുദ്ധീകരിക്കുന്നതിനും കടമുണ്ട്.

## അഞ്ചാം പ്രമാണം

### "കൊല്ലരുത്"

ചോ. അഞ്ചാം പ്രമാണം കല്പിക്കുന്നതെന്ത്?

ഉ. ഓരോരുത്തനും തൻെറ ശരീരത്തെ ന്യായമായ വിധത്തിൽ സൂക്ഷിച്ചു കാക്കുന്നതിനും സംരക്ഷിക്കുന്നതിനും അഞ്ചാം പ്രമാണം കല്പിക്കുന്നു.

വി. 1. നമ്മുടെ ശരീരവുംആത്മാവും അതിൻെറ കഴിവുകളും ചിലനിർദ്ദിഷ്ട ഉദ്ദേശങ്ങളോടുകൂടി ദൈവം നമുക്ക് പ്രദാനം ചെയ്തിട്ടുള്ളവയാണ്. ആകയാൽ നമ്മുടെ ഹിതാനുസരണം അവയെ ക്ഷയിപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്യുവാൻ നമുക്കുപാടില്ല.

2. ഭക്ഷണം, വസ്ത്രം, ചികിത്സ മുതലായവയാൽ ശരീരത്തെ സംരക്ഷിക്കുവാനുള്ള ചുമതല ഓരോരുത്തനും ഉണ്ട്. എന്നാൽ ഇതു അവനവൻെറ സ്ഥിതിസ്സും സാഹചര്യത്തിനും അനുസരിച്ചു ചെയ്താൽ മതിയാകുന്നതാണ്.

3. അമിതഭോജനം, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം എന്നിവയാൽ ശരീരസുഖത്തിനു ഹാനി വരുത്തുന്നതു് അഞ്ചാം പ്രമാണത്തിനു വിരുദ്ധമാണ്. സുഖലോലുപമായ ഒരു ജീവിത

ത്തെക്കാൾ അദ്ധ്വാനപരമായഒരു ജീവിതമാണ് ആരോഗ്യത്തിന് ഉപകരിക്കുന്നതു്.

ചോ. അഞ്ചാം പ്രമാണം മുടക്കുന്നവ ഏവ?

ഉ. ആത്മഹത്യ, കൊലപാതകം, ഇടർച്ച, ദ്വന്ദയുദ്ധം, പരദൂഷണം, (പരനിന്ദ) എന്നിവ അഞ്ചാം പ്രമാണം മുടക്കുന്നു.

ചോ. ആത്മഹത്യ എന്നാൽ എന്തു്?

ഉ. മനഃപൂർവ്വമായി സ്വയം മരണത്തിന് വിധേയമാകുന്നതാകുന്നു ആത്മഹത്യ.

ചോ. ആത്മഹത്യ ഘനമായ പാപമാകുന്നതു എന്തുകൊണ്ടു്?

ഉ. ജീവന്റെയും മരണത്തിന്റെയും നാഥനായ ദൈവത്തിനുമാത്രം സ്വകീയമായ അധികാരത്തോടുള്ള സ്പഷ്ടമായ ഒരു കയ്യേറ്റമായതുകൊണ്ടാണ് അതു ഘനമായ പാപമാകുന്നതു്.

വി. നാം അല്ല നമ്മുടെ നാഥന്മാർ. നമ്മുടെ ജീവന്റെ നാഥനും കർത്താവും ദൈവമാണ്. ആകയാൽ നമുക്ക് സൌകര്യവും തൃപ്തിയുമുള്ളപ്പോൾ സ്വജീവനെ കാക്കുകയും അസൌകര്യവും ഭാരവുമായി തോന്നുമ്പോൾ യഥേഷ്ടം അതിനെ വലിച്ചെറിയുകയും ചെയ്യാവതല്ല. എന്തുകൊണ്ടെന്നാൽ താദൃശ പ്രവൃത്തിയാൽ ദൈവത്തിനുമാത്രം സ്വായത്തമായ ജീവിതത്തിന്മേലുള്ള അധികാരത്തിൽ നാം കൈകടത്തുകയത്രെ ചെയ്യുന്നതു്.

സ്വജീവൻ സംരക്ഷിക്കുക എന്നതു ഏതൊരു ജീവിയുടെയും പ്രകൃതി ദത്തമായ ഒരു വാസനയാണ്. ഈ പ്രകൃതിനിയമം മനുഷ്യന് സ്വഭാവപ്രമാണവുമത്രെ. കൂടാതെയും അയൽക്കാരനെ സ്നേഹിക്കണമെന്നു കല്പിക്കുന്ന ദൈവം നമ്മെത്തന്നെയും സ്നേഹിക്കുവാൻ കല്പിക്കുന്നുണ്ടു്. ആകയാൽ ആത്മഹത്യ സ്വഭാവ പ്രമാണത്തിന്റെയും ദൈവ പ്രമാണത്തിന്റെയും ഏററവും ഘനമായ ലംഘനമാകുന്നു.

ചോ. കൊലപാതകം എന്നാൽ എന്തു്?

ഉ. മനഃപൂർവ്വമായും അനീതിയായും മനുഷ്യനെ നിഗ്രഹിക്കുന്നതത്രെ കൊലപാതകം.

വി. നമ്മുടെ ഒരു പ്രവൃത്തി യാദൃച്ഛികമായി മററൊരാളുടെ മരണത്തിനു കാരണമായി എന്നതുകൊണ്ടു അതു കൊലപാതകമാകയില്ല. അതു മനഃപൂർവ്വമായ ഒരുപ്രവൃത്തിയായിരിക്കണം.

കൂടാതെയും ശിക്ഷ നടത്തി സമാധാനം പാലിക്കേണ്ട അധികാരികൾ നിയമാനുസരണം നടത്തുന്ന വധവും കൊലപാതകമല്ല.

ചോ. കൊലപാതകം ഘനമായ പാപമാകുന്നതു എന്തുകൊണ്ട്?

ഉ. ജീവൻെറ നാഥനായ ദൈവത്തിനു മാത്രമുള്ള അധികാരത്തെ അപഹരിക്കുന്നതുകൊണ്ടും, മനുഷ്യസമുദായത്തിൻെറ ഭദ്രതയെ നശിപ്പിക്കുന്നതുകൊണ്ടും കൊല്ലപ്പെടുന്നവന് പുണ്യസമ്പാദനത്തിനും മരണത്തിന് തയ്യാറാകുന്നതിനും ഉള്ള അവസരം നഷ്ടമാകുന്നതുകൊണ്ടും ആകുന്നു കൊലപാതകം ഘനമായ പാപമാകുന്നത്.

ചോ. ഇടർച്ച എന്നാൽ എന്ത്?

ഉ. മറെറാരുത്തന് പാപം ചെയ്യാൻ ഇടയാകത്തക്ക വല്ല വാക്കോ, പ്രവൃത്തിയോ ഉപേക്ഷയോ ആകുന്നു ഇടർച്ച.

വി. കൊലപാതകം ശരീരജീവനെ നശിപ്പിക്കുന്നു. ഇടർച്ചയാകട്ടെ ആദ്ധ്യാത്മിക ജീവനെ അപായപ്പെടുത്തുന്നു. ഇടർച്ച പലതരത്തിൽ ഉണ്ടാകും. പത്രമാസികകൾ വഴിയായോ പ്രസംഗങ്ങൾ മൂലമോ അസഭ്യവാക്കുകൾ വഴിയായോ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും ഹാനി വരുത്തുന്നവർ അന്യർക്കു ഉതപ്പുകൊടുക്കുന്നവരാകുന്നു.

ചോ. ഇടർച്ച ഘനമായ പാപമാകുന്നതെന്തുകൊണ്ട്?

ഉ. ആത്മാക്കളെ നഷ്ടപ്പെടുത്തി ദൈവത്തിൻെറ ഏററവും മഹത്തായ രക്ഷണീയവേലയെ അതു ശിഥിലമാക്കുന്നതുകൊണ്ടാണ് ഇടർച്ച ഘനമായ പാപമാകുന്നു എന്നു പറയുന്നത്. "എന്നാൽ എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ഇടർച്ച വരുത്തുന്നവൻ ആരോ അവൻെറ കഴുത്തിൽ കഴുതയുടെ തിരികല്ലു കെട്ടിത്തൂക്കി സമുദ്രത്തിൻെറ ആഴത്തിൽ താഴ്ത്തപ്പെടുന്നതു അവനു നന്നായിരുന്നു." (മത്തായി. 28—6)

വി. ഇടർച്ച എല്ലായ്പോഴും ഘനമായ പാപമാകണമെന്നില്ല. ഘനമായ ആത്മനഷ്ടത്തിനു മനഃപൂർവ്വം ഇടവരുത്തുന്നവൻ ഘനമായി പിഴക്കുന്നു എന്നതിനു സംശയമില്ല.

ചോ. ദ്വന്ദ്വയുദ്ധം എന്നാൽ എന്ത്?

ഉ. നിശ്ചിതസ്ഥലത്തുവച്ച് നിശ്ചിതസമയത്ത് ഇരുകൂട്ടരും സമ്മതിച്ചിട്ടുള്ള ആയുധങ്ങളോടുകൂടി രണ്ടുപേർ തമ്മിൽ നടത്തുന്ന സമരമാകുന്നു ദ്വന്ദ്വയുദ്ധം.

ചോ. ദ്വന്ദ്വയുദ്ധം ഘനമായ പാപമാകുന്നതു എന്തുകൊണ്ട്?

ഉ. ദ്വന്ദ്വയുദ്ധത്തിൽ ഒരുത്തൻ അപരനെ വധിക്കുകയോ മുറിപ്പെടുത്തുകയോ ചെയ്യുന്നതുകൊണ്ടാണ് അത് ഘനമായപാപമാണെന്നു പറയുന്നത്.

സൂചന:— ദ്വന്ദ്വയുദ്ധം ചെയ്യുന്നവർക്കും അവരോടു സഹകരിക്കുന്നവർക്കും അവരെ പ്രോത്സാഹിപ്പിക്കുന്നവർക്കും നിവൃത്തിയുണ്ടായിട്ടും അതിനെ തടയാത്തവർക്കും ദ്വന്ദ്വയുദ്ധത്തിൽ മരിക്കുന്നവർക്കും തിരുസ്സഭ വലുതായ ശിക്ഷകൾ നിശ്ചയിച്ചിട്ടുണ്ട്.

ചോ. പരദൂഷണം എന്നാൽ എന്ത്

ഉ. വാക്കു വഴിയായോ പ്രവൃത്തികൾ വഴിയായോ ഏതെങ്കിലും തരത്തിൽ അപരനു മാനഹാനി വരുത്തുന്നതത്രെ പരദൂഷണം?

ചോ. പരദൂഷണം പാപമാണോ?

ഉ. പരദൂഷണം പാപമാണ്. അപരനു വരുത്തിയ അവമാനത്തിന്റെ ഗുരുലഘുത്വമനുസരിച്ചു അതു ഘനമായതോ ലഘുവായതോ ആകാം.

ചോ. അപരനു വരുത്തിയ അവമാനം സംബന്ധിച്ചു നാം ചെയ്യേണ്ടതെന്ത്?

ഉ ശാരീരികമോ ആത്മീയമോ ആയി അപരനെ ഉപദ്രവിച്ചാൽ പ്രസ്തുത പാപത്തെ ഏററു പറയുന്നതിനുംപുറമേ, വരുത്തിയ നഷ്ടത്തിനു പ്രതിഫലം കൊടുത്തുകൊണ്ടും താൻ പ്രചരിപ്പിച്ച അബദ്ധങ്ങളെ പിൻവലിച്ചുകൊണ്ടും നല്ല ദൃഷ്ടാന്തം കാണിച്ചുകൊണ്ടും പരിഹരിക്കേണ്ടിയിരിക്കുന്നു.

## ആറും, ഒമ്പതും പ്രമാണങ്ങൾ

"വ്യഭിചരിക്കരുതു്."

"അന്യന്റെ ഭാര്യയെ ആഗ്രഹിക്കരുതു്."

ചോ. ആറാം പ്രമാണം കല്പിക്കുന്നതെന്ത്?

ഉ. നമ്മുടെ ബാഹ്യപ്രവൃത്തികളിൽ ശുദ്ധതയും അടക്കവും കാക്കുന്നതിനു് ആറാം പ്രമാണം കല്പിക്കുന്നു.

ചോ. ഒമ്പതാം പ്രമാണം കല്പിക്കുന്നതെന്ത്?

ഉ. വിചാരത്തിലുംആഗ്രഹത്തിലും ശുദ്ധത കാക്കണമെന്നത്രെ ഒമ്പതാം പ്രമാണം കല്പിക്കുന്നത്.

വി. ആറും ഒമ്പതും പ്രമാണങ്ങൾ ശുദ്ധതയെന്ന പുണ്യത്തെ സംബന്ധിക്കുന്ന ബാഹ്യവും, ആന്തരികവുമായ പ്രവൃത്തികളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. ആറാം പ്രമാണം, നാം പ്രവൃത്തിയിലും, നോട്ടത്തിലും, വ്യാപാരത്തിലും, സംസാരത്തിലും ശുദ്ധതയും അടക്കവും ഉള്ളവരായിരിക്കണമെന്നു കല്പിക്കുന്നു. ഒമ്പതാം പ്രമാണമാകട്ടെ മനസ്സിലും ഹൃദയത്തിലും ചാരിത്ര്യശുദ്ധിയും ശുദ്ധതയും ഉള്ളവരായിരിക്കണമെന്നാണ് ആജ്ഞാപിക്കുന്നത്. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവന്മാരാകുന്നു. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും." (മത്താ. 5–8)

ചോ. ആറും ഒമ്പതും പ്രമാണങ്ങൾ എന്തു മുടക്കുന്നു?

ഉ. ശുദ്ധത എന്ന പുണ്യത്തിന് വിരോധമായ ആന്തരികവും ബാഹ്യവുമായ എല്ലാ പ്രവൃത്തികളും വിവാഹശുദ്ധതയ്ക്കെതിരായ എല്ലാ തെററുകളും ആറും, ഒൻപതും പ്രമാണങ്ങൾ മുടക്കുന്നു.

ചോ ശുദ്ധത എന്നാൽ എന്ത്?

ഉ. ജഡിക മോഹങ്ങളെയും സന്തോഷങ്ങളെയും സ്വബോധത്തിനും ദൈവപ്രമാണങ്ങൾക്കും അനുസരണമായി നിയന്ത്രിക്കുന്ന ഒരു പുണ്യമാകുന്നു ശുദ്ധത.

സൂചന:– 1. ശുദ്ധത കാക്കണം എന്ന കല്പന എല്ലാവരെയും ഒരുപോലെയല്ല ബാധിക്കുന്നത്. വിവാഹ ജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്നവർ പാലിക്കേണ്ടതായ ശുദ്ധത ഒന്ന്, അവിവാഹിതർ അനുസരിക്കേണ്ടതായ പരിപൂർണ്ണവിരക്തി മററൊന്ന്, ഈ രണ്ടിനത്തിൽപെട്ട ശുദ്ധതയ്ക്കും എതിരായി പാപം ഉണ്ടാകാവുന്നതാണ്.

2. ഈ പുണ്യത്തിനെതിരായ ദുർഗ്ഗുണത്തിനു അശുദ്ധതഎന്നാണു പറയുന്നത്.

ചോ. നിരൂപണവഴിയായി ശുദ്ധതയ്ക്കു വിരോധമായ പാപത്തിൽ വീഴുന്നതെപ്പോൾ?

ഉ. പാപം ചെയ്യണമെന്നു വിചാരമുണ്ടാകയും അതിനു വിധേയരാകുകയും ചെയ്താൽ അതു പാപമാകും.

വി. മനഃപൂർവ്വം ക്ഷണിച്ചു വരുത്തുന്ന അശുദ്ധ വിചാരങ്ങൾ എപ്പോഴും പാപമാണ്. എന്നാൽ നമ്മുടെ അറിവും സമ്മതവും കൂടാതെ ഇപ്രകാരമുള്ള വിചാരങ്ങൾ വന്നാൽ അതു് പാപമാകയില്ല. അറിവുണ്ടായാലും സമ്മതം കൊടുക്കാതിരിക്കുന്ന കാലത്തോളം "അതു് നമ്മെ മലിനപ്പെടുത്തുന്നതല്ല. മറിച്ചു് അതിനോടു എതിർക്കുകകൂടി ചെയ്യുന്നുവെങ്കിൽ അതു പുണ്യമാണ്.

ചോ. വാക്കുകൾ വഴിയായി ശുദ്ധതയ്ക്കു വിരോധമായ പാപത്തിൽ വീഴുന്നതെപ്പോൾ?

ഉ. വിഹിതമല്ലാത്ത സംസാരങ്ങൾ, അംഗ്യങ്ങൾ, മുതലായവ വഴിയായിട്ടാണ് വാക്കുകൾ മൂലമുള്ള അശുദ്ധ പാപം ചെയ്യുന്നതു്.

വി. വിഷയാസക്തിയെ തട്ടിയുണർത്തുന്നതും അടക്കത്തിനെതിരായ രൂപീകരണങ്ങൾക്ക് ഭാവനയിൽ പ്രതിഷ്ഠ നൽകുന്നതുമായ പുസ്തക മാസികകൾ പ്രത്യേകം പരിവർജ്ജിക്കേണ്ടതാണ്.

ചോ. പ്രവൃത്തി വഴിയാലുള്ള ശുദ്ധതയ്ക്കുവിരോധമായ പാപങ്ങൾ ഏവ?

ഉ. ശുദ്ധതയ്ക്കു വിരോധമായ നോട്ടങ്ങൾ സ്പർശനങ്ങൾ മുതലായവ പ്രവൃത്തിയാലുള്ള പാപങ്ങളത്രെ.

ചോ. ആഗ്രഹം വഴിയായി ശുദ്ധതയ്ക്കു വിരോധമായ പാപത്തിൽ വീഴുന്നതെപ്പോൾ?

ഉ. ശുദ്ധതയ്ക്ക വിരോധമായ സംഗതികൾ ആഗ്രഹിക്കുന്നതും കഴിഞ്ഞുപോയവയെ ഓർത്തു സന്തോഷിക്കുന്നതും ആഗ്രഹം വഴിയായുള്ള പാപമാകുന്നു.

ചോ. അശുദ്ധത ഘനമായ പാപമാകുന്നുവോ?

ഉ. പൂർണ്ണഅറിവും പൂർണ്ണസമ്മതവും ഉള്ളപ്പോൾ വിഷയം നിസ്സാരമായാലും ഘനമായ പാപമാകുന്നു.

വി. അശുദ്ധി ദൈവത്തിന്റെയും മനുഷ്യരുടെയും ദൃഷ്ടിയിൽ ഏററവും അരോചകവും വെറുപ്പും വരുത്തുന്നതായ ഒരു പാപമത്രെ. അതും മനുഷ്യനെ മൃഗപ്രായനാക്കിത്തീർക്കുകയും അവനെ വേറെ പല പാപങ്ങളിലേയ്ക്കും വലിക്കുകയും ചെയ്യുന്നു. ഇഹത്തിൽ മാത്രമല്ല പരത്തിലും ഈ പാപം അതിഭയങ്കരമായി ശിക്ഷിക്കപ്പെടുന്നതാണ്. ജലപ്രളയത്താൽ ദൈവം ലോകത്തെ ഒന്നാകെ ശിക്ഷിച്ചതും സൊദോം, ഗൊമോറാ എ

ന്ന പട്ടണങ്ങൾ അഗ്നിക്കിരയാക്കിയതും അശുദ്ധി എന്ന പാപമല്ലയോ?

ചോ. അശുദ്ധമായ പാപങ്ങൾക്കുള്ള കാരണങ്ങൾ ഏവ?

ഉ. ഉത്ഭവപാപം വഴിയായി ക്ഷതപ്പെട്ട മനുഷ്യസ്വഭാവവും, ദുഷ്ടാരൂപികളുടെ, നിരന്തരപ്രലോഭനങ്ങളും, പഞ്ചേന്ദ്രിയങ്ങളുടെ, വിശിഷ്യ കണ്ണുകളുടെ നിയന്ത്രണമില്ലായ്കയും, ആധുനികകാലത്തെ ദുഷിച്ച സിനിമാകൾ, നാടകങ്ങൾ മുതലായവയും, ദുസ്സ്വഭാവികളുമായുള്ള സഖിത്വവും, അസന്മാർഗ്ഗികമായ ഗ്രന്ഥങ്ങളുടെ പാരായണവും, ഭക്തികൃത്യങ്ങളിലുള്ള അലസതയും മറ്റുമാകുന്നു അശുദ്ധപാപത്തിൽ വീഴുന്നതിനു പലപ്പോഴും ഇടയാക്കുന്നത്.

ചോ. അശുദ്ധപാപങ്ങളുടെ ഫലങ്ങൾ ഏവ?

ഉ. അശുദ്ധപാപങ്ങൾ ബുദ്ധിയെ അന്ധമാക്കി മനസ്സിന്റെ സ്വാതന്ത്ര്യവ്യാപാരത്തെ തടയും 2. ശരീരാരോഗ്യം നശിപ്പിച്ച് മനോവീര്യവും നഷ്ടപ്പെടുത്തി ജീവച്ഛവങ്ങളെപ്പോലെ ആക്കി അകാലമരണത്തിനിടയാക്കും. 3. ദുഷ്പേരിനിടയാക്കും. 4. അവിശ്വാസത്തിലേക്കും മറ്റു ഗുരുതരപാപങ്ങളിലേക്കും വഴിതെളിയിക്കും. 5. ഈ പാപത്തഴക്കത്തിൽനിന്നു മോചനം പ്രാപിക്കുന്നതിനു വളരെയധികം പരിശ്രമിക്കേണ്ടിവരും. ഈദൃശങ്ങളാണ് അശുദ്ധപാപങ്ങളുടെ വിനാശഫലങ്ങൾ.

ചോ. ശുദ്ധജീവിതം കഴിക്കുന്നതിന് നാം പരിവർജ്ജിക്കേണ്ടവ ഏവ?

ഉ. അലസത, ദുഷ്ടക്കൂട്ടുകാർ, അസന്മാർഗ്ഗികമായ പുസ്തകങ്ങൾ, പത്രങ്ങൾ, മാസികകൾ ഇവയുടെ പാരായണം, അസഭ്യങ്ങളായ രൂപങ്ങളുടെയും പടങ്ങളുടെയും കാഴ്ച, ആഭാസങ്ങളായ നാടകശാലകൾ സിനിമാകൾ പ്രഭാഷണങ്ങൾ എന്നിങ്ങനെയുള്ള എല്ലാ പാപഹേതുക്കളെയും പരിവർജ്ജിക്കേണ്ടതാകുന്നു.

ചോ. ശുദ്ധമായി വ്യാപരിക്കുന്നതിനുള്ള ഉപാധികൾ ഏവ?

ഉ. നിരന്തരമായ പ്രാർത്ഥന, പരി. കന്യകമറിയത്തോടുള്ള ഭക്തി, ദിവ്യരക്ഷകന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചുള്ള സ്മരണ, നിത്യസത്യങ്ങളിന്മേലുള്ള ചിന്ത, ദൈവസാന്നിദ്ധ്യത്തെക്ക

റിച്ചുള്ള ഓർമ്മ, പഞ്ചേന്ദ്രിയങ്ങളുടെ സൂക്ഷ്മ വി. ക്രമങ്ങളുടെ സ്വീകരണം മുതലായവ ശുദ്ധമായി ജീവിക്കുന്നതിനു നമ്മെ സഹായിക്കുന്നവയാണ്.

## ഏഴും, പത്തും പ്രമാണങ്ങൾ.

"മോഷ്ടിക്കരുത്"

"അന്യൻെറ വസ്തുക്കളെ ആഗ്രഹിക്കരുത്."

ചോ. ഏഴും പത്തും പ്രമാണങ്ങൾ എന്തു കല്പിക്കുന്നു?

ഉ. ഈ പ്രമാണങ്ങൾ സ്വകാര്യസ്വത്തുടമസ്ഥതയെ ആദരിക്കുവാനും, ധനസംബന്ധമായ നമ്മുടെ ഉടമ്പടികളെ പാലിക്കുന്നതിനും, നീതിയായി നാം വീട്ടേണ്ട കടങ്ങളെ വീട്ടുന്നതിനും കല്പിക്കുന്നു.

ചോ. സ്വകാര്യസ്വത്തുടമസ്ഥത എന്നാൽ എന്ത്?

ഉ. ദൈവകല്പനകൾക്കും ന്യായമായ രാഷ്ട്രീയനിയമങ്ങൾക്കും വിരുദ്ധമല്ലാതെ ധനം സമ്പാദിക്കുന്നതിനും, വച്ചുസൂക്ഷിക്കുന്നതിനും ഹിതാനുസരണം കൈകാര്യം ചെയ്യുന്നതിനുമുള്ള സ്വാഭാവിക അവകാശം അത്രെ സ്വകാര്യസ്വത്തുടമസ്ഥത.

ചോ. സ്വകാര്യസ്വത്തുടമസ്ഥത നീതിപരമാണോ?

ഉ. അതെ, സ്വകാര്യസ്വത്തുടമസ്ഥത നീതിപരമാണ്. എന്തുകൊണ്ടെന്നാൽ അതു പ്രകൃതിദത്തവും തദ്വാരാ ദൈവദത്തവുമായ ഒരവകാശമാണ്.

വി. കാര്യാകാര്യങ്ങളെ പരിചിന്തനം ചെയ്തു ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നതിനും ഭാവിയെ മുൻനിർത്തി വിവേചനാപൂർവ്വം വർത്തിക്കുന്നതിനും മനുഷ്യനു കഴിയും. അതിനായി അവൻെറ താൽക്കാലികക്ഷേമത്തിന്നാവശ്യമുള്ള പദാർത്ഥങ്ങളെ മാത്രമല്ല വരും കാലത്തിൽ തനിക്കു പ്രയോജനപ്പെടുമെന്നു തോന്നുന്നവയെയും തെരഞ്ഞെടുത്തു സൂക്ഷിക്കുവാനുള്ള വാസനയും അവകാശവും അവനുണ്ട്. ഇതു് സ്വകാര്യസ്വത്തുടമസ്ഥതക്കൂടാതെ പ്രായോഗികമാക്കുക സാദ്ധ്യമല്ലല്ലോ.

ചോ. സ്വകാര്യസ്വത്തുടമസ്ഥതയ്ക്കെതിരായ ആധുനികവാദം എന്താണ്?

ഉ. കമ്മ്യൂണിസമാണ് സ്വകാൎയ്യസ്വത്തുടമസ്ഥതയ്ക്കെതിരായ വാദം.

ചോ. കമ്മ്യൂണിസമെന്നാൽ എന്ത്?

ഉ. സ്വകാൎയ്യസ്വത്തുടമസ്ഥതയ്ക്കുള്ള ദൈവദത്തവും സ്വാഭാവികവുമായ അവകാശത്തെ നിഷേധിക്കുകയും, സ്വകാൎയ്യസ്വത്ത് വ്യക്തിയിൽനിന്നു നീക്കി സമുദായത്തിന്റെ പൊതു ഉടമസ്ഥതയിൽ സ്ഥാപിച്ച് വിനിയോഗിക്കണമെന്ന് ശഠിക്കുകയും ചെയ്യുന്ന ഒരു അബദ്ധപാഠനവും പ്രവൎത്തനപദ്ധതിയുമാകുന്നു കമ്മ്യൂണിസം.

ചോ. കമ്മ്യൂണിസം യുക്തിക്കും വിശ്വാസത്തിനും എതിരാണോ?

ഉ. അതെ, അതു യുക്തിക്കും വിശ്വാസത്തിനും എതിരാണ്. എന്തെന്നാൽ സ്വകാൎയ്യസ്വത്തുടമസ്ഥതയ്ക്ക് ഓരോരുത്തൎക്കും അവകാശമുണ്ടെന്ന് യുക്തിയും വിശ്വാസവും ഒരുപോലെ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

വി. കമ്മ്യൂണിസം വ്യക്തികൾക്കും കുടുംബങ്ങൾക്കും രാഷ്ട്രത്തിനുതന്നെയും നാശകരമായ ഒരു വിപത്താണ്. സ്വന്തമായി വല്ലതും സമ്പാദിക്കയും അതിനെ ഇഷ്ടാനുസരണം കൈകാൎയ്യം ചെയ്കയും ചെയ്യാം എന്നുള്ള പ്രതീക്ഷയാണ് മനുഷ്യരുടെ എല്ലാ പ്രയത്നങ്ങളുടെയും ജീവനാഡിയായി നിൽക്കുന്നതു്. ഒരാൾ യൌവ്വനത്തിൽ സമ്പാദിക്കുന്നതു് വാൎദ്ധക്യത്തിലേക്ക് സൂക്ഷിച്ചുവയ്ക്കുവാൻ പാടില്ലെന്നും പിതാവിന്റെ സമ്പാദ്യം മക്കൾക്കു കൊടുക്കുവാൻ നിവൃത്തിയില്ലെന്നും വന്നാൽ അദ്ധ്വാനിക്കുന്നതിനു് എന്തു പ്രോത്സാഹനമാണുണ്ടാകുക? അലസനായി, കാലം കഴിക്കുന്നതിനു ഇതു പ്രേരകമായിരിക്കയില്ലയോ? സ്വത്തെല്ലാം ദുൎവ്യയം ചെയ്താലും അന്യരുടെ സ്വത്തിൽനിന്നും നാളെ തനിക്കു വേണ്ടതു ലഭിക്കും എന്നുവന്നാൽ ദുൎമാൎഗ്ഗവും ദുൎവ്യയവും സൎവ്വസാധാരണമായി വരികയില്ലയോ? ഇവയെല്ലാം വ്യക്തിയേയും കുടുംബങ്ങളെയും സമുദായത്തെയും നാശഗൎത്തത്തിലേയ്ക്കു നിപതിപ്പിക്കുന്നതാണ്.

ചോ. കമ്മ്യൂണിസത്തിന്റെ മൂലകാരണം എന്താണ്?

ഉ. ഈ വിപത്തിന്റെ മൂലകാരണം മുതലാളികളുടെയും തൊഴിലാളികളുടെയും അമിതമായ ധനമോഹമാണ്.

ചോ. കമ്മ്യൂണിസത്തെ ഉന്മൂലനം ചെയ്യാൻ നാം എന്താണ് ചെയ്യേണ്ടതു്?

ഉ. എല്ലാവരും അമിതധനമോഹത്തെ വെടിഞ്ഞ് നീതിബോധത്തോടും പരസ്പരസ്നേഹത്തോടുംകൂടെ ധനസംബന്ധമായ കാര്യങ്ങളിൽ വർത്തിക്കണം.

വി. ദൈവത്തിൻെറ പിതൃത്വം, മനുഷ്യൻെറ സാഹോദര്യം എന്നീമൂലക്കല്ലുകളിന്മേലാണ് സമുദായസൌധം പണിയപ്പെട്ടിട്ടുള്ളത്. തന്മൂലം അവ അതിൻെറ ക്ഷേമത്തിനും അഭ്യുദയത്തിനും നിദാനമെന്ന് സമ്മതിച്ചേതീരൂ. നാം നമ്മുടെ സഹോദരനിൽ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിൻെറ ഛായ ദർശിക്കണം. നമുക്കുവേണ്ടി എന്നതുപോലെതന്നെ അവരവർക്കുവേണ്ടിയും മിശിഹാ അവസാനത്തുള്ളിവരെ രക്തം ചിന്തി മരിച്ചു എന്നും, നാമെല്ലാവരും സ്വർഗ്ഗപ്രാപ്തിക്ക് നിയുക്തരെന്നും, നാം ഓർക്കണം. ഈദൃശചിന്തകൾ നമ്മുടെ പ്രവർത്തനങ്ങളെ നയിക്കുന്നുവെങ്കിൽ മുതലാളിതൊഴിലാളിപ്രശ്നം അതിവേഗം തിരോധനം ചെയ്യുന്നതാണ്.

ചോ. ഈ പ്രമാണങ്ങൾ മുടക്കുന്നവ ഏവ?

ഉ. ഈ പ്രമാണങ്ങൾ മുടക്കുന്നവ ധനമോഹം, മോഷണം, കവർച്ച, ചതിവ് അപരൻെറ വസ്തുനാശം, അന്യായപലിശ, മുതലായവയത്രെ.

ചോ. ധനമോഹം എന്നാൽ എന്തു്?

ഉ. ഭൌതികവസ്തുക്കളോടുള്ള അമിതമായ ആശയാണു ധനമോഹം.

ചോ. ധനമോഹം പാപമാണോ?

ഉ. അതെ. ധനമോഹം പാപമാണ്. എന്നാൽ ദൈവപ്രമാണങ്ങൾ, തിരുസ്സഭയുടെ കല്പനകൾ, സ്വന്തം ജീവിതസ്ഥിതിയുടെ കടമകൾ മുതലായവ ലംഘിക്കുവാൻ ഇടയാവാത്തകാലത്തോളം അതു് ലഘുവായ പാപമേ ആകുകയുള്ളൂ.

ചോ. മോഷ്ടിക്കുക എന്നാൽ എന്തു്?

ഉ. മോഷ്ടിക്കുക എന്നാൽ അന്യൻെറ വസ്തുക്കളെ ഉടമസ്ഥൻെറ അറിവും സമ്മതവും കൂടാതെ എടുക്കുന്നതാകുന്നു.

ചോ. മോഷണം ചാവദോഷമാകുമോ?

ഉ. മോഷ്ടിച്ച സാധനം സാരമായതാകുന്നപക്ഷം അതു് നീതിക്കു വിരോധമായ ചാവുദോഷമാകും.

വി. ഓരോരുത്തനും സ്വാഭാവികമായിത്തന്നെ സ്വന്ത വസ്തുക്കളിന്മേൽ അവകാശമുണ്ട്. ഈ അവകാശത്തെ ആദരിക്കേണ്ടതു വ്യക്തികളുടെയും കുടുംബങ്ങളുടെയും സമുദായത്തിന്റെയും ക്ഷേമത്തിനാവശ്യമാണ്. മോഷ്ടിക്കപ്പെട്ട വസ്തു സാരമായതാണെങ്കിൽ എത്ര വിലയുള്ളതായിരിക്കണമെന്ന് നിശ്ചയിക്കുവാൻ പ്രയാസമാണ്. വസ്തുസ്വല്പവിലയുള്ളതായാലും അതിന്റെ നഷ്ടത്താൽ ഉടമസ്ഥന് വലുതായ നഷ്ടം നേരിടുന്ന പക്ഷം അതിനെ സാരമായി പരിഗണിക്കേണ്ടതാണ്.

ചോ. കവർച്ച എന്നാൽ എന്ത്?

ഉ. കവർച്ച എന്നാൽ അന്യന്റെ വസ്തുക്കളെ പരസ്യമായും ബലാൽക്കാരമായും എടുക്കുന്നതാകുന്നു.

സൂചന:— ഈ സംഗതിയിലും വസ്തുവിന്റെ ഗൌരവം, മോഷണത്തിന്റെ സംഗതിയിൽ പറഞ്ഞതുപോലെ വ്യത്യാസപ്പെട്ടിരിക്കാവുന്നതാണ്.

ചോ. ചതിവ് എന്നാൽ എന്ത്?

ഉ. കൊടുക്കൽവാങ്ങലിൽ ചെയ്യുന്ന വഞ്ചന. ചതിവ്, അനീതി, ഉടമ്പടി ലംഘനം മുതലായവ ഈ ഇനത്തിൽ ഉൾപ്പെടുന്നു.

വി. അന്യരുള്ളതു നഷ്ടമായി പോകുവാൻ ശരിയല്ലാത്തവിധത്തിൽ കാരണമാകുന്നതും, അവന്റെ വസ്തുവിനുകേടു വരുത്തുന്നതും, കടമയനുസരിച്ച് വേല ചെയ്യാതിരിക്കുന്നതും, കടമായോ കൂലിയായോ അന്യനു ചെല്ലേണ്ടതു മന:പൂർവ്വം കൊടുക്കാതിരിക്കുന്നതും, അന്യന്റെ നാൽക്കാലികളെ മുറിപ്പെടുത്തുകയോ കൊല്ലുകയോ ചെയ്യുന്നതും, നമ്മുടെ സൂക്ഷത്തിൻ കീഴുള്ള അന്യന്റെ വസ്തുവിനു കേടുവരുത്തുകയോ, കേടുവരുവാൻ ഇടവരുത്തുകയോ ചെയ്യുന്നതും അന്യന് ന്യായമായി സമ്പാദിക്കാവുന്ന ലാഭത്തെ തടുക്കുന്നതും, മോഷണക്കാരെ സഹായിക്കുന്നതും, മോഷ്ടിച്ച വസ്തുവാങ്ങിക്കുകയോ മറച്ചുവയ്ക്കുകയോ വിൽക്കുകയോ ചെയ്യുന്നതും, അന്യന്റെ വസ്തുക്കളോടു ചെയ്യാവുന്ന അന്യായങ്ങളാണു.

ചോ. അന്യായപ്പലിശ എന്നാൽ എന്ത്?

ഉ. അന്യന്റെ ആവശ്യത്തെ അഥവാ അറിവില്ലായ്മയെ ഒരു അവസരമാക്കിക്കൊണ്ട് കടം കൊടുത്ത പണത്തിന് നിയ

മാനുസാരമുള്ള തുകയേക്കാൾ അധികം പലിശ വാങ്ങിക്കുന്നതാകുന്ന അന്യായപലിശ.

വി. ന്യായമായ പലിശനിരക്ക് എന്തുമാത്രമാണെന്നു നിശ്ചയിക്കുവാൻ പ്രയാസമത്രെ. ഇതു്, സ്ഥലം, സമയം, ആളുകൾ പണസ്ഥിതി എന്നീ വിവിധ സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കും. രാഷ്ട്രിയനിയമം പലിശനിരക്ക് ക്രമീകരിക്കുന്നുവെങ്കിൽ അതു നാം സ്വീകരിക്കേണ്ടതാണ്. നീതിബോധവും, ദൈവഭയവും ഉള്ളവരുടെ വിധി ഈ സംഗതിയിൽ ആദരണീയമാണ്.

ചോ. ഏഴാംപ്രമാണത്തിന്ന് വിരോധമായിപാപം കുമ്പസാരിച്ചാൽമാത്രം മതിയോ?

ഉ. ഏഴാം പ്രമാണത്തിന്ന് വിരോധമായി ചെയ്ത തെററിനെക്കുറിച്ചു മനസ്താപപ്പെട്ട് കുമ്പസാരിക്കുന്നതിനും പുറമെ മോഷ്ടിച്ചതിനെ തിരിച്ചുകൊടുക്കുകയും, വരുത്തിയ നഷ്ടത്തെ പരിഹരിക്കുകയും ചെയ്യണം.

ചോ. മോഷ്ടിച്ച വസ്തു തിരിച്ചു കൊടുക്കേണ്ടതു ആർക്കാണ്?

ഉ. മോഷ്ടിച്ച വസ്തു, അതു ആരിൽനിന്നെടുത്തുവോ അയാൾക്കോ അയാൾ മരിച്ചുപോയെങ്കിൽ അയാളുടെ അവകാശികൾക്കോ കൊടുക്കണം.

ചോ. വിലപ്പിടിച്ച വല്ലതും കണ്ടുകിട്ടിയാൽ എന്തുചെയ്യണം?

ഉ. ഉടമസ്ഥനെ ജാഗ്രതയോടുകൂടി അന്വേഷിച്ചു കണ്ടെത്തിയാൽ വസ്തു ഉടനെ അയാളെ ഏല്പിക്കണം.

## എട്ടാം പ്രമാണം

### "കള്ളസ്സാക്ഷി പറയരുതു്."

ചോ. എട്ടാം പ്രമാണം കല്പിക്കുന്നതെന്തു്?

ഉ. എല്ലാ സംഗതികളിലും പ്രത്യേകം മററുള്ളവരുടെ സൽകീർത്തിയെയോ ധനത്തെയൊ സംബന്ധിക്കുന്ന കാര്യങ്ങളിലും സത്യം പറയുന്നതിനാണ് ഈ പ്രമാണം കല്പിക്കുന്നതു്.

വി. ദൈവം സത്യമാണ്. ആകയാൽ നാം അവിട്ടത്തെമക്കളാണെങ്കിൽ നാം എപ്പോഴും സത്യത്തെ ആദരിക്കണം. തുഴക്കമായി നുണപറയുന്നവരെ ആരും വിശ്വസിക്കുകയില്ലെന്നും, സത്യസ്നേഹികളെ എല്ലാവരും ബഹുമാനിക്കുമെന്നും നാം ഓർത്തിരിക്കേണ്ടതാണ്. സംസാരത്തിൽ സത്യത്തിനെതിരായ പ്രസ്താവനകൾ കടന്നുകൂടാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം

ചോ. എട്ടാംപ്രമാണം മുടക്കുന്നവ ഏവ?

ഉ. കള്ളസ്സാക്ഷി, നുണ, അപകീർത്തിപരമായ പ്രസ്താവനകൾ, രഹസ്യഭഞ്ജനം മുതലായി അപരന്റെ സൽകീർത്തിയ്ക്കു ഹാനികരമായ എല്ലാ പ്രവൃത്തികളെയും ഈ പ്രമാണം മുടക്കുന്നു.

ചോ. കള്ളസ്സാക്ഷി എന്നാൽ എന്ത്?

ഉ. കോടതിമുമ്പാകെ അസത്യത്തിന് സാക്ഷി പറയുന്നതാകുന്നു കള്ളസ്സാക്ഷി.

വി. കോടതികളിൽ കള്ളക്കേസുകൾ കൊടുക്കുന്നതും അടിസ്ഥാനരഹിതങ്ങളും സംശയഗ്രസ്തങ്ങളുമായ സംഗതികൾ വാസ്തവങ്ങളായി പ്രസ്താവിക്കുന്നതും, അവയെ ആദരിച്ചു വാദിക്കുന്നതും കള്ളസ്സാക്ഷിയിൽ ഉൾപ്പെടുന്നു. തങ്ങൾ പറയുന്ന വ്യാജം സത്യംചെയ്തു സ്ഥിരീകരിക്കുന്നവർ ദൈവദോഷത്തിൽ ഉൾപ്പെടുന്നു.

ചോ. നുണ എന്നാൽ എന്ത്?

ഉ. സ്വന്ത അറിവിനും ബോധ്യത്തിനും എതിരായി പറയുന്ന വാക്കുകളോ ചെയ്യുന്ന ക്രിയകളൊ അത്രെ നുണ.

വി. വെറും വിനോദത്തിനായിട്ടോ അന്യർക്ക് നാശംവരുത്തുന്നതിനായിട്ടോ ഏതെങ്കിലും ലാഭം ഉദ്ദേശിച്ചോ മനുഷ്യർ കള്ളംപറയാറുണ്ട്. ഏതു തരത്തിലുള്ളതായിരുന്നാലും നുണ അതിന്റെ ഗുരുലഘുത്വം അനുസരിച്ച് എപ്പോഴും പാപമാകും.

ദൈവം സത്യംതന്നെയാകുന്നു. മനുഷ്യർ ദൈവത്തെ എത്ര അധികം സ്നേഹിക്കുമോ അത്രയും അധികമായി അവർ സത്യസന്ധരായിരിക്കും. വ്യാജം പരമസത്യമായ ദൈവത്തിൽനിന്നു നമ്മെ അകററുന്നു; വ്യാജത്തിന്റെ പിതാവായ സാത്താനോടു നമ്മെ അനുരൂപരാക്കുന്നു.

തുഴക്കമായി അസത്യം പറയുന്ന കുട്ടികൾ നന്നായി വരുവാൻ പലപ്പോഴും വിഷമമാണ്.

ചോ. അപകീർത്തി എന്നാൽ എന്ത്?

ഉ. ന്യായമായ കാരണം കൂടാതെ അന്യന്റെ പാപങ്ങളേയും കുറവുകളേയും മററുള്ളവർക്ക് വെളിപ്പെടുത്തുന്നതാകുന്നു അപകീർത്തി. (Detraction)

ചോ. അപവാദം എന്നാൽ എന്ത്?

ഉ. അന്യരിൽ ഇല്ലാത്ത കുററങ്ങളേയും കുറവുകളെയും ദുരുദ്ദേശത്തോടുകൂടി അവരുടെമേൽ ആരോപിക്കുന്നതാകുന്നു അപവാദം. (calumny)

ചോ. മുഖസ്തുതി എന്നാൽ എന്ത്?

ഉ. വല്ല കാര്യവും സാധിക്കണമെന്ന ഉദ്ദേശത്തോടുകൂടി ആരെയെങ്കിലും വ്യർത്ഥമായി സ്തുതിച്ചു അവനെ വഞ്ചിക്കുന്നതാകുന്നു മുഖസ്തുതി.

ചോ. ദുശ്ശങ്ക എന്നാൽ എന്ത്?

ഉ. ന്യായമായ അടിസ്ഥാനം കൂടാതെ മററുള്ളവരിൽ തിന്മയുണ്ടെന്നു വിധിക്കുകയോ സംശയിക്കുകയോ ചെയ്യുന്നതാകുന്നു ദുശ്ശങ്ക.

ചോ. രഹസ്യഭഞ്ജനം എന്നാൽ എന്ത്?

ഉ. രഹസ്യമായി വെയ്ക്കേണ്ട സംഗതികൾ അന്യരെ അറിയിക്കുന്നതാകുന്നു രഹസ്യഭഞ്ജനം.

വി. മററുള്ളവരിൽനിന്നു ഗോപനം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവകളാണല്ലൊ രഹസ്യങ്ങൾ. ചില സംഗതികൾ അവയുടെ സ്വഭാവത്തിൽതന്നെ രഹസ്യമായി വെയ്ക്കേണ്ടവയാകുന്നു. രഹസ്യം കാത്തുകൊള്ളാമെന്നുള്ള വാഗ്ദാനത്തിൻകീഴ് വെളിപ്പെടുത്തീട്ടുള്ളവയും ഉണ്ടാകും. ചിലർ നിർവ്വഹിക്കുന്ന ജോലികളാൽ അറിയുന്ന രഹസ്യങ്ങളുണ്ട്. രഹസ്യഭഞ്ജനമെന്ന പാപത്തിന്റെ ഗുരുലഘുത്വം നിശ്ചയിക്കേണ്ടതു് അവ വെളിപ്പെടുത്തുന്നതിനുണ്ടായ കാരണം അപ്രകാരം ചെയ്തുകൊണ്ടുണ്ടായ കഷ്ടനഷ്ടങ്ങൾ എന്നിവയെ അസ്പദമാക്കിയാണ്.

ചോ. എട്ടാംപ്രമാണത്തിനെതിരായ പാപങ്ങൾ കുമ്പസാരിച്ചാൽമാത്രം മതിയോ?

ഉ. വരുത്തിയ അപമാനത്തിനും കഷ്ടനഷ്ടങ്ങൾക്കും കഴിയും വിധത്തിൽ പരിഹാരം ചെയ്യേണ്ടതാണ്.

# III

## പള്ളിയുടെ കല്പനകൾ

തിരുസ്സഭയ്ക്കു അവളുടെ സ്ഥാപകനായ മിശിഹാ ഭരിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, ശുദ്ധീകരിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ടു്. ഭരണാധികാരത്തിൽ നിയമ നിർമ്മാണാധികാരവും ഉൾപ്പെടുന്നതാണല്ലോ. ഈ അധികാരത്തെ ഉപയോഗിച്ചുകൊണ്ടു സഭ അവളുടെ സന്താനങ്ങൾ രക്ഷയുടെ പരമലക്ഷ്യം പ്രാപിക്കുന്നതിനു് ആവശ്യമായ നിയമങ്ങൾ സ്ഥലകാല സാഹചര്യങ്ങളനുസരിച്ചു പ്രഖ്യാപനം ചെയ്തുകൊണ്ടിരിക്കുന്നു. നാം ഇവിടെ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നതു നമ്മുടെയിടയിൽ നിലവിലിരിക്കുന്നതും സാമാന്യം എല്ലാവരും അറിഞ്ഞു പ്രവർത്തിക്കേണ്ടതുമായ തിരുസ്സഭയുടെ നിയമങ്ങൾ അഥവാ കല്പനകളെക്കുറിച്ചാണു്.

ചോ. പള്ളിയുടെ കല്പനകൾ ഏവ?

ഉ. 1. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും കുർബാനകാണുന്നതു്.

2. ആണ്ടിലൊരിക്കൽ കുമ്പസാരിക്കുന്നതും പെസഹാക്കാലത്തു പാപം കൂടാതെ വി. കുർബാന കൈക്കൊള്ളുന്നതും.

3. കല്പിക്കപ്പെട്ട ദിവസങ്ങളിൽ നോമ്പുനോക്കുന്നതും നോമ്പുദിവസങ്ങളിലും വെള്ളി ശനിയാഴ്ചകളിലും കല്പിക്കപ്പെട്ട മററുദിവസങ്ങളിലും വിലക്കപ്പെട്ട യാവനക്രട്ടങ്ങൾ തിന്നാതിരിക്കുന്നതും.

4. മുടക്കപ്പെട്ടകാലത്തു കല്യാണാഘോഷവും തിരുസ്സഭ മുടക്കിയിരിക്കുന്ന ആളുകളോടു കല്യാണവും ചെയ്യാതിരിക്കുന്നതു്

5. പള്ളിക്കു പതവാരവും മേല്പട്ടക്കാരൻ സ്വീകരിച്ചു നടപ്പിനൊത്തവണ്ണമുള്ള ഓഹരിയും കൊടുക്കുന്നതു്.

ചോ. പള്ളിയുടെ കല്പന അനുസരിച്ചു് നടപ്പാൻ നമുക്ക് കടമുണ്ടോ?

ഉ. പള്ളിയുടെ കല്പന അനുസരിപ്പാൻ നമുക്കു് കടമുണ്ടു്. എന്തുകൊണ്ടെന്നാൽ 1. ഈശോമിശിഹാ അപ്രകാരം

ചെയ്യുവാൻ നമ്മോടു കല്പിക്കുന്നു. 2. പള്ളിയുടെ കല്പനകൾ ദൈവപ്രമാണങ്ങളെ അനുസരിപ്പാൻനമ്മെ സഹായിക്കുന്നു.

വി. വിശ്വാസികളെ ഭരിക്കുന്നതിനു മിശിഹാസ്സുസഭ അധികാരം കൊടുത്തിട്ടുള്ളതിനാൽ അവൾ നിർമ്മിക്കുന്നതായ പ്രമാണങ്ങൾ കാക്കുവാൻ നമുക്ക് കടമുണ്ട്. ക്രടാതെയും തിരുസ്സഭയുടെ കല്പനകൾ ദൈവപ്രമാണങ്ങളുടെ വിശദീകരണം എന്നുവേണം പറയുവാൻ. അതുകൊണ്ടാണ് ഈ പ്രമാണങ്ങൾ ദൈവപ്രമാണങ്ങളെ കാക്കുന്നതിന് സഹായമായിത്തീരുന്നു എന്ന് പറഞ്ഞത്.

ചോ. പള്ളിയുടെ കല്പനകളിൽനിന്നു നമ്മെ ഒഴിവാക്കുന്നതിന് ആർക്ക് കഴിയും?

ഉ. മാർപ്പാപ്പായിൽനിന്ന് അധികാരം പ്രാപിച്ചിട്ടുള്ളവർക്കുമാത്രമേ അവയിൽനിന്നു നമ്മെ ഒഴിവാക്കുന്നതിനു കഴിയുകയുള്ളൂ.

വി. ദൈവപ്രമാണങ്ങളിൽനിന്ന് ഒഴിവു നൽകുവാൻ ആർക്കും സാദ്ധ്യമല്ല. എന്നാൽ പള്ളിയുടെ പ്രമാണങ്ങൾ സഭാദ്ധ്യക്ഷന്മാർ ഏർപ്പെടുത്തിയിട്ടുള്ളവയാകകൊണ്ടു തക്ക കാരണമുള്ളപ്പോൾ അവയിൽനിന്ന് ഒഴിവുകൊടുക്കുന്നതിന് സഭാദ്ധ്യക്ഷന്മാർക്കു കഴിയും.

## ഒന്നാം കല്പന

"ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും
കുർബ്ബാനകാണുന്നതു്."

ചോ. ഒന്നാം കല്പന നമ്മോടു ആജ്ഞാപിക്കുന്നത് എന്ത്?

ഉ. ഞായറാഴ്ചകളിലും മററു കടമുള്ള ദിവസങ്ങളിലും മുഴുവൻ കുർബാന കാണുന്നതിനാണ് ഒന്നാംകല്പന നമ്മോടാജ്ഞാപിക്കുന്നത്.

വി. ഞായറാഴ്ചകളും കടമുള്ള തിരുനാളുകളും ശുദ്ധമായി ആചരിക്കുന്നതിനാണല്ലോ മൂന്നാമത്തെ ദൈവപ്രമാണം നിർദ്ദേശിക്കുന്നത്. അതുകൊണ്ട് ഈ കല്പന പ്രസ്തുത പ്രമാണത്തിന്റെ വ്യാഖ്യാനവും വിശദീകരണവുമാണെന്നു പറയാം.

സൂചനഃ— ഞായറാഴ്ചകളും തിരുനാളുകളും ശ്രദ്ധമായി ആചരിക്കുന്നതിനു രണ്ടുസംഗതികളാണു നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. 1. അടിമവേല ചെയ്യാതിരിക്കുക. 2. മുഴുവൻ കർബാന കാണുക. ഇവയിൽ അദ്യത്തേതിനെപ്പററി മൂന്നാം പ്രമാണത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളിടത്തു വിവരിച്ചിട്ടുള്ളതാണല്ലോ.

ചോ. മുഴുവൻ കർബാന കാണുവാൻ നമുക്കു ചാവദോഷത്തിൻകീഴ് കടമുണ്ടോ?

ഉ. മുഴുവൻ കർബാന കാണുവാൻ നമുക്ക് ചാവദോഷത്തിൻകീഴ് കടമുണ്ട്.

വി. രോഗം, സുഖം പ്രാപിച്ചു വരുന്നസ്ഥിതി, അസാമാന്യയാത്രാക്ലേശം, തക്ക വസ്ത്രങ്ങളില്ലായ്മ മുതലായവ ചിലപ്പോൾ ഈ കല്പനയിൽനിന്ന് ഒഴിവാകുവാൻ പാടുണ്ട്.

ചോ. വി. കർബാന കാണേണ്ടതു എങ്ങിനെ?

ഉ. ശാരീരക സാന്നിദ്ധ്യം, ഭക്തി, ശ്രദ്ധ എന്നിവയോടുകൂടിയത്രെ നാം കർബാന കാണേണ്ടതു.

വി— തക്കകാരണംകൂടാതെ കർബാനയുടെ ഏതെങ്കിലുംഭാഗം ഉപേക്ഷിക്കുന്നതുതെററാകുന്നു.

ഏതെങ്കിലും തക്കപ്രാത്ഥനപ്പുസ്തകം ഉപയോഗിച്ചുകൊണ്ടോ മിശിഹായുടെ കഷ്ടാനുഭവങ്ങളെക്കുറിച്ച് ധ്യാനിച്ചുകൊണ്ടോ കർബാന കാണാവുന്നതാണ്. എന്നാൽ കർബാനയിൽ ചൊല്ലപ്പെടുന്ന നമസ്കാരങ്ങൾ തന്നെ ചൊല്ലി പട്ടക്കാരൻെറ ഓരോക്രിയയേയും അനുഗമിക്കുന്നതാണ് ഏററവും ഉത്തമം. ഇങ്ങനെ ചെയ്യുന്നതു വഴിയായി ഈ തിരുബലിയിൽ നമുക്ക് കൂടുതൽ സജീവമായി ഭാഗഭാക്കാകാവുന്നതും അതിൽനിന്ന് കൂടുതൽ പ്രയോജനം പ്രാപിക്കാവുന്നതുമാണ്.

സഭയുടെ ശിരസ്സാകുന്ന മിശിഹായോടുകൂടെ സഭാംഗങ്ങളിൽ ഓരോരുത്തരും ബലിയിടപ്പെടുന്നുണ്ടെന്നും, ബലി അപ്പിക്കുന്നുണ്ടെന്നും ഗ്രഹിച്ച് ഏതുദ്ദേശങ്ങൾക്കായി മിശിഹാ ഈ തിരുബലിയെ സ്ഥാപിച്ചുവോ ആ ഉദ്ദേശങ്ങൾക്കായിട്ട് നാം അതിനെ കാഴ്ചവയ്ക്കേണ്ടതാണ്.

ചോ. ഞായറാഴ്ചകളും തിരുനാളുകളും നന്നായി ആചരിക്കുന്നതിന് നാം എന്തുചെയ്യണം?

൭. ഈ വിശുദ്ധ ദിവസങ്ങൾ നന്നായി ആചരിക്കുന്നതിനു് മുഴുവൻ കർബാന കണ്ടതുകൊണ്ടോ, അടിമവേലകളിൽനിന്നു ഒഴിഞ്ഞിരിക്കുന്നതുകൊണ്ടോമാത്രം തൃപ്തിപ്പെടരുതു്. പള്ളിയിൽ നടത്തപ്പെടുന്ന പ്രസംഗം, മതപഠനം, വിശുദ്ധകുർബാനയുടെ വാഴ്‌വ് മുതലായ ചടങ്ങുകളിലും നാം ഉത്സാഹത്തോടെ പങ്കുകൊള്ളണം. കുമ്പസാരം, വി. കുർബാനയുടെ സ്വീകരണം, പ്രാർത്ഥന, ആദ്ധ്യാത്മികഗ്രന്ഥപാരായണം, മനോഗുണപ്രവൃത്തികൾ മുതലായവയ്ക്കായിരിക്കണം പ്രസ്തുത ദിവസങ്ങൾ വിനിയോഗിക്കുന്നതു്.

സൂചന:- ഞായറാഴ്ചകൾക്കും പുറമേ മലയാള സുറിയാനിക്കാർ ശുദ്ധമാ[illegible] ആചരിക്കുവാൻ കടപ്പെടുന്ന തിരുനാളുകൾ:

1. ഛേദനാചാരത്തിരുനാൾ. (ജനു. 1) 2. ദനഹാത്തിരുനാൾ (ജനു. 6) 3. പ. ക. മറിയത്തിൻെറ ശുദ്ധീകരത്തിരുനാൾ (ഫ 2) 4. പ. ക. മറിയത്തിൻെറ മംഗലവാർത്തത്തിരുനാൾ (മ. 25) 5. ന. ക. സ്വർഗ്ഗാരോഹണത്തിരുനാൾ (ഉയിർപ്പുകഴിഞ്ഞുവരുന്ന നാല്പതാം നാൾ, വ്യാഴം) 6. വി. കുർബാനയുടെ തിരുനാൾ (ത്രീത്വത്തിൻെറ തിരുനാൾ കഴിഞ്ഞുവരുന്ന വ്യാഴം) 7. വി. പത്രോസ് പൌലോസ് ശ്ലീഹാന്മാരുടെ തിരുനാൾ (ജൂൺ 29) ൮. നമ്മുടെ പിതാവു മാർതോമ്മാ ശ്ലീഹായുടെ ദുക്റാനത്തിരുനാൾ (ജൂലൈ 3) 9. പരിശുദ്ധ കന്യകമറിയത്തിൻെറ കരേറാത്തിരുനാൾ (ആഗ. 15) 10. പ. ക മറിയത്തിൻെറ കരേറാത്തിരുനാൾ (ആഗ. 15) 10. പ. ക. മറിയത്തിൻെറ പിറവിത്തിരുനാൾ (സെപ്ററം. 8) 11. സകല പുണ്യവാന്മാരുടെ തിരുനാൾ (നവ. 1) 12. പ. ക. മറിയത്തിൻെറ അമലോത്ഭവത്തിരുനാൾ. (ഡിസം. 8) 13. നമ്മുടെ കർത്താവിൻെറ പിറവിത്തിരുനാൾ (ഡിസം. 25)

## രണ്ടാം കല്പന

"ആണ്ടിലൊരിക്കൽകുമ്പസാരിക്കുന്നതും
പെസഹാക്കാലത്തു പാപം കൂടാതെ
വി. കുർബാന കൈക്കൊള്ളുന്നതും."

ചോ. തിരുസ്സഭയുടെ രണ്ടാം കല്പന നമ്മോടാജ്ഞാപിക്കുന്നതെന്ത്?

ഉ. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുന്നതിനും, പെസഹാക്കാലത്തു പാപംകൂടാതെ വി. കുർബാന സ്വീകരിക്കുന്നതിനും ഈകല്പന നമ്മോടാജ്ഞാപിക്കുന്നു.

ചോ. ആണ്ടിലൊരിക്കൽ കുമ്പസാരിക്കുന്നതു് എന്നതിന്റെ അർത്ഥം എന്തു്?

ഉ. ചുരുങ്ങിയപക്ഷം ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരമെന്ന കൂദാശ കൈക്കൊള്ളണമെന്നു തിരുസ്സഭ കല്പിക്കുന്നുഎന്നാണ് ഇതിന്റെ സാരം.

വി. ബുദ്ധിപ്രയോഗം സിദ്ധിച്ചിട്ടുള്ള എല്ലാവരേയും ഈ കല്പന ബാധിക്കുന്നതാണ്. സ്വന്തറീത്തിലും ഇടവകയിലും ഇതുനിറവേറ്റണമെന്നു കടമില്ലെങ്കിലും അങ്ങനെ ചെയ്യുന്നതായിരിക്കും ഉത്തമം. വിശ്വാസികൾ ഈ കല്പന അക്ഷരാർത്ഥപ്രകാരം നിറവേറ്റുന്നതുകൊണ്ടു് തൃപ്തിപ്പെടാതെ കൂടെക്കൂടെ ഈ കൂദാശവഴിയായി ആത്മവിശുദ്ധീകരണവും മറ്റു ആദ്ധ്യാത്മികനന്മകളും കൈവരിക്കണം എന്നതാണ് തിരുസ്സഭയുടെ അഭിലാഷവും ഉപദേശവും.

ചാവ്ദോഷത്തിൽ ഇരിക്കുന്നവരെ ഈ പ്രമാണം ഗൗരവമായി ബാധിക്കുന്നു. കള്ളക്കുമ്പസാരം വഴിയായി ഈ കടംതീരുന്നതല്ല. തിരിച്ചറിവിനുള്ള കാലം മുതൽ ആണ്ടുകുമ്പസാരത്തിനുള്ള കടം ആരംഭിക്കുന്നതിനാൽ തിരിച്ചറിവു വന്നാൽ കാലതാമസം വരുത്താതെ തങ്ങളുടെ മക്കൾ പാപസങ്കീർത്തനം ചെയ്യുന്നതിനു് കാരണവന്മാർ ഉൽസുകരായിരിക്കേണ്ടതത്രെ.

ചോ. പെസഹാക്കാലത്തു പാപം കൂടാതെ വി. കുർബാനകൈക്കൊള്ളുന്നതു് എന്നതിന്റെ അർത്ഥമെന്തു്?

ഉ. ഇതിൻെറ അർത്ഥം, തിരിച്ചറിവിനുള്ള പ്രായപൂർത്തി വന്നശേഷം സകല ക്രിസ്ത്യാനികളും പെസഹാക്കാലത്തു പാപം കൂടാതെ വി. കുർബാന സ്വീകരിക്കണമെന്നാണ്. ചാവദോഷത്തോടുകൂടിയുള്ള ദിവ്യകാരുണ്യ സ്വീകരണം വഴിയായി ഈ കടം നിറവേററപ്പെടുന്നതല്ല.

വി. തിരിച്ചറിവിനുള്ള പ്രായം വന്നാൽ ആദ്യകുർബാന സ്വീകരണം നടത്തണം അതിനുശേഷം ആണ്ടുതോറും പെസഹാക്കാലത്തു വി. കുർബാന സ്വീകരിക്കേണ്ടതാണ്.

ആണ്ടിലൊരിക്കൽമാത്രം ഈ ആത്മീയ ഭോജനം ഭക്ഷിക്കുന്നതുകൊണ്ടും നാം തൃപ്തിപ്പെടരുത്. വി. കുർബാന വഴിയായിക്കൂടെ ക്കൂടെ ദിവ ചെമ്മരിയാട്ടിൻ കുട്ടിയുടെ മാംസ രക്തങ്ങളിൽ ഭാഗഭാക്കുകളായി ആത്മീയശക്തി പ്രാപിക്കുന്നതിനു നാം ഉൽസുകരായിരിക്കേണ്ടതാണ്. സ്വന്ത റീത്തിലും ഇടവകയിലും ഈ കടമ നിർവ്വഹിക്കുന്നതാണ് ഉത്തമം.

ചോ. പെസഹാക്കാലത്തു വി. കുർബാന കൈക്കൊള്ളണമെന്ന് തിരുസ്സഭ കല്പിക്കുന്നതു എന്തുകൊണ്ട്?

ഉ. തിരുസ്സഭ ഇങ്ങനെ കല്പിക്കുന്നതു ന. കർത്താവു ഈ ദിവ്യക്രൂദാശ സ്ഥാപിച്ചതിൻെറ ഓർമ്മ നാം കൊണ്ടാടുന്നതു പെസഹാക്കാലത്തായതുകൊണ്ടാണ്.

## മൂന്നാം കല്പന.

"കല്പിക്കപ്പെട്ട ദിവസങ്ങളിൽ നോമ്പു നോൽക്കുന്നതും,
നോമ്പു ദിവസങ്ങളിലും വെള്ളി ശനിയാഴ്ചകളിലും
കല്പിക്കപ്പെട്ട മററു ദിവസങ്ങളിലും വിലക്കപ്പെട്ട
ഭക്ഷണ സാധനങ്ങൾ തിന്നാതിരിക്കുന്നതും"

ചോ. മൂന്നാം കല്പന നമ്മോടു ആജ്ഞാപിക്കുന്നതെന്ത്?

ഉ. ഈകല്പന നോമ്പും ഉപവാസവുമാണ് ആജ്ഞാപിക്കുന്നത്.

ചോ. നോയമ്പ് എന്നാൽ എന്ത്?

ഉ. ചില പ്രത്യേക ഭക്ഷണ പദാർത്ഥങ്ങളുടെ പരിവജ്ജനമാണ് നോമ്പ്.

വി. മാംസവജ്ജനമുള്ള ദിവസങ്ങൾ ഏവ?

ഉ. 1. ഇരുപത്തഞ്ച് നോയമ്പ്, 2. അമ്പതു നോയമ്പ്, 3. ആണ്ടിനകത്തുള്ള എല്ലാ വെള്ളി ശനിയാഴ്ചകൾ, 4. ചതുഷ്കാലം അഥവാ പട്ടത്തിൻെറ അവധികൾ, 5. മൂന്നു നോമ്പ്, 6. ശ്ലീഹന്മാരുടെ തിരുനാളുകളുടെയും പ. ക. മറിയത്തിൻെറ ശുദ്ധീകരണം, കരേററം, പിറവി എന്നീ തിരുനാളുകളുടെയും തലേദിവസങ്ങൾ, 7. വി. സ്നാപക യോഹന്നാൻെറ പിറവിയുടെയും, കുരിശിൻെറ പുകഴ്ചയുടെയും സകല വിശുദ്ധന്മാരുടെ തിരുനാളിൻെറയും തലേദിവസങ്ങൾ.

ചോ. മാംസവജ്ജനത്തിന് കടപ്പെട്ടവരാർ?

ഉ. അന്യഥാ പള്ളി കല്പിച്ചിട്ടില്ലെങ്കിൽ ബുദ്ധി പ്രയോഗംവന്ന എല്ലാവരും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളിൽ നോയമ്പു നോൽക്കാൻ കടപ്പെടുന്നു.

സൂചന:— നോയമ്പുനോൽക്കുന്നതിനുള്ള കടം ചാവദോഷത്തിൻകീഴുള്ളതാണ്. എത്രപ്രാവശ്യം പ്രമാണ ലംഘനം ഉണ്ടാകുന്നോ അത്രയും പ്രാവശ്യം പാപത്തിൽ വീഴുന്നു.

ചോ. ഉപവാസം എന്നാൽഎന്ത്?

ഉ. ഒരു ദിവസം ഒരു പൂർണ്ണആഹാരം മാത്രം കഴിക്കുന്നത്രെ ഉപവാസം അഥവാ ഒരുനേരം. ഇതിനും പുറമേ ഓരോ സ്ഥലത്തെയും നടപ്പനുസരിച്ച് കാലത്തും രാത്രിയും സ്വല്പം വല്ലതും കഴിക്കാവുന്നതാണ്. ഉപവാസത്തിന് കടപ്പെട്ട ദിവസങ്ങൾ ക്രിസ്തുമസ്സിൻെറ തലേദിവസവും, വലിയ നോയമ്പിലെ എല്ലാവെള്ളിയാഴ്ചകളും ദുഃഖശനിയാഴ്ചയുമാണ്.

സൂചന:— സുറിയാനിക്കാക്ക് ഉപവാസത്തിന് കടപ്പെട്ടദിവസങ്ങളെല്ലാംതന്നെ നോയമ്പുദിവസങ്ങൾക്കൂടിയാണ്. ഈ ദിവസങ്ങളിൽ മാംസ വജ്ജനത്തിനും പുറമേ, പാൽ, മോര്, നെയ്യ് മുതലായവയും മുടക്കപ്പെടുന്നു. ഉപവയും മുടക്കപ്പെടുന്നു. ഉപവാസത്തിന് കടപ്പെടാത്തവരും മേല്പറഞ്ഞ നോമ്പിനു കടപ്പെടുന്നു.

ചോ. ഉപവാസത്തിന് കടപ്പെടുന്നവർ ആർ?

ഉ. ഇരുപത്തൊന്ന് വയസ്സു പൂർത്തിയായതുമുതൽ അറുപതുവയസ്സു തുടങ്ങുന്നതുവരെയുള്ള എല്ലാവരും ഉപവാസത്തിന് കടപ്പെട്ടുന്നു. ഇതു ചാവദോഷത്തിൻകീഴുള്ള ഒരു കടമാകുന്നു.

സൂചനഃ— അടുത്തകാലത്തു് ഉപവാസം നോമ്പ് എന്നിവസംബന്ധിച്ച പൊതുപ്രമാണത്തിൽനിന്ന് ലഭിച്ചിട്ടുള്ള ഒഴിവു അതു ലഭിച്ചിട്ടുള്ള ആളുകളെയും സ്ഥലത്തെയും കാലത്തേയും മാത്രം ഉദ്ദേശിച്ചുള്ളതാണ്.

ചോ. ഈ കടത്തിൽനിന്ന് ഒഴിവാക്കപ്പെട്ടവരാർ?

ഉ. രോഗികൾ, സുഖം പ്രാപിച്ചുവരുന്നവർ, ഗർഭിണികൾ, മുലകുടിപ്പിക്കുന്നവർ, അടിമവേല ചെയ്യുന്നവർ എന്നിവരത്രെ ഈ കടത്തിൽനിന്ന് വിമുക്തരാക്കപ്പെട്ടവർ.

സൂചനഃ— മററു കാരണങ്ങൾ ഒഴിവിനു മതിയായതോ എന്നു സംശയം തോന്നുന്നവർ തക്ക അനുവാദത്തോട്ടുക്രടിവേണം അപ്രകാരം ചെയ്യുവാൻ.

ചോ. നോമ്പിൻെറയും ഉപവാസത്തിൻെറയും പ്രയോജനം എന്തു്?

ഉ. ആദിമാതാപിതാക്കന്മാരുടെ പാപം നിമിത്തം മനുഷ്യരെല്ലാം അധഃപതിച്ചു. ദുരാശകൾ ശക്തിപ്പെട്ടു. ആകയാൽ പ്രലോഭനങ്ങളെ തടയുന്നതിനും ദുരാശകളെ അമർത്തി ജീവിക്കുന്നതിനും ഉപവാസവും നോമ്പും വളരെ ഉപകരിക്കും. കൂടാതെയും അവ പ്രാർത്ഥിപ്പാനും ചെയ്തുപോയ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാനും നമുക്ക് മനസ്സു വരുത്തുകയും വീണ്ടും പാപത്തിൽ വീഴാതിരിപ്പാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നതാണ്.

## നാലാം കല്പന

"മുടക്കപ്പെട്ടകാലത്തു് കല്യാണാഘോഷവും

തിരുസ്സഭ മുടക്കിയിരിക്കുന്ന ആളുകളോടു കല്യാണവും

ചെയ്യാതിരിക്കുന്നതു്."

ചോ. നാംലാംകല്പന നമ്മോടാജ്ഞാപിക്കുന്നതെന്തു്?

ഉ. ഈ കല്പന ചില കാലങ്ങളിൽ വിവാഹാഘോഷം നടത്തരുതെന്നും ചില ആളുകളുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുതെന്നും ആകുന്നു നമ്മോടാജ്ഞാപിക്കുന്നത്.

സൂചന:— മുടക്കപ്പെട്ടിരിക്കുന്ന വിവാഹാഘോഷങ്ങൾ വിവാഹകുർബ്ബാനയും, വിവാഹാശീർവ്വാദവും, വിവാഹാഡംബരങ്ങളുമാകുന്നു.

ചോ. വിവാഹാഘോഷം മുടക്കപ്പെട്ടിരിക്കുന്ന കാലങ്ങൾ ഏവ?

ഉ. 1. ആഗമനകാലം ഒന്നാം ഞായറാഴ്ചമുതൽ ദനഹാത്തിരുനാൾവരെയുള്ള ദിവസങ്ങൾ. 2. അമ്പതു നോയമ്പാരംഭംമുതൽ പുതുഞായറാഴ്ചവരെയുള്ള ദിവസങ്ങൾ. 3. മൂന്നു നോയമ്പുദിവസങ്ങളും നോമ്പും ഉപവാസവുമുള്ള മറ്റു ദിവസങ്ങളും.

സൂചന:— ഈ കാലങ്ങളിൽ വിവാഹാഘോഷം മുടക്കപ്പെടുന്നത് അവ തപസ്സിനും അപേക്ഷയ്ക്കും ആയി പ്രത്യേകം നിയമിക്കപ്പെട്ട കാലഘട്ടങ്ങളായതുകൊണ്ടാണ്.

ചോ. ആരോടുള്ള വിവാഹബന്ധമാണു തിരുസ്സഭ മുടക്കുന്നത്?

ഉ. അകത്തോലിക്കരും അക്രൈസ്തവരും രക്തസംബന്ധത്തിന്റെ ചില കരിന്തലക്കാരും, ചില നിയമതടസ്സങ്ങൾ ഉള്ളവരും ആയ ആളുകളോടുള്ള കല്യാണമാണ് തിരുസ്സഭമുടക്കുന്നത്.

സൂചന:— വിശ്വാസത്തിൽ ഐകരൂപ്യമില്ലെങ്കിൽ കുടുംബസമാധാനം ഏറെനാൾ നിലനിൽക്കുകയില്ല. ഇതു വിവാഹത്തിൽനിന്നുണ്ടാകുന്ന സന്താനങ്ങളുടെ വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സാരമായി സ്പർശിക്കുന്നതാണ്. അന്യമതസ്ഥരുമായുള്ള വിവാഹത്തെ തിരുസ്സഭമുടക്കുന്നതിനുള്ള കാരണം ഇതാണ്.

രക്തസംബന്ധികൾ തമ്മിലുള്ള വിവാഹബന്ധം അവർ തമ്മിലുണ്ടാകേണ്ട സ്നേഹബഹുമാനങ്ങൾക്കു വിരുദ്ധവും, പ്രകൃതിക്കു യോജിക്കാത്തതും, സന്താനങ്ങളെ ശാരീരികവും മാനസികവുമായ പല ന്യൂനതകൾക്കു വിധേയമാക്കുന്നതും ആയിരിക്കും.

## അഞ്ചാം കല്പന

### "പള്ളിക്ക് പതവാരവും മേല്പട്ടക്കാരൻ സ്വീകരിച്ച നടപ്പിനൊത്തവണ്ണമുള്ള ഓഹരിയും കൊടുക്കുന്നതു്."

ചോ. അഞ്ചാംപ്രമാണം നമ്മോടാജ്ഞാപിക്കുന്നതെന്തു്?

ഉ. പള്ളിയെ സഹായിക്കുവാനാണ് ഈ പ്രമാണം നമ്മോടാജ്ഞാപിക്കുന്നതു്.

സൂചനഃ– ഇങ്ങനെ നാം ചെയ്യുന്നതു ദൈവം സകല വസ്തുക്കളുടെയും ഉടയവനാകുന്നു എന്നു അംഗീകരിപ്പാനും ദൈവശുശ്രൂഷികളുടെ ഉപജീവനാവശ്യങ്ങളെ വേണ്ടുംവിധം നിവൃത്തിക്കാനുംവേണ്ടിയത്രെ. ഈദൃശസഹായംവഴിയായി വൈദികൎക്ക് അവരുടെജോലി നിർബാധം ചെയ്യുന്നതിനു് സാധിക്കുന്നതാണ്. ഇതുകൊണ്ടുതന്നെയാണല്ലൊ വി. പൌലോസ്, "വിശുദ്ധസ്ഥലത്തു സേവനം ചെയ്യുന്നവർ വിശുദ്ധ സ്ഥലത്തുനിന്നു് ഉപജീവിക്കുന്നു" (1-കോറ. 9. 23.) എന്നു്, പ്രസ്താവിച്ചിട്ടുള്ളതു്.

ചോ. പള്ളിയെ നാം എങ്ങനെയാണു സഹായിക്കേണ്ടതു്?

ഉ. അതതു സ്ഥലത്തെ നടപ്പും പതിവും അനുസരിച്ച് മെത്രാന്മാരുടെ അല്ലെങ്കിൽ രൂപതാധികാരികളുടെ നിർദ്ദേശാനുസരണമാണ് നാം ഈ സഹായം ചെയ്യേണ്ടതു്.

# മൂന്നാം ഭാഗം.

## വിധികർത്താവായ ദൈവം

ദൈവത്തിന്റെ ബാഹ്യപ്രവൃത്തികളിൽ അവസാനത്തേതും എല്ലാററിനും മകുടം ചാർത്തുന്നതുമാണു വിധികർമ്മം. ഈ പ്രവൃത്തിവഴിയായി ദൈവം സകല മനുഷ്യരെയും പരിശോധിച്ച് ഓരോരുത്തന്റെയും അർഹതാനുസരണം സമ്മാനമോ ശിക്ഷയോ നൽകുന്നു. ദൈവത്തിന്റെ ഈ വിധി കർമ്മത്തോടു അവശ്യം സംഘടിതമാണല്ലോ മനുഷ്യന്റെയും ലോകത്തിന്റെയും ഒടുക്കങ്ങൾ. ആകയാൽ 'വിധികർത്താവായ ദൈവം' എന്ന അഭിധാനത്തോടുകൂടിയ ഈ ഭാഗത്ത് മനുഷ്യന്റെയും ലോകത്തിന്റെയും ഒടുക്കങ്ങളെക്കുറിച്ചു നമുക്ക് പ്രതിപാദിക്കാം.

I

### മരണം

(കുറത്തി)

മനുഷ്യജീവിത, മൊഴുകുമരുവി- യണിയും കുമളപോലെ
വിളങ്ങിനിന്നുടൻതകർന്നുജലത്തി-ലലിഞ്ഞുമറഞ്ഞുമായും.
നരന്റെ നാളുകൾ പുരമുകളിലെ-പ്പുതിയപുല്ലുകൾപോലെ;
ക്ഷണത്തിൽമുളയ്ക്കും തഴച്ചുവളർന്നു-പടർന്നുവിലസിവാഴും.
തുടർന്നു പുഴുകാററടിക്കുംവേളയിൽ- തളർന്നു പൊരിഞ്ഞുവാടും.
നരന്റെ ജീവിതം വയലിൽവളരും- പുല്ലിലെ പൂവുകൾപോലെ.

ഫാ. ഫ്ളോറിയൻ സി. ഡി.

ചോ. മരണം എന്നാൽ എന്തു്?

ഉ. ശരീരത്തിൽനിന്നുള്ള ആത്മാവിൻെറ വേർപാടാകുന്നു മരണം.

സൂചനഃ— മരിക്കുന്നതു മനുഷ്യനാണു്; ആത്മാവോ ശരീരമോ അല്ല. ആത്മാവു് തന്നിൽതന്നെ അമർത്യമത്രെ. ആത്മാവില്ലാത്ത ശരീരം നിർജ്ജീവമാകുന്നു.

ആത്മാവിനു് ആദ്ധ്യാത്മികമായ ഒരു മരണമുണ്ടു്. അതു് വരപ്രസാദനഷ്ടത്തിൽ അടങ്ങിയിരിക്കുന്നു.

ചോ. മരണം എങ്ങനെയാണു്, ലോകത്തിൽ ആവിർഭവിച്ചതു്?

ഉ. നമ്മുടെ ആദിപിതാവായ ആദത്തിൻെറ പാപംമൂലമാണു് മരണം ലോകത്തിൽ ആവിർഭവിച്ചതു്. "ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു" (റോമാ— 5 12)

വി. ജഡബന്ധിതനായ മനുഷ്യൻ സ്വഭാവികമായി മരണത്തിനു് അധീനനാണു്. എന്നാൽ ദൈവം മനുഷ്യനെ സ്വഭാവാതീത അവസ്ഥയിലേയ്ക്കു ഉയർത്തിയപ്പോൾ അവനു് അമർത്യത എന്ന ദാനംകൂടെ നൽകി. എന്നാൽ ആദത്തിൻെറ പാപം അമർത്യത എന്ന അമൂല്യദൈവദാനത്തെ നഷ്ടപ്പെടുത്തി.

ചോ. എല്ലാ മനുഷ്യരും മരിക്കുമോ?

ഉ. ഉവ്വ്. എല്ലാവരും മരിക്കും. "മനുഷ്യർ ഒരു പ്രാവശ്യം മരിക്കണം" എബ്ര 9. 27.

സൂചനഃ— ഹനോക്കും ഏലിയാസും മരണം ആസ്വദിക്കാതെ ഇഹത്തിൽനിന്നു് എടുക്കപ്പെട്ടവരാണു്. അവർ മരണത്തിൽ നിന്നു് വിമുക്തരല്ല. പൊതുവിധിക്കു് മുമ്പായി അവർവീണ്ടും പ്രത്യക്ഷപ്പെടുകയും മരണം വരിക്കയും ചെയ്യും.

ചോ. എപ്പോഴാണു് നാം മരിക്കുക?

ഉ. മരണം നിശ്ചയമാണു്. എന്നാൽ സമയം നിശ്ചയമില്ല. "ആകയാൽ നിങ്ങൾ ഉണർന്നിരിപ്പിൻ, എന്തുകൊണ്ടെന്നാൽ ആ ദിവസമോ നാഴികയോ നിങ്ങൾ അറിയുന്നില്ല."

വി. മനുഷ്യൻ ഏതുപ്രായത്തിലും സ്ഥലത്തും സാഹചര്യത്തിലും മരിക്കുവാൻ പാടുണ്ടു്. ഇതിനു് നമ്മുടെ അനുഭവം ത

ന്നെ മതിയായ സാക്ഷിയാണ്. മരണം നിശ്ചയം എന്നാൽ മരണത്തിൻെറ സമയം, വിധം, സാഹചര്യങ്ങൾ എന്നിവ നിശ്ചയമില്ല. കൂടാതെയും മരണമെന്നത് നമ്മുടെ നിത്യഭാഗ്യത്തെയോ നിത്യനിർഭാഗ്യത്തെയോ നിർണ്ണയിക്കുന്ന ഗൌരവമായ ഒരു സംഗതികൂടിയാണ്. ആകയാൽ നാം എപ്പോഴും മരണത്തിന് ഒരുങ്ങിയിരിക്കണം. ചാവുദോഷമില്ലാതെ വരപ്രസാദത്തിൽ ജീവിക്കുന്നതത്രെ മരണത്തിനായി നമുക്ക് ചെയ്യാവുന്നതിൽ ഏററവും നല്ല ഒരുക്കം.

ചോ. മരണാനന്തരം ആത്മാവിന് എന്തു സംഭവിക്കുന്നു?

ഉ. മരണശേഷം ആത്മാവു സ്വർഗ്ഗത്തിലേയ്ക്കോ ശുദ്ധീകരസ്ഥലത്തിലേയ്ക്കോ, നരകത്തിലേയ്ക്കോ പോകുന്നു.

വി. ലഘുവായ പാപങ്ങളോ, പരിഹാരകടങ്ങളോ തീർത്തശേഷം ശുദ്ധീകരസ്ഥലത്തിൽപോയ ആത്മാവു സ്വർഗ്ഗം പ്രാപിക്കുന്നതാണ്.

ചോ. മരണശേഷം ശരീരത്തിന് എന്തു സംഭവിക്കുന്നു?

ഉ. മരണശേഷം ശരീരം ചീഞ്ഞഴിഞ്ഞു പൊടിയായിത്തീരുന്നു. "മനുഷ്യാ നീ പൊടിയാകുന്നു. പൊടിയിലേയ്ക്കു പിന്തിരിയുമെന്നു ഓർത്തുകൊൾക."

"കണ്ണേ! മടങ്ങുക കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാക്കമിതുതാൻ ഗതിസാദ്ധ്യമെന്തു
കണ്ണീരിനാലവനിവാഴ്‌വു കിനാവുകഷ്ടം"

## II

## തനതു വിധി

ചോ. തനതുവിധി എന്നാൽ എന്ത്?

ഉ. ഓരോ മനുഷ്യനും മരിച്ചാലുടനെ അവൻെറ ജീവിതത്തെയും പ്രവൃത്തികളെയുംകുറിച്ച് നടക്കുന്ന വിധിയാണ് തനതു വിധി. "മനുഷ്യർ ഒരു പ്രാവശ്യം മരിക്കണം. അവരുടെ മരണശേഷം വിധി" (എബ്രാ. 9. 27.)

വി. മരിച്ചാലുടനെ തനതുവിധി ഉണ്ടാകുമെന്നുള്ളത് തിരുസ്സഭയുടെ പഠനമാണ്. ധനവാൻെറയും ദരിദ്രനായ ലാസറിൻെറയും ഉപമതന്നെ തനതുവിധി ഉണ്ടെന്ന് തെളിയിക്കുന്നതാണ്. ഒരാളുടെ ആത്മാവ് അബ്രാഹമിൻെറ മടിയിലേയ്ക്കും അപരൻെറതു നരകത്തിലേയ്ക്കും ഉടനെകൊണ്ടുപോകപ്പെട്ടവെങ്കിൽ അതിനുമുമ്പ് വിധിതീർപ്പു നടന്നിരിക്കണമല്ലോ.

സൂചന:— തനതുവിധി പൊതുവധി എന്നിങ്ങനെ രണ്ടു വിധികൾ എന്തിന്? ഈ ചോദ്യത്തിനുള്ള മറുപടി രണ്ടിൻെറയും ഉദ്ദേശം രണ്ടാകയാൽ രണ്ടും ആവശ്യമാണെന്നാണ്. മനുഷ്യൻ ഒരു സ്വകാര്യ വ്യക്തിമാത്രമല്ല, ഒരു സമുദായാംഗവും കൂടിയാണ്. ആകയാൽ സ്വകാര്യവ്യക്തി എന്ന നിലയിൽ തനതു വിധിയിലും സമുദായാംഗം എന്ന നിലയിൽ പൊതുവിധിയിലും വച്ച് തൻെറ ധർമ്മാധർമ്മങ്ങളെക്കുറിച്ചുള്ള വിധിതീർപ്പ് സ്വീകരിക്കേണ്ടതു യുക്തമത്രെ.

ചോ. തനതുവിധി ചെയ്യുന്നതു ആരാണ്?

ഉ. തനതുവിധി ചെയ്യുന്നത് ദൈവമാണ്. എന്നാൽ മിശിഹായുടെ സ്വർഗ്ഗാരോഹണശേഷം സത്യദൈവവും സത്യമനുഷ്യനുമായ മിശിഹായത്രെ ഇതു് നിർവ്വഹിക്കുന്നതു്. എന്തുകൊണ്ടെന്നാൽ വിധിയെല്ലാം തൻെറ പുത്രനെ ഏല്പിച്ചിരിക്കുന്നു.

ചോ. തനതുവിധിയുടെ സ്ഥലവും സമയവും ഏത്?

ഉ. മരിക്കുന്ന സ്ഥലത്തും സമയത്തുംവച്ചുതന്നെ തനതുവിധിയും നടക്കുന്നതാണ്.

## III

## സ്വർഗ്ഗം

ചോ. എന്നാൽ എന്തു്?

ഉ. സ്വർഗ്ഗം നിത്യഭാഗ്യസംദായകമായ ഒരു സ്ഥലവും ആത്മാവ് ദൈവത്തെ അഭിമുഖമായി ദർശിച്ച് പൂർണ്ണാനന്ദം അനുഭവിക്കുന്ന ഒരു സ്ഥിതിയുമാകുന്നു. "അപ്പോൾ നിങ്ങൾ ആനന്ദിച്ച് സന്തോഷിക്കുവിൻ എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ ഫലം വർദ്ധിച്ചിരിക്കുന്നു. (മത്താ. 5. 12.)

ചോ. സ്വർഗ്ഗഭാഗ്യത്തിന്റെ അവകാശികൾ ആരാകുന്നു?

ഉ. തങ്ങളുടെ പരീക്ഷയിൽ വിശ്വസ്തരായിനിന്ന മാലാഖമാരും ദൈവേഷ്ടത്തിൽ മരിക്കുന്ന മനുഷ്യരും ആകുന്നു സ്വർഗ്ഗത്തിന്റെ അവകാശികൾ.

വി. പാപമോ പരിഹാരകടമോ ഇല്ലാത്തവർ മരിച്ചാലുടനെ സ്വർഗ്ഗം പ്രാപിക്കുന്നു. എന്നാൽ അല്പപാപവും പരിഹാരകടവും ഉള്ളവർ ശുദ്ധീകരസ്ഥലത്തിൽകിടന്നു പരിഹാരകടംതീർത്തശേഷം മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയുള്ളു.

ചോ. സ്വർഗ്ഗഭാഗ്യം എന്തിൽ അടങ്ങിയിരിക്കുന്നു?

ഉ. ദൈവത്തെ അഭിമുഖമായി ദർശിച്ച് തന്നെ സ്നേഹിച്ച് നിത്യാനന്ദം അനുഭവിക്കുന്നതിലത്രെ സ്വർഗ്ഗഭാഗ്യം അടങ്ങിയിരിക്കുന്നത്. ഇപ്പോഴാകട്ടെ കണ്ണാടിയിൽക്കൂടിയെന്നപോലെ ഉപമയിൽ നാം കാണുന്നു. അപ്പോഴോ അഭിമുഖമായി (നാം കാണും)" (കോറ. 13. 12)

ചോ. അഭിമുഖദർശനം എന്നാൽ എന്ത്?

ഉ. ദൈവം നമ്മുടെ ബുദ്ധിയോടു നേരിട്ടു യോജിക്കുന്നതു വഴിയായി നമുക്കു സിദ്ധിക്കുന്ന അറിവത്രെ അഭിമുഖദർശനം.

സൂചന:- അഭിമുഖദർശനത്തിന്റെ സ്വഭാവം പൂർണ്ണമായി ഗ്രഹിക്കുവാൻ നമുക്ക് ഇപ്പോൾ സാദ്ധ്യമല്ല. കൂടാതെയും ദൈവത്തെ അഭിമുഖമായി ദർശിക്കുന്നതിനു സ്വാഭാവികമായി യാതൊരു സൃഷ്ടിക്കും പ്രാപ്തിയില്ല. എന്നാൽ "മഹത്വദീപ്തിയാൽ" ദൈവം നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുന്നതു വഴിയായിട്ടത്രെ നമുക്കു ഇതു സാദ്ധ്യമാകുന്നത്.

ചോ. അഭിമുഖദർശനത്തിന്റെ ഫലങ്ങൾ ഏവ?

ഉ. ഈ ദിവ്യദാനത്തിന്റെ ഫലങ്ങൾ പരമാനന്ദവും ദുഃഖാരിഷ്ടതകളിൽ നിന്നുള്ള വിമുക്തിയുമത്രെ.

വി. ദൈവത്തെ അഭിമുഖമായി ദർശിക്കുന്നതോടുകൂടിതന്നെ നാം സ്നേഹിക്കുകയും സ്വർഗ്ഗീയ പരമാനന്ദത്തിൽ ലയിക്കുകയും ചെയ്യും. "ദൈവംതന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിട്ടുള്ളതു കണ്ണുകണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല, മനുഷ്യഹൃദയത്തിൽ തോന്നിയിട്ടുമില്ല." (1. കോറ. 2-9)

സൂചന:— ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതു കൂടാതെ മോക്ഷവാസികൾക്ക് വേറെയും ഭാഗ്യങ്ങൾ അനുഭവപ്പെടുന്നതാണ്. ഒരോ പ്രത്യേക സുകൃതം അനുഷ്ഠിച്ചവർക്ക പ്രത്യേകതരത്തിലുള്ള മുടികൾ ദൈവം പ്രദാനം ചെയ്യും. മല്പാന്മാർ, വേദസ്സാക്ഷികൾ, കന്യകകൾ എന്നിവർക്ക പ്രത്യേകം പ്രത്യേകം സമ്മാനങ്ങൾ സ്വർഗ്ഗത്തിൽ ലഭ്യമാകുന്നതാണ്.

ചോ. സ്വർഗ്ഗഭാഗ്യത്തിന്റെ ലക്ഷണങ്ങൾ ഏവ?

ഉ. 1. സ്വർഗ്ഗഭാഗ്യം ഓരോരുത്തരുടെ പുണ്യയോഗ്യതാനുസരണം കൂടിയും കുറഞ്ഞും ഇരിക്കും. "ഒരുനക്ഷത്രം മറ്റൊരു നക്ഷത്രത്തിൽനിന്ന് വ്യത്യസ്ഥമായിരിക്കുന്നതുപോലെ മരിച്ചവരുടെ ഉയിർപ്പും" (1. കോറ. 15. 41—42) 2. സ്വർഗ്ഗഭാഗ്യം നിത്യമാണ്. "നീതിമാൻ നിത്യയുസ്സിലേയ്ക്കുപോകും." (മത്താ. 25-46) 3. സകലവിധ ഭാഗ്യങ്ങളെയും നന്മകളെയും അടക്കിക്കൊള്ളുന്നതാകുന്നു. 4. "അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും, നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തു കളയുകയുമില്ല." 5. പാപത്തിൽനിന്നും മറ്റെല്ലാ തിന്മകളിൽനിന്നും വിമുക്തമാണ്.

## IV

## ശുദ്ധീകരസ്ഥലം

ചോ. ശുദ്ധീകരസ്ഥലം എന്നാൽ എന്ത്?

ഉ. ലഘുവായ പാപത്തോടുകൂടിയോ അഥവാ പൊറുക്കപ്പെട്ട പാപങ്ങളുടെ കാലത്തിനടുത്ത ശിക്ഷകൾക്കു മോചനം പ്രാപിക്കാതെയോ, മൃതിയടയുന്നവരുടെ ആത്മാവുകൾ പ്രസ്തുത പാപക്കറയിൽ നിന്നും ശിക്ഷയിൽനിന്നും ശുദ്ധീകരിക്കപ്പെടുന്ന സ്ഥലമത്രെ ഇത്. "ഒടുവിലത്തെകാശു കൊടുത്തുവീട്ടുവോളം നീ അവിടെനിന്നു പുറത്തുവരികയില്ല."

സൂചന:— ശുദ്ധീകരസ്ഥലത്തിന് ബൈസ്പുക്കാനാ, രക്ഷയുടെസ്ഥലം, ശുദ്ധീകരാഗ്നി, നെടുവീർപ്പിന്റെസ്ഥലം, കണ്ണുനീരുകളുടെസ്ഥലം എന്നൊക്കെ പേരുകളുണ്ട്.

ചോ. ശുദ്ധീകരസ്ഥലത്തിലെ പീഡകൾ ഏവ?

ഉ. ദൈവത്തെ അഭിമുഖമായി ദശിക്കുവാൻ കഴിയാത്തതിനാലുള്ള അതീവദുഃഖവും അഗ്നിയാലുള്ള ഐന്ദ്രിക പീഡകളും ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾ സഹകരിക്കേണ്ടിവരും.

വി. ഇഹത്തിൽവച്ച് ദൈവം എത്ര നല്ലവനാണെന്നു ഗ്രഹിക്കുന്നതിന് നമുക്കസാദ്ധ്യമല്ല. എന്നാൽ മരണശേഷം "എന്നും പ്രാചീനവും എന്നും നവീനവുമായ സൌന്ദര്യമേ!" എന്നു വി. അഗുസ്റ്റീനോസ് സംബോധനചെയ്യുന്ന ആ നിത്യസൌന്ദര്യത്തെ ദശിക്കുവാൻ ആത്മാവു കൊതിക്കുന്നു. അതു സാദ്ധ്യമല്ലാതെ വരുന്നതിനാൽ അതിനു അനുഭവപ്പെടുന്ന വ്യസനം ദുസ്സഹമാണ്. കൂടാതെയും ശുദ്ധീകരാഗ്നിയെക്കുറിച്ച് വി. അഗുസ്റ്റീനോസ് പറയുന്നത്, നശിച്ചവരെയും രക്ഷപെട്ടവരെയും ദഹിപ്പിക്കുന്ന അഗ്നി ഒന്നുതന്നെയാകുന്നു" എന്നത്രെ.

ചോ. ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കു പാപം ചെയ്യുവാൻ കഴിയുമോ?

ഉ. ഇല്ല. എന്തുകൊണ്ടെന്നാൽ സമ്മാനമൊ ശിക്ഷയോ അർഹിക്കുന്നതിനുള്ള സമയം മരണത്തോടുകൂടി അവസാനിക്കും.

ചോ. ശുദ്ധീകരാത്മാക്കളെ വിശുദ്ധാത്മക്കളെന്നു വിളിക്കുന്നതു എന്തുകൊണ്ട്?

ഉ. ദൈവനീതിക്ക് പരിഹാരം ചെയ്യുന്നവരാണെങ്കിലും വരപ്രസാദത്തിൽ സ്ഥിതിചെയ്യുന്നവരും ദൈവത്തിനു ഇഷ്ടപ്പെട്ടവരുമാകയാലത്രെ അവരെ വിശുദ്ധാത്മാക്കൾ എന്ന് വിളിക്കുന്നത്.

ചോ. ശുദ്ധീകരാത്മാക്കളെ നമുക്ക് എങ്ങനെ സഹായിക്കാം?

ഉ. വി. ബലി, പ്രാത്ഥന, തപസ്സ്, സൽപ്രവൃത്തികൾ മുതലായവ സൽകൃത്യങ്ങളാൽ നമുക്ക് ശുദ്ധീകരാത്മാക്കളെ സഹായിക്കാം.

ചോ. ശുദ്ധീകരാത്മാക്കളെ സഹായിക്കാനുള്ള ന്യായമെന്ത്?

ഉ. അവരെ സഹായിക്കുവാൻ നമുക്ക് ഉപവിയുടെ ന്യായമാണുള്ളത്.

വി. അവരെ സഹായിക്കേണ്ടതു ഉപവിയുടെ കടമയായതുകൊണ്ടും അതു് നമുക്ക് വളരെ പ്രയോജനകരമായതുകൊണ്ടും ആണ്. "അനുഗ്രഹമുള്ളവർ ഭാഗ്യവാന്മാരാകുന്നു. എന്തുകൊണ്ടെന്നാൽ അവർ അനുഗ്രഹം കണ്ടെത്തും"

## V

## പുണ്യവാന്മാരുടെ ഐക്യവാട്ട്

ചോ. പുണ്യവാന്മാരുടെ ഐക്യവാട്ട് എന്നാൽ എന്തു്?

ഉ. സമരസഭയിൽ ജീവിക്കുന്ന വിശ്വാസികളും, പീഡിത സഭയിൽ ഉൾപ്പെട്ട വിശുദ്ധാത്മാക്കളും, വിജയ സഭയിലെ വിശുദ്ധന്മാരും തമ്മിൽ മിശിഹായിൽ ഒരു ശരീരത്തിന്റെ സന്ധുക്കൾ എന്നപോലെയുള്ള ഗാഢഐക്യവും, ഒന്നിപ്പും, തദ്വാരാ ആഭ്യന്തരവും ബാഹ്യവുമായ അവരുടെ നന്മകളിലുള്ള പരസ്പര ഭാഗഭാഗിത്വവും അത്രെ.

ചോ. പുണ്യവാന്മാരുടെ ഐക്യവാട്ടിന്റെ ഫലങ്ങൾ ഏവ?

ഉ. 1. നാമും സ്വർഗ്ഗവാസികളും പരസ്പര സ്നേഹത്താൽ ബന്ധിതരത്രെ. സ്വർഗ്ഗവാസികളെ നമുക്ക് സ്തുതിക്കാം, അവരുടെ മാദ്ധ്യസ്ഥം നമുക്ക് അഭ്യർത്ഥിക്കാം. സ്വർഗ്ഗവാസികൾക്കാകട്ടെ നമുക്കവേണ്ടി പ്രാർത്ഥിക്കുന്നതിനും നമുക്ക് വരപ്രസാദങ്ങൾ ലഭിച്ചുതരുന്നതിനും കഴിയും.

2. നാമും ശുദ്ധീകരസ്ഥലവും— സൽകൃത്യങ്ങളാലും ദണ്ഡവിമോചനങ്ങളാലും നമുക്ക അവരെ സഹായിക്കാം. നമുക്കവേണ്ടി പ്രാർത്ഥിക്കുന്നതിനും നമ്മോട്ട് നന്ദി കാണിക്കുന്നതിനും അവർക്കുകഴിയും.

3. ശുദ്ധീകരസ്ഥലവും സ്വർഗ്ഗവും:— ശുദ്ധീകരസ്ഥലത്തിലെ ആത്മാവുകൾക്ക സ്വർഗ്ഗവാസികളെ സ്തുതിക്കുന്നതിനും അവരോട്ട പ്രാർത്ഥിക്കുന്നതിനും പാടുണ്ട്. സ്വർഗ്ഗവാസികൾക്ക ശുദ്ധീകരാത്മാക്കൾക്കവേണ്ടി മാദ്ധ്യസ്ഥം പറയുന്നതിനും അവരെ ആശ്വസിപ്പിക്കുന്നതിനും സാധിക്കും.

സൂചന:— 1. പുണ്യവാന്മാരുടെ ഐക്യവാടിൽ ഉൾപ്പെട്ടവർ എല്ലാവരും തിരുസ്സഭാംബികയുടെ അരുമ സന്താനങ്ങളാ

ണ്. ആകയാൽ തിരുസ്സഭയിൽ ചെയ്യപ്പെടുന്ന എല്ലാ ആദ്ധ്യാത്മികനന്മകൾക്കും അവർ ഓഹരിക്കാരത്രെ.

2. ചാവദോഷത്തിലിരിക്കുന്നവർ സഭയുടെ നിർജ്ജീവാവയവങ്ങളത്രെ. തദ്വാരാ പ്രസ്തുത ആദ്ധ്യാത്മിക നന്മകളിൽ അവർക്ക് പൂർണ്ണമായ ഭാഗഭാഗിത്വം സിദ്ധിക്കുന്നില്ല. എങ്കിലും അവർക്കുവേണ്ടിയുള്ള സഭയുടെ പരസ്യ പ്രാർത്ഥനകളും പ്രസാദ വരത്തിലിരിക്കുന്ന അവരുടെ സഹോദരന്മാർ അവർക്കുവേണ്ടി അർപ്പിക്കുന്ന അഭ്യർത്ഥനകളും അവർക്കു ഉപകാരപ്രദമാകുന്നതാണ്.

3. നിത്യമായി നരകത്തിൽ ശിക്ഷക്കപ്പെട്ടിരിക്കുന്ന പാപികൾ പുണ്യവാന്മാരുടെ ഒരുമ്പാടിൽനിന്ന് എന്നന്നേയ്ക്കുമായി വെട്ടി മാറ്റപ്പെട്ടിട്ടുള്ളവരത്രെ.

## VI

## നരകം

ചോ. നരകം എന്നാൽ എന്ത്?

ഉ. അധഃപതിച്ച മാലാഖാമാരും ഘനമായ പാപത്തോടുകൂടി മരിക്കുന്ന മനുഷ്യരും നിത്യമായി പീഡിപ്പിക്കപ്പെടുന്ന സ്ഥലം അഥവാ അവസ്ഥയാണ് നരകം. "അവരുടെ പുഴ ചാകുന്നില്ല, അവരുടെ തീ കെടുന്നില്ല, അവരുടെ കാഴ്ച എല്ലാവർക്കും അരോചകം വരുത്തുന്നതായിരിക്കും" (ഏശ. 66–24)

ചോ. നരകത്തിലെ പീഡകൾ ഏവ?

ഉ. നരകത്തിലെ പീഡകളിൽ ഒന്ന് സർവ്വനന്മയും നിത്യസൌന്ദര്യവുമായ ദൈവം, സ്വന്തകുററത്താൽ തങ്ങൾക്ക് നിത്യമായി നഷ്ടപ്പെട്ടുവല്ലോ എന്നുള്ള അസഹനീയമായ ദുഃഖവും നിരാശയുമാകുന്നു. "ശപിക്കപ്പെട്ടവരെ നിങ്ങൾ എന്നിൽനിന്നകന്നുപോകുവിൻ". ഇന്ദ്രിയത്തിനടുത്ത വേദനയാകുന്നുമറെറത്." നിത്യാഗ്നിയിലേക്കുപോകുവിൻ.

സൂചന:– നരകാഗ്നി എങ്ങനെയാണ് അശരീരിയായ ആത്മാവിനെ സ്പർശിക്കുന്നത്? എന്നുള്ള ചോദ്യത്തിന് ദൈവത്തിന്റെ പ്രത്യേകശക്തിയാൽ വിസ്മയകരമായ വിധത്തിൽ യഥാർത്ഥമായി അവർ പീഡിപ്പിക്കപ്പെടുന്നു." എന്നു വി. അഗുസ്തീനോസ് മറുപടിപറയുന്നു.

ചോ. നരകശിക്ഷ എപ്പോഴാണ് നടത്തപ്പെടുന്നത്?

ഉ. പാപിയുടെ മരണവും തന്നേതുവിധിയും കഴിഞ്ഞാൽ ഉടൻ നരകശിക്ഷ നടത്തപ്പെടും

ചോ. നരകശിക്ഷയുടെ ലക്ഷണങ്ങൾ ഏവ?

ഉ. നരകശിക്ഷ നിത്യമായതും, ഓരോരുത്തരുടെ പാപകാഠിന്യത്തിനും പെരുപ്പത്തിനും ഒത്തവണ്ണം വ്യത്യാസപ്പെട്ടതും ആയിരിക്കും.

സൂചനഃ— നിത്യനരകത്തിൻെറ ഭയം നമ്മെ സുകൃത പാതയിൽക്കൂടെ നയിക്കേണ്ടതാണ്. ഭയത്തേക്കാൾ സ്നേഹമാണ് നമ്മുടെ പ്രവൃത്തികൾക്കു പ്രചോദനം നൽകേണ്ടത് എന്നതിനു സംശയമില്ല, എന്നാൽ സ്നേഹം തളരുന്നിടത്തു ഭയം നമ്മെ താങ്ങിയെന്നുവരാം. അതുകൊണ്ടാണല്ലോ ദിവ്യരക്ഷകൻ "ആത്മ ശരീരങ്ങളെ നശിപ്പിക്കുന്നവനെ ഭയപ്പെടുവിൻ" എന്ന് അനുശാസിക്കുന്നത്. "നരകത്തെ അവഗണിക്കുകയോ അതിനെ വിസ്മരിക്കുകയോ ചെയ്യുന്നവർ അതിൽ ഉൾപ്പെടുകതന്നെചെയ്യും." വി. ക്രിസോസ്റ്റോമസ്.

## VII

### ലോകാവസാനം.

ചോ. ലോകത്തിനു് അവസാനമുണ്ടാകുമോ?

ഉ. ലോകത്തിനു അവസാനമുണ്ടാകും. എന്തുകൊണ്ടെന്നാൽ "ആകാശവും ഭൂമിയും കടന്നുപോകും" എന്നു കർത്താവു അരുളിചെയ്തിരിക്കുന്നു.

ചോ. ലോകാവസാനം എങ്ങനെ സംഭവിക്കും?

ഉ. അപ്രതീക്ഷിതമായി അഗ്നിയാൽ ദഹിപ്പിക്കപ്പെട്ടു ലോകം അവസാനിക്കും.

ചോ. ലോകാവസാനത്തിൻെറ അടയാളങ്ങൾ ഏവ?

ഉ. 1. ലോകാവസാനത്തിനുമുമ്പ സുവിശേഷം എല്ലായിടത്തും പ്രസംഗിക്കപ്പെടും. 2. യഹൂദന്മാർ മാനസാന്തരപ്പെടും. 3. അന്തിക്രിസ്തു പ്രത്യക്ഷപ്പെടുകയും അനേകരെ വഴിതെററിച്ചു നശിപ്പിക്കുകയും ചെയ്യും. 4. ലോകത്തിലെങ്ങും വലിയ ദുഃഖമുണ്ടാകും. "ആ ദിവസങ്ങളിലെ ഞെരുക്കങ്ങളുടെ ശേഷമോ,

ഉടനെ സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ അതിൻെറ പ്രകാശം കാണിക്കുകയില്ല. നക്ഷത്രങ്ങൾ ആകാശത്തിൽ ഇളകുകയുംചെയ്യും." (മത്താ. 24–21)

## VIII

### മരിച്ചവരുടെ ഉയിർപ്പ്

ചോ. മരിച്ചവരുടെ ഉയിർപ്പ് എന്നാൽ എന്ത്?

ഉ. മരണം വഴിയായി വേർപെട്ട ആത്മ ശരീരങ്ങൾ തമ്മിൽ വീണ്ടും യോജിച്ച് പുനർജീവൻ പ്രാപിക്കുന്നതാകുന്നു മരിച്ചവരുടെ ഉയിർപ്പ്.

ചോ. എല്ലാമനുഷ്യരും ഉയിർക്കുമോ?

ഉ. എല്ലാമനുഷ്യരും—നീതിമാന്മാരും പാപികളും—ഉയിർക്കും "കല്ലറയിലുള്ളവരെല്ലാം അവൻെറ സ്വരം കേൾക്കുകയും നന്മകൾ ചെയ്തിട്ടുള്ളവർ ആയുസ്സിൻെറ ഉയിർപ്പിനും തിന്മകൾ ചെയ്തിട്ടുള്ളവർ വിധിയുടെ ഉയിർപ്പിനുമായി പുറപ്പെടുകയും (ചെയ്യുന്ന നാഴിക വരുന്നു)" (യോഹ. 5. 28–29)

ചോ. ഉയിർത്തശരീരത്തിൻെറ പൊതു ലക്ഷണങ്ങൾഏവ?

ഉ. ഉയിർത്ത ശരീരങ്ങൾ മരണത്തിനധീനമല്ല. അവ നിത്യകാലം ജീവിക്കും.

വി. 1. അക്ഷയത്വം 2. ദീപ്തി. 3. ലഘുത്വം—അനായാസേന ഒരുസ്ഥലത്തുനിന്നു മറെറാരുസ്ഥലത്തേക്ക് പോകുന്നതിനുള്ള പ്രാപ്തിനൽകുന്ന ഒരു ഗുണമാണിത്. 4. സൂക്ഷ്മത—ശരീരം പൂർണ്ണമായി ആത്മാവിനധീനപ്പെട്ട ഭക്ഷണത്തിൻെറ ആവശ്യം കൂടാതെ ഏതുശാരീരിക പ്രവൃത്തിക്കും പ്രാപ്തി നൽകുന്ന ഗുണമാണ് സൂക്ഷ്മം.

## IX

### പൊതുവിധി

ചോ. പൊതുവിധി എന്നാൽ എന്ത്?

ഉ. ഓരോരുത്തൻെറയും മരണനേരത്തു നടക്കുവാനിരിക്കുന്ന വിധിയത്രെ പൊതുവിധി.

ചോ. പൊതുവിധിയുടെ ആവശ്യമെന്തു്?

ഉ. നീതിമാന്മാരുടെ മഹത്വത്തിനും പാപികളുടെ ലജ്ജയ്ക്കും ദൈവത്തിന്റെ ഏററവും വലിയ സ്തുതിക്കുമായിട്ടത്രെ പൊതുവിധി നിശ്ചയിച്ചിട്ടുള്ളതു്.

വി. നീതിമാന്മാർ ഇഹത്തിൽ പലപ്പോഴും അനാദരിക്കപ്പെടുന്നു, അവഹേളിക്കപ്പെടുന്നു; പീഡിപ്പിക്കപ്പെടുന്നു. ദുഷ്ടരാകട്ടെ പലപ്പോഴും ആദരിക്കപ്പെടുകയും പ്രശംസിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ആരാണു് പ്രശംസിക്കപ്പെടേണ്ടതു് എന്നു് പൊതുവിധിയുടെ അവസരം വിശദമാക്കും.

മിശിഹാ ഇഹലോക ജീവിതത്തിൽ, വിശിഷ്യ തന്റെ കഷ്ടാനുഭവകാലത്തു, അനുഭവിച്ച അവമാനങ്ങൾക്കും കഷ്ടാനുഭവങ്ങൾക്കും മഹത്വത്തോടുകൂടി പൊതുവിധിക്കായുള്ള തന്റെ വരവു ഒരു പരിഹാരമാകുന്നതാണു്. കൂടാതെയും പലപ്പോഴുംതെറ്റിധരിക്കപ്പെടുന്ന ദൈവത്തിന്റെ അനന്തനീതിയുടെ മഹത്വീകരണമായിരിക്കും അതു്.

മനുഷ്യൻ ഒരു സാമൂഹ്യജീവി ആകുന്നുവെന്നുള്ളതു് പരസ്യമായി സമ്മാനമോ ശിക്ഷയോ നൽകപ്പെടുന്നതിനു അവനെ അർഹനാക്കുന്നുണ്ടല്ലൊ.

ചോ. പൊതുവിധി എങ്ങനെയായിരിക്കും നിർവ്വഹിക്കപ്പെടുന്നതു്?

ഉ. "എന്നാൽ മനുഷ്യപുത്രൻ തന്നോടൊന്നിച്ചു തന്റെ സകല വിശുദ്ധന്മാരുമായി തന്റെ മഹത്വത്തോടുകൂടി വരുമ്പോൾ അവൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കും. അവന്റെ മുമ്പിൽ സകലജനങ്ങളും കൂട്ടപ്പെടും. ആട്ടിടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും. ചെമ്മരിയാടുകളെ തന്റെ വലത്തുഭാഗത്തും കോലാടുകളെ തന്റെ ഇടത്തുവശത്തു നിർത്തുകയും ചെയ്യും. അപ്പോൾ രാജാവു തന്റെ വലത്തുഭാഗത്തുള്ളവരോടു അരുളിച്ചെയ്യും എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ എന്തുകൊണ്ടെന്നാൽ എനിക്കു വിശന്നു. നിങ്ങൾ എനിക്കു ഭക്ഷിപ്പാൻതന്നു. പിന്നെ അവൻ ഇടത്തുവശത്തുള്ളവരോടു അരുളിച്ചെയ്യും. ശപിക്കപ്പെട്ടവരെ നിങ്ങൾ എന്നെ വിട്ടുപിശാ

ചിന്നും അവൻെറ ദൂതന്മാൎക്കുമായി ഒരുക്കപ്പെട്ടിരിക്കുന്നതായ നിത്യാഗ്നിയിലേയ്ക്കു പോകുവിൻ. എന്തുകൊണ്ടെന്നാൽ എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നില്ല . . . . ഇങ്ങനെ ഇവർ (പാപികൾ) നിത്യപീഡയിലേയ്ക്കും നീതിമാന്മാർ നിത്യജീവനിലേയ്ക്കും പോകും.” (മത്താ. അ. 25.)

# അനുബന്ധം.

## ക്രിസ്തീയസംസ്കാരം (Christian Culture)

മനുഷ്യൻ അതികാമ്യമായി പരിഗണിക്കുന്ന അനേക നന്മകൾ ലോകത്തിലുണ്ട്. അവയിൽ ചിലതു യഥാൎത്ഥങ്ങളും ചിലതു വെറും സങ്കല്പിതങ്ങളുമാവാം. സമ്പത്തു്, യശസ്സ്, സ്ഥാനമാനങ്ങൾ, അധികാരങ്ങൾ മുതലായവ മനുഷ്യനെ ആകൎഷിക്കുന്ന വിഷയങ്ങളാണ്. ഇവയെല്ലാം കൈവന്നശേഷവും മനുഷ്യൻ ഹതാശനായി 'മായം മായം എല്ലാം മായം' എന്നു് നിലവിളിച്ചുകൊണ്ട്, അസ്വസ്ഥനും അസംതൃപ്തനുമായി കാലംകഴിക്കുന്നു. ഇതിനു അനുഭവംസാക്ഷിയാണ്.

പ്രസ്തുത നന്മകൾക്ക് സമാധാനവും സംതൃപ്തിയും പ്രദാനം ചെയ്യുന്നതിനു ശക്യമല്ലെങ്കിൽ അതിനു കഴിവുള്ളതു വല്ലതും ഉണ്ടോ എന്നാണ് നാം പരിചിന്തിക്കേണ്ടതു്. അങ്ങനെയുള്ള ഒന്നിനെ കണ്ടുകിട്ടിയാൽ സുവിശേഷത്തിലെ നിധിയെപ്പോലെ എന്തും സഹിച്ചും എന്തും ത്യജിച്ചും അതിനെ പ്രാപിക്കുന്നതിനു് നാം യത്നിക്കണം. വാസ്തവത്തിൽ അങ്ങനെ ഒന്നുണ്ട്. ജീവിതത്തിൽ സൎവ്വപ്രധാനമായി നാം കരുതേണ്ടതായ പ്രസ്തുതസംഗതി സാക്ഷാത്തായ ക്രിസ്തീയ സംസ്കാരമല്ലാതെ മറെറാന്നുമല്ല.

എന്നാൽ ഈ ദിവ്യനിധിയെ അവഗണിച്ചുകൊണ്ടു ക്ഷണികങ്ങളും നശ്വരങ്ങളുമായവയെ തേടിത്തിരിയുന്ന മനുഷ്യൻ ഭീമമായ അജ്ഞതയിൽ വൎത്തിക്കുന്നു. തന്നിൽത്തന്നെ സാധിക്കേണ്ടതായ പ്രസ്തുത മഹൽകാൎയ്യത്തെ വിഗണിച്ചു ബാഹ്യമാത്രങ്ങളും ഉപരിപ്ലവങ്ങളുമായവയ്ക്കായി തൻെറ കഴിവുകളെ ബലിയിടുന്നവൻ മൂഢൻ എന്നതിനു് സംശയില്ല. ഈവിധം അജ്ഞതയും മൌഢ്യവുമാണു എക്കാലത്തും വ്യക്തികളുടെയും സാമുദായത്തിൻെറയും പുരോഗതിക്ക് തടസ്സവും തിന്മകൾക്ക് നിദാനവുമായി സ്ഥിതിചെയ്തിട്ടുള്ളതും സ്ഥിതിചെയ്യുന്നതും.

യുക്തിയേയും വിശ്വാസത്തെയും മുൻനിർത്തി വീക്ഷിച്ചാൽ സംസ്ക്കാരത്തിൻെറ മാഹാത്മ്യവും പ്രയോജനവും നമുക്ക് നിഷ്പ്രയാസം ഗ്രഹിക്കാം. മനുഷ്യനെ ഇഹത്തിൽ യഥാർത്ഥസൌഭാഗ്യവാനാക്കിത്തീക്കുന്നതും നിത്യാനന്ദത്തിലേയ്ക്കു അവനെ ആനയിക്കുന്നതും യഥാർത്ഥസംസ്ക്കാരമാണ്. ഇതത്രെ ദൈവംമനുഷ്യനെ സൃഷ്ടിച്ച സ്വഭാവാതീതജീവിതത്തിലേയ്ക്കു ഉയർത്തിയതിൻെറയും ആവിഷ്കരണത്താൽ മനുഷ്യവർഗ്ഗത്തെ അനുഗ്രഹിച്ചതിൻെറയും അധഃപതനത്തിൽനിന്ന് മനുഷ്യനെ സമുദ്ധരിച്ചതിൻെറയും ഉദ്ദേശം. സ്വഭാവരൂപവൽക്കരണം(Formation of character) സാധിക്കുന്നതിനാണ് ദൈവം തൻെറ ഏകജാതനെ ലോകത്തിലേയ്ക്കയച്ചതും ദൈവസുതൻ തിരുസ്സഭയെ ലോകത്തിൽ സ്ഥാപിച്ചതും ദിവ്യഗുരുവിൻെറ ഈപരമോദ്ദേശം സാധിതപ്രായമാകുന്നതിനാണ് തിരുസ്സഭ അവളുടെ അരുമസന്താനങ്ങൾ അവരുടെ ചെറുപ്പംമുതൽ മതപഠനവും മതാഭ്യസനവും ചെയ്യണമെന്ന് ശക്തിയായി ഉദ്ബോധിപ്പിക്കുകയും അതിനായി അവളുടെ സമസ്തകഴിവുകളെയും ഉപയോഗിക്കുകയും ചെയ്യുന്നത്. ആകയാൽ മതപഠനത്തിൻെറയും മതാഭ്യസനത്തിൻെറയും ലക്ഷ്യമായ യഥാർത്ഥസംസ്ക്കാരം കുട്ടികൾ എളുപ്പത്തിൽ സമ്പാദിക്കുന്നതിനായി പ്രസ്തുത വിഷയത്തെക്കുറിച്ചു ഇവിടെ പ്രസ്താവിക്കുന്നതു അസ്ഥാനത്താകയില്ലെന്ന് കരുതുന്നു.

ആദർശാനുസരണം ജീവിക്കുന്നതിനുള്ള മനസ്സിൻെറ തഴക്കം അഥവാ ആദർശാനുസരണം നിയന്ത്രിതമായ ജീവിതമത്രെ സംസ്കാരം.

സംസ്കാരത്തിൻെറ ശരിയായ രൂപം മനസ്സിലാക്കുന്നതിനു നാം ചില സംഗതികൾ ഗ്രഹിച്ചിരിക്കേണ്ടതുണ്ട്. അവ മനുഷ്യൻ മനുഷ്യൻെറ പരമലക്ഷ്യം, പരമലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള ശരിയായ തത്വങ്ങളാണ്.

ആത്മശരീരങ്ങളോടുകൂടിയ ഒരു ജീവിയാണല്ലൊ മനുഷ്യൻ. മനുഷ്യശരീരം ആത്മാവിൻെറ വാസസ്ഥലവും പ്രവർത്തനരംഗവുമെന്നു പറയാവുന്നതാണ്. ശരീരത്തെ സജീവമാക്കിച്ചെയ്യുന്നതും ആത്മാവത്രെ. മനുഷ്യശരീരത്തിൽ വിവിധ അവയവങ്ങളെ നമുക്കു കാണുവാൻ കഴിയും. അവയുടെ പ്രകൃതിയും ഘടനയും ഏറാവും വിസ്മയകരമാണെന്നു പറയാതെ നിവൃത്തിയില്ല.

ഇത്ര അത്ഭുതാവഹമായ ഒരു ഘടനാവിശേഷം മനുഷ്യശരീരത്തിൽ ദർശിക്കുന്നതിനുള്ള കാരണം അതു ആത്മാവിൻെറ പ്രവൎത്തനത്തിനുള്ള ഉപകരണമാണെന്നുള്ളതത്രെ.

ആത്മശരീരങ്ങളെന്ന ഇരു ഘടകങ്ങളിൽ ശ്രേഷ്ഠമായതു ആത്മാവാകുന്നു. ആത്മാവു് അരൂപിയും അമർത്ത്യവുമാണു്. അതിനു വിവിധ തരത്തിലുള്ള പ്രവൎത്തനശക്തികളുണ്ടു്. അവ ബുദ്ധി (intellect), മനസ്സു് (will). ഇന്ദ്രിയങ്ങൾ (sense-), വികാരശക്തി (sensitive appetite) ചലനശക്തി (locomotive faculty), സസ്യശക്തി (vegetative faculty) എന്നിവയാകുന്നു. ബുദ്ധിയും മനസ്സും പരിപൂൎണ്ണമായി ആത്മീയവശങ്ങളാകയാൽ അവകളുടെ പ്രവൎത്തനത്തിനു് ശരീരാവയവങ്ങളുടെ നേരിട്ടുള്ള സഹകരണം ആവശ്യമില്ല. എന്നാൽ ഇതരശക്തികൾ ശരീരത്തിൻെറ ഓരോ അവയവങ്ങളിൽ സ്ഥിതിചെയ്യുകയും പ്രവൎത്തിക്കുകയും ചെയ്യുന്നു.

ബുദ്ധി, സത്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള ഒരു ശക്തിവിശേഷമാണു്. ഇതിൻെറ പ്രവൃത്തി ഗ്രഹിക്കുക, ആലോചിക്കുക, വിധിക്കുക, ഓൎമ്മിക്കുക എന്നിവയാണു്.

നന്മപ്രാപിക്കുന്നതിനും തിന്മയെ പരിവൎജ്ജിക്കുന്നതിനും ഉള്ള ഒരു ശക്തിയാണു മനസ്സു്. സ്നേഹിക്കുക, അഗ്രഹിക്കുക, പ്രതീക്ഷിക്കുക, സമ്മതിക്കുക, സന്തോഷിക്കുക, ഉപേക്ഷിക്കുക, ഭയപ്പെടുക, എന്നിങ്ങനെ അനവധി പ്രവൃത്തികൾ മനസ്സുചെയ്യുന്നുണ്ടു്.

ഇന്ദ്രിയങ്ങൾ രണ്ടു തരമുണ്ടു്. അവ അന്തരികേന്ദ്രിയങ്ങളും ബാഹ്യേന്ദ്രിയങ്ങളുമത്രെ. ഭാവനാശക്തി (immagination), ഓൎമ്മ (memory), സംവേദനാകേന്ദ്രം (common sense), നിൎണ്ണയശക്തി (estimative sense) എന്നിവ നാലും ഉള്ളിന്ദ്രിയങ്ങളാകുന്നു. ബാഹ്യേന്ദ്രിയങ്ങൾ കാഴ്ച, കേൾവി, ഘ്രാണം, സ്പൎശനം, രസനം എന്നിവയാണു്. ഇന്ദ്രിയങ്ങൾകൊണ്ടു ഭൗതികവസ്തുക്കളെയാണു നാം ഗ്രഹിക്കുന്നതു്.

വികാരശക്തികൾ ഭൌതികനന്മകളെ പ്രാപിക്കുന്നതിനും തിന്മകളെ ത്യജിക്കുന്നതിനുമുള്ള വശമാകുന്നു. തോമ്മസ് അക്വിനാസ് പതിനൊന്നു് വികാരങ്ങളെ തരം തിരിക്കുന്നുണ്ടു്.

അവ 1 സ്നേഹം, 2. ആഗ്രഹം, 3. സന്തോഷം, 4. ദ്വേഷം, 5. വെറുപ്പ്, 6. ദുഃഖം, 7. പ്രത്യാശ, 8. ധൈര്യം 9. ഭയം, 10. നിരാശ, 11. അരിശം എന്നിവയാണ്.

ചലനശക്തിവഴിയായിട്ടാണ് മനുഷ്യനു ഒരുസ്ഥലത്തുനിന്നു മറെറാരുസ്ഥലത്തേയ്ക്കു മാറുന്നതിനും ശരീരാവയവങ്ങളെ ഹിതാനുസരണം ചലിപ്പിക്കുന്നതിനും സാധിക്കുന്നതു്. സംസാരശക്തി വഴിയായി ആശയവിനിമയനം ചെയ്യുന്നതിനു നമുക്കു സാധിക്കുന്നു.

സസ്യശക്തികളെ രണ്ടായി തരം തിരിക്കാം. അവയിൽ ഒന്നു പോഷകശക്തിയും മററതു ഉൽപാദകശക്തിയുമാകുന്നു. ദൈവം തനിക്കുമാത്രം സ്വകീയമായ സൃഷ്ടികർമ്മത്തിൽ മനുഷ്യനെ ഭാഗഭാക്കാക്കുന്നതിനാണ് അവനു ഉല്പാദകശക്തി പ്രദാനംചെയ്തിട്ടുള്ളതു്. മനുഷ്യന് ഉല്പാദകശക്തി നൽകിയ ദൈവത്തിന്റെ ഉദ്ദേശങ്ങൾ എത്രയും പരിപാവനങ്ങളത്രെ. പോഷകശക്തി വഴിയായി ശരീരം വളർന്ന്, വികസിച്ച് അതിന്റെ പൂർണ്ണത പ്രാപിക്കുന്നു. ഇതുവഴിയായി മനുഷ്യവംശത്തിന്റെ നിലനിൽപും വർദ്ധനയും സാധിക്കുന്നു.

ഇത്രയും പറഞ്ഞതിൽനിന്നു മാനവയന്ത്രത്തിന്റെ വിവിധഭാഗങ്ങളുടെ ശക്തിവിശേഷങ്ങളെക്കുറിച്ചു അല്പമെങ്കിലും ഗ്രഹിച്ചിരിക്കുമല്ലൊ. മനുഷ്യൻ നിരവധി പ്രവൃത്തികളുടെ കേന്ദ്രമാണ്. താദൃശപ്രവൃത്തികളുടെ സമുച്ചയത്തെയാണ് ജീവിതം എന്നു് നാം പറയുന്നതു്.

2. പരമലക്ഷ്യം:- മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണല്ലൊ. ഒരു പരമോദ്ദേശത്തോടുകൂടിയാണു ദൈവം നമ്മെ സൃഷ്ടിച്ചതു്. ദൈവത്തെ അഭിമുഖമായി കണ്ടറിഞ്ഞുസ്നേഹിച്ചു തന്നെ നിത്യം മഹത്വപ്പെടുത്തി നിത്യസൌഭാഗ്യവാനായിത്തീരുക എന്നുള്ളതാണ് ദൈവം മനുഷ്യനു കല്പിച്ചിട്ടുള്ള പരമലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിയിലാണു അവന്റെ സമസ്തഭാഗ്യവും ശ്രേയസ്സും അടങ്ങിയിരിക്കുന്നതു്. മനുഷ്യവികാസത്തിന്റെയും പുരോഗതിയുടെയും പൂർണ്ണത അടങ്ങിയിരിക്കുന്നതും ഈ ലക്ഷ്യപ്രാപ്തിയിൽതന്നെയാണ്.

കണ്ണുകാണുകയോ ചെവികേൾക്കുകയോ മനുഷ്യബോധത്തിൽ പ്രവേശിക്കുയോ ചെയ്തിട്ടില്ലാത്ത മനോമോഹനങ്ങളായ നിത്യസൌഭാഗ്യങ്ങൾ നമുക്കു കൈവരുന്നതു ദൈവത്തെ

അഭിമുഖമായി ദർശിക്കുന്നതുവഴിയായിട്ടാണ്. എന്നാൽ ഈ പരമലക്ഷ്യം മരിച്ച് സ്വർഗ്ഗം പ്രാപിച്ചശേഷമേ നമുക്കു ലഭ്യമാകയുള്ളു.

മനുഷ്യൻ അവന്റെ പരമലക്ഷ്യപ്രാപ്തിക്കു അർഹനാണോ അല്ലയോ, ആണെങ്കിൽതന്നെ എത്രകണ്ടു അതിനു അവൻ അർഹനാണ് എന്ന് നിർണ്ണയിക്കുന്നതിനുള്ള ഒരു കാലഘട്ടമാണ്, ഒരു പരീക്ഷാവസ്ഥയാണ് ഇഹലോകജീവിതം. ഇതിൽനിന്ന്, ഇഹത്തിൽ നമുക്കു നിർവ്വഹിക്കുവാനുള്ള ചുമതലകളിൽ സർവ്വപ്രധാനമായതു നമ്മുടെ പരമലക്ഷ്യപ്രാപ്തിക്കായി നമ്മെതന്നെ ഒരുക്കുക എന്നുള്ളതാണെന്നു കാണുവാൻ പ്രയാസമില്ലല്ലൊ.

ഇതു സാധിക്കേണ്ടതു മനുഷ്യൻ അവന്റെ പ്രവൃത്തികളെ അഥവാ പ്രവൃത്തികളുടെ സമുച്ചയമാകുന്ന ജീവിതത്തെ യഥാവിധി നിയന്ത്രിച്ചുകൊണ്ടാണ്. ചില തത്വങ്ങളും പ്രമാണങ്ങളും മാനദണ്ഡമായി സ്വീകരിച്ചുകൊണ്ടാണ് മനുഷ്യൻ അവന്റെ പ്രവൃത്തികളെ നിയന്ത്രിക്കേണ്ടതു്. പ്രസ്തുത തത്വങ്ങളും പ്രമാണങ്ങളും നമ്മുടെ ആദികാരണത്തെയും പരമലക്ഷ്യത്തെയും അടിസ്ഥാനമാക്കി യുക്തിയും വിശ്വാസവും നമ്മെ ഉദ്ബോധിപ്പിക്കുന്നവയാകുന്നു. ഇവ ഏവയെന്നു തിരുസ്സഭയുടെ തത്വസംഹിതയിൽനിന്നു നമുക്കു നിഷ്പ്രയാസം ഗ്രഹിക്കാം. പ്രസ്തുതതത്വങ്ങൾക്കനുസരണമായി മനുഷ്യജീവിതം നിയന്ത്രിതമാകുമ്പോൾ മനുഷ്യൻ സംസ്കാരമുള്ളവനായിത്തീരും. ഇതിനാലത്രെ ആദർശാനുസരണം ജീവിക്കുന്നതിനുള്ള മനസ്സിന്റെ തഴക്കം, അഥവാ ആദർശാനുസരണം നിയന്ത്രിതമായ ജീവിതമാകുന്ന സ്വഭാവസംസ്കാരം എന്നു നാം വിവക്ഷിച്ചതു്.

ആദർശങ്ങളെ അവഗണിച്ചും ചിലപ്പോൾ അവയ്ക്കു പ്രതികൂലമായും പ്രവർത്തിക്കുന്നതു സംസ്കാരത്തിന്റെ അഭാവത്താലത്രെ. തത്ഫലമായി മനുഷ്യൻ ദുഷിച്ചു പ്രായേണ അധമനായിത്തീരുന്നു. ഇങ്ങനെ സംസ്കാരരാഹിത്യം പ്രാകൃതവേഷത്തിൽ രംഗപ്രവേശം ചെയ്യിക്കുന്ന മനുഷ്യാധമന്മാർ നിരവധിയാണെന്നു ലോകചരിത്രവും പ്രതിദിനസംഭവങ്ങളും ഉച്ചൈസ്തരം വിളിച്ചറിയിക്കുന്നുണ്ടല്ലൊ. ഇക്കൂട്ടർക്ക് സാക്ഷാത്തായ സംസ്കാരത്തിൽനിന്നുൽഭൂതമാകുന്ന അനർഘനിധികൾ കൈവരുന്നില്ലെന്ന

മാത്രമല്ല അവർ നിരവധിതിന്മകൾക്ക വിധേയരാകുന്നതുമാണ്. ആകയാൽ നാം ദൈവസഹായത്തോടുകൂടെ സോത്സാഹം യത്നിച്ചില്ലെങ്കിൽ ഈ വിപത്തു നമുക്കും സംഭവിക്കാം. ക്ഷതമേററു ബലഹീനമായി എപ്പോഴും തിന്മയിലേയ്ക്കു ചാഞ്ഞിരിക്കുന്ന ദൂഷിച്ച നമ്മുടെ പ്രകൃതിയാണു ഇതിനുകാരണം.

സ്വഭാവം ശക്തികൂടിയതും കുറഞ്ഞതുമാകാം. ഈ വ്യത്യാസം ഉളവാകുന്നതു ആദർശങ്ങളെക്കുറിച്ചുള്ള ബോധ്യത്തിന്റെയും തദനുസരണം പ്രവൃത്തിക്കുന്നതിനുള്ള മനസ്സിന്റെ ശക്തിയുടെയും അളവിനെ ആശ്രയിച്ചിരിക്കും. ഇതു സംസ്കാരത്തെയും ഗുരുതരമായി ബാധിക്കാതിരിക്കുവാൻ നിവൃത്തിയില്ലല്ലൊ. നമ്മുടെ സ്വഭാവത്തെ ബലിഷ്ഠമാക്കുന്നതിനു നാം എല്ലായിപ്പോഴും പരിശ്രമിക്കേണ്ടതാണ്.

യഥാർത്ഥസംസ്കാരത്തെ അതിന്റെ പൂർണ്ണതയിൽ നാം വീക്ഷിച്ചാൽ അതിൽ വിവിധഘടകങ്ങൾ കാണുവാൻ സാധിക്കും. ഇവയെ ആസ്പദമാക്കി സംസ്കാരത്തെ ആന്തരികം, ബാഹ്യം വ്യക്തിപരം സാമൂഹ്യം എന്നിങ്ങനെ തരം തിരിക്കാവുന്നതാകുന്നു.

ആന്തരികസംസ്കാരം മററുള്ളവർക്കു അദൃശ്യവും എന്നാൽ ഹൃദയങ്ങളെയും മനസ്സാക്ഷിയേയും അറിഞ്ഞിരിക്കുന്ന ദൈവത്തിനുമാത്രം ദൃശ്യവുമായ ആന്തരികപ്രവൃത്തികളുടെ നിയന്ത്രണത്തിൽനിന്നുളവാകുന്നു. ഇതിന്നു് മനസ്സാക്ഷിക്കനുസരണമായ ഒരു നിർമ്മലജീവിതമാണു് ആവശ്യം. ഇതിന്റെ അഭാവത്തിൽ യഥാർത്ഥമായ ഹൃദയസമാധാനവും നിത്യസൌഭാഗ്യവും സുരക്ഷിതമായിരിക്കയില്ല.

മററുള്ളവർക്കു കാണപ്പെടുന്നതും ശരീരാവയവങ്ങളുടെ സഹായത്തോടുകൂടി ചെയ്യപ്പെടുന്നതുമായ പ്രവൃത്തികളുടെ നിയന്ത്രണത്തിൽനിന്നത്രെ ബാഹ്യസംസ്കാരം സംജാതമാകുന്നതു്.

ഓരോ മനുഷ്യനും വ്യക്തിപരം, സാമൂഹ്യം എന്നിങ്ങനെ രണ്ടുവശങ്ങളുണ്ടു്. വ്യക്തിപരമായതു തന്നെ സംബന്ധിക്കുന്നതും സാമൂഹ്യമായതു മററുള്ളവരോടു അവനുള്ള ബന്ധത്തെ സംബന്ധിക്കുന്നതുമാണ്. ഇവ രണ്ടിനേയും നിയന്ത്രിച്ചു പരിപോഷിപ്പിക്കുമ്പോൾ മനുഷ്യനു വ്യക്തിപരവും സാമൂഹ്യവുമായസംസ്കാരം കരഗതമാകും.

ഇങ്ങനെ ആന്തരികവും ബാഹ്യവും വ്യക്തിപരവും സാമൂഹ്യവുമായ എല്ലാ ഘടകങ്ങളും ഒന്നിച്ചു ഒരാളിൽ ഉണ്ടായാൽ മാത്രമേ അയാൾക്ക് പരിപൂർണ്ണമായ സംസ്കാരമുണ്ടാകയുള്ളു. ഇതു് നാം സദാ മുൻനിർത്തി പ്രവർത്തിക്കേണ്ടതാണ്. ആന്തരികവും, വ്യക്തിപരവുമായ സംസ്കാരത്തിൽ അശേഷം ശ്രദ്ധിക്കാത്തവർ ധാരാളമുണ്ടു്. ബാഹ്യവും സാമൂഹ്യവുമായ ഒരു ഉപരിപ്ലവ സംസ്കാരത്തിൽമാത്രം ശ്രദ്ധപതിക്കുന്നവരും, അതുകൊണ്ടുമാത്രം യഥാർത്ഥ സംസ്കാരം കൈവന്നുവെന്ന് കരുതി തൃപ്തിയടയുന്നവരും ഒട്ടും കുറവല്ല. ചില ഉപചാരാനുഷ്ഠാനങ്ങളും ഭംഗിവാക്കുകളും നയതന്ത്രത്തോടുകൂടിയ ചില ആചാരങ്ങളുമുണ്ടായതുകൊണ്ടു് സാക്ഷാത്തായ സംസ്കാരം സിദ്ധമായെന്നു കരുതി ചാരിതാർത്ഥ്യമടയുന്നവർ വളരെയാണ്. ബാഹ്യസംസ്കാരം മനുഷ്യന് ആവശ്യമാണ്. ഇതു ആരും നിഷേധിക്കയില്ല. എന്നാൽ ആന്തരിക സംസ്കാരത്തെ അവഗണിച്ചു മനുഷ്യർ ദർശിക്കുന്ന ബാഹ്യകാര്യങ്ങളെമാത്രം പരിഗണിക്കുന്നതും, തദ്വാരാ മനുഷ്യസ്തുതിയും കാര്യലാഭവും തേടുന്നതും വലിയ കപടതയും വഞ്ചനയുമത്രെ. സാഹചര്യങ്ങളൊ, ലൌകികമായ ഏതെങ്കിലും ലാഭനഷ്ടമോ അല്ല സംസ്കാരാർജ്ജനത്തിനായി നമ്മെ പ്രേരിപ്പിക്കേണ്ടതു്. പൂർണ്ണവും യഥാർത്ഥവുമായ സമാധാനത്തിന് ഏകനിദാനമായ സംസ്കാരലബ്ധിക്കു നമുക്കു പ്രചോദനം തരുന്നതു നമ്മുടെ പരമലക്ഷ്യം നിശ്ചയമായും പ്രാപിക്കണമെന്നുള്ള നമ്മുടെ ഉദ്ദേശമാണ്. അങ്ങനെയുള്ള ഒരു ആന്തരിക ശക്തിയാൽ നാം പ്രേരിപ്പിക്കപ്പെട്ടാൽ മാത്രമേ യഥാർത്ഥ സംസ്കാരത്തിന്റെ നാനാവശങ്ങളും വിശകലനം ചെയ്തു പഠിച്ചു അതു സമാർജ്ജിക്കുവാൻ നാം പരിശ്രമിക്കുകയുള്ളു.

ഇനി സംസ്കാരം സംബന്ധിച്ചു നാം ഗ്രഹിച്ചു പ്രവർത്തിക്കേണ്ടതായ വേറെ ചില സംഗതികളിലേയ്ക്കു നമുക്കു തിരിയാം. ഇവ സ്വഭാവസംസ്കരണം സംബന്ധിച്ചുള്ള തത്വങ്ങളും നിയമങ്ങളും മനസ്സിലാക്കുന്നതിന് മുൻപ് നാം ഗ്രഹിച്ചിരിക്കേണ്ടവയാണ്.

നമ്മുടെ സ്വഭാവ സംസ്കരണം എന്നവേലയിൽ നമ്മെ സഹായിപ്പാൻ കടപ്പെട്ടവരാണ് നമ്മുടെ മാതാപിതാക്കന്മാർ, ഗുരുഭൂതന്മാർ, വൈദികാധികാരികൾ മുതലായവർ. കുടുംബം, സ്ക്കൂൾ, ദേവാലയം മുതലായവ ഇതിനുള്ള രംഗങ്ങളാ

ണ്. നമ്മുടെ സംസ്കാരം സാധിക്കുന്നതിനായി നമ്മോടു സഹകരിച്ചു പ്രവർത്തിക്കേണ്ടവർ ഉപദേശങ്ങളാലും, ശിക്ഷണത്താലും, ആവശ്യമായ ശിക്ഷകൾ നൽകിക്കൊണ്ടും യത്നിക്കേണ്ടതായിവരും. എന്നാൽ ഈ സംഗതികൾ തങ്ങളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള ഒരു കയ്യേറ്റമായിട്ടാണ് ബാലന്മാരും യുവാക്കളും സാമാന്യം കരുതാറുള്ളത്. ബാല്യത്തിലും യൗവ്വനത്തിലുമുള്ള ഈദൃശ ആശയങ്ങളും മനോഭാവവും തദനുസരണമുള്ള പ്രവർത്തനവും മൂലം മാതാപിതാക്കളുടെയും അദ്ധ്യാപകന്മാരുടെയും മറ്റും പരിശ്രമം പലപ്പോഴും സഫലമാകാതെ പോകുന്നു. എന്നാൽ പലരും പ്രായപൂർത്തിവരുമ്പോൾ തങ്ങളുടെ ചെറുപ്പത്തിലെ പ്രവർത്തനരീതിയെക്കുറിച്ചു മനസ്താപിക്കാറുണ്ട്. ആകയാൽ നമ്മുടെ മേലധികാരികളുടെ പ്രയത്നം നമുക്കു ഫലപ്രദമാകണമെങ്കിൽ നാം അവരെ സ്നേഹിക്കുകയും ബഹുമാനിക്കയും അവക്കു വിധേയരായി ജീവിക്കുകയും വേണം. അവർ നമുക്കു നൽകുന്ന ഉപദേശങ്ങൾ, നിർദ്ദേശങ്ങൾ, നിയന്ത്രണങ്ങൾ, പരിശീലനങ്ങൾ എന്നിവക്കനുസരണമായി ജീവിക്കുവാൻ നാം പരിശ്രമിക്കണം. ഇവയെല്ലാം എങ്ങനെയാണ് നമ്മെ സംസ്കരിക്കുന്നതിനു ഉപകരിക്കുക എന്ന് ആലോചിച്ചു മനസ്സിലാക്കുവാൻ യത്നിക്കുന്നതു നല്ലതാണ്. എന്നാൽ അതു മനസ്സിലാക്കുവാൻ നമുക്കു സാധിച്ചില്ലെങ്കിലും ഇതെല്ലാം നമുക്കാവശ്യമാണെന്നു വിശ്വസിച്ചു നാം വർത്തിക്കേണ്ടതത്രെ. വനാന്തരങ്ങളിൽ യഥേഷ്ടം വിഹരിച്ചിരുന്ന ഒരു കുതിരക്കുട്ടിയെ സവാരിക്കോ വണ്ടിക്കോ ഉതകുന്ന വിധത്തിലുള്ള ഒരു കുതിരയാക്കുന്നതിനു മുമ്പ് എത്രപ്രാവശ്യം ചാട്ടവാറും കടിഞ്ഞാണും നിർദ്ദയം ഉപയോഗിക്കണമെന്നു സ്മരിക്കുന്നതു സന്ദർഭോചിതമായിരിക്കും. കൂടാതെയും നമ്മുടെ മേലധികാരികളുടെ ശിക്ഷയെ ഭയന്നോ സമ്മാനത്തെ ആശിച്ചോ ആയിരിക്കരുത് നമ്മുടെ സ്വഭാവ സംസ്കാരത്തിനായി നാം യത്നിക്കുന്നത്. ശിക്ഷയിലും സമ്മാനത്തിലും അന്തർലീനമായിരിക്കുന്ന തത്വത്തിനനുസരിച്ചു നാം വർത്തിക്കണം. ശിക്ഷിക്കപ്പെടുമ്പോൾ ശിക്ഷക്ക് കാരണമായ കുറ്റത്തിന്റെ തിന്മയും ഗൗരവുമാണു നാം ഗൗനിക്കേണ്ടത്. അപ്രകാരംതന്നെ സമ്മാനത്തിൽനിന്ന് സൽപ്രവൃത്തികളുടെ മേന്മയും പ്രയോജനവും നമുക്കുഗ്രഹിക്കുവാൻ സാധിക്കും.

സ്വഭാവസംസ്കരണം സർവ്വപ്രധാനമായി കരുതേണ്ടതു് ഓരോരുത്തരുടെയും കടമയാണ്. അതു നാം തന്നെ നിർവ്വഹിക്കേണ്ടതുമത്രെ. പ്രശസ്തമായി നിർവ്വഹിക്കണമെങ്കിൽ അതിന്റെ ആവശ്യത്തെക്കുറിച്ചും അതു നിർവ്വഹിക്കേണ്ടവിധത്തെക്കുറിച്ചും വേണ്ട ജ്ഞാനം സമ്പാദിച്ചേതീരൂ. അറിവുണ്ടായതുകൊണ്ടുമാത്രമായില്ല, അവയെക്കുറിച്ചു സുദൃഢമായ ഒരുബോധ്യം നമുക്കുണ്ടായിരിക്കണം. ഈബോധ്യം സർവ്വപ്രധാനമായ ഒന്നാണ്. ഇതു് മനുഷ്യനെ എന്തു ബുദ്ധിമുട്ടും സഹിക്കുന്നതിനു് പ്രാപ്തനാക്കുന്നു. അവന്റെ ബോധ്യത്തിനൊത്തവണ്ണം സ്വയം രൂപാന്തരപ്പെടുത്താതെ അവൻ അടങ്ങുകയില്ല. മാത്രമല്ല ബോധ്യത്തിൽ കൂടുതലായി ഒന്നും പ്രാപിപ്പാൻ അവൻ യത്നിക്കുന്നതുമല്ല. ഇതുകൊണ്ടാണ് ഒരു മനുഷ്യൻ അവന്റെ ബോധ്യത്തെക്കാൾ നല്ലവനാകയില്ല എന്നു പറയുന്നതു്. അതിനാൽ ആദർശപരമായി ജീവിക്കണമെന്ന ബോധ്യം എത്ര ആഴമായി നമ്മിൽ പതിയുമോ അത്രയും നന്നായി നമുക്കു് ജീവിക്കുവാൻ സാധിക്കും. എതുസാഹചര്യങ്ങളിലും ആദർശപരമായി ജീവിക്കുവാൻ വേണ്ട തത്വങ്ങളെക്കുറിച്ചുള്ള ബോധ്യം നമ്മുടെ ബുദ്ധിവികാസത്തിനനുസരിച്ചു നാം സമ്പാദിക്കേണ്ടതാണ്. അങ്ങനെ ചെയ്യാത്തപക്ഷം ലാഭനഷ്ടങ്ങളെയും ഇഷ്ടാനിഷ്ടങ്ങളെയും അടിസ്ഥാനപ്പെടുത്തി കാററത്തുലയുന്ന ഞാങ്കണപോലെ അധമമോ കുറഞ്ഞപക്ഷം നയതന്ത്രപരമോ ആയ ഒരു ജീവിതം നാം കഴിച്ചുഎന്നുവരാം. ഇതു നമ്മുടെ പരമലക്ഷ്യപ്രാപ്തിക്കു പ്രയോജകീഭവിക്കുകയില്ലെന്നു മാത്രമല്ല ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളെ വേണ്ടവിധത്തിൽ അഭിമുഖീകരിക്കുന്നതിനു നമ്മെ അപ്രാപ്തരാക്കുകയും ചെയ്യും.

സ്വഭാവസംസ്കരണം പ്രശസ്തമായി നിർവ്വഹിക്കണമെങ്കിൽ അതിനായുള്ള നമ്മുടെ സകല ഉദ്യമവും പരിപൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടിയവയായിരിക്കണം. സ്വതന്ത്രമായി ചെയ്യപ്പെടാത്ത യാതൊരു പ്രവൃത്തിയും ഈ മഹൽക്കാര്യത്തിനു ഉപകരിക്കുന്നതല്ല; നമ്മെ സമ്മാനത്തിനു അർഹരാക്കുന്നതുമല്ല. ശിക്ഷയോ, സമ്മാനമോ, ലാഭമോ, നഷ്ടമോ, ഗത്യന്തരമില്ലായ്കയോ ഒന്നുമാകരുതു് നമ്മുടെ പ്രവൃത്തികൾക്കു പ്രേരകമായി നിൽക്കുന്നതു്. അവ നല്ലതാണെന്നുള്ള ബോധ്യവും വിശ്വാസവും അവയോടുള്ള സ്വതന്ത്രമായ സ്നേഹവുമായിരിക്കണം നമ്മെ പ്രവൃത്തി

കൾക്ക പ്രേരിപ്പിക്കുന്നതു്. ഈ ബോധ്യത്തിന്റെയും സ്വതന്ത്രപ്രവൎത്തനത്തിന്റെയും അഭാവമാണു് ബാല്യത്തിലും യൌവ്വനത്തിലും ഉത്തമന്മാരായി കാണപ്പെടുന്നവർ പിൻകാലങ്ങളിൽ അധഃപതിക്കുന്നതിനിടവരുന്നതു്. വിലപനീയമായ ഈ നിർഭാഗ്യം നമുക്ക അനുഭവപ്പെടാതിരിക്കണമെങ്കിൽ നാം ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചു പ്രായാനുസരണമുള്ള അറിവും ബോധ്യവും സമ്പാദിക്കാൻ പരിശ്രമിക്കണം. അപ്രകാരംതന്നെ നാം ചെയ്യുന്നവയും പരിശീലിക്കുന്നവയുമായ എല്ലാം അവയോടുള്ള സ്നേഹത്തോടും സ്വാതന്ത്ര്യത്തോടുംകൂടെ നാം ചെയ്യേണ്ടതുമാണു്.

ദൈവം നമുക്ക് നൽകിയിട്ടുള്ള കഴിവുകളും പ്രാപ്തിയും മററു ദാനങ്ങളും ഏവയെന്നു നാം ശരിയായി മനസ്സിലാക്കിയിരിക്കേണ്ടതു അത്യാവശ്യമത്രെ. എന്തുകൊണ്ടെന്നാൽ ദൈവം അവ നമുക്ക പ്രദാനം ചെയ്തിട്ടുള്ളതു നമ്മുടെ പൂൎണ്ണതയ്ക്കും സമുദായത്തിന്റെ നന്മയ്ക്കുമായിട്ടാണു്. അവയിലൊന്നിനെയും നാം നശിപ്പിക്കരുതു്. എല്ലാററിനെയും യഥാശക്തി, പരിപോഷിപ്പിക്കുവാൻ ശ്രമിക്കണം. നമ്മിലുള്ള ന്യൂനതകളെ തിരുത്തുകയെന്നതല്ലാതെ നമ്മുടെ കഴിവുകളെ നിഗ്രഹിക്കുകയെന്നതു ദൈവത്തിന്റെയോ സഭയുടെയോ ആദൎശമോ ഉദ്ദേശമോ അല്ല. ഓരോരുത്തൎക്കും ചില പ്രത്യേക വാസനകളും അഭിരുചികളും ദൈവം നൽകിയിട്ടുണ്ടാകും. അവ ഏവയെന്നു മനസ്സിലാക്കി അവയെ പ്രത്യേകമായി പരിപോഷിപ്പിച്ചു ദൈവം അവമൂലം ഉദ്ദേശിച്ചിരിക്കുന്ന കാൎയ്യങ്ങൾ സാധിക്കുന്നതിനാണു് നാം യത്നിക്കേണ്ടതു്. ഇങ്ങനെ ഓരോരുത്തരും വൎത്തിച്ചാൽ വ്യക്തികളും സമുദായവും ഒരുപോലെ ആദൎശപരമായ പൂൎണ്ണതയിലേയ്ക്കു ആനയിക്കപ്പെടുന്നതാണു്.

നമ്മിൽ തിരുത്തേണ്ടതായി ആന്തരികവും ബാഹ്യവുമായ പല തെററുകളും കാണും. ഒരു തെററുമില്ലാത്ത യാതൊരു മനുഷ്യനും ഇല്ലതന്നെ. ഒരാളിൽതന്നെ പല തരത്തിലുള്ള വൈകല്യങ്ങൾ ഉണ്ടാകുന്നതും സാധാരണയാണു്. ചിലരിൽ ചില ദുർഗ്ഗുണങ്ങൾ ശക്തിയായി പ്രവൎത്തിക്കുന്നതും മററുപലദുർഗ്ഗുണങ്ങൾക്കുംതാങ്ങും തണലുമായി സ്ഥിതിചെയ്യുന്നതുംകാണാം. ഇങ്ങനെയുള്ളവയെയാണു് പ്രധാന ദുർഗ്ഗുണം എന്നു് പറയുന്നതു്. ഇവയെയാണു് നാം ആദ്യമായി മൂലച്ഛേദം ചെയ്യേണ്ടതു്. ഇൗ

പ്രധാനപ്രതിയോഗിയെ ബന്ധിക്കാതെ യാതൊന്നും നമുക്കു സ്വാതന്ത്ര്യമായും പ്രയോജനകരമായും ചെയ്വാൻ കഴിയുന്നതല്ല.

കൂടാതെയും ഓരോരുത്തർക്കും ഓരോ പ്രത്യേകപ്രകൃതിയുണ്ട്. അതിനു ചില ദൂഷ്യവശങ്ങളും ചില നല്ലവശങ്ങളും ഉണ്ടാകും. ദൂഷ്യവശങ്ങളെ കണ്ടുപിടിച്ചു അതിനെ ശിക്ഷണം വഴിയായി ശരിപ്പെടുത്തുന്നതിനും നല്ലവയെ മനസ്സിലാക്കി അവയെ പരിപോഷിപ്പിക്കുന്നതിനും നാം വളരെ ഉത്സാഹിക്കണം. കാരണം ഇതു നമ്മുടെ സ്വഭാവരൂപവൽക്കരണത്തെ സാരമായി സ്പർശിക്കുന്നതാണ്.

ഇത്രയും പ്രസ്താവിച്ചശേഷം നാം എങ്ങനെയാണ് നമ്മുടെ സ്വഭാവത്തെ സംസ്കരിക്കേണ്ടതെന്നുള്ളതിനെപ്പററി ആലോചിക്കാം. തന്നെത്തന്നെ നിയന്ത്രിച്ചു ബുദ്ധിക്കു കീഴ്പെടുത്തി നടത്തുന്നവൻ രാജ്യങ്ങളെയും സാമ്രാജ്യങ്ങളെയും പിടിച്ചടക്കുന്നവനെക്കാൾ വലിയകാര്യം നിർവ്വഹിക്കുന്നു. എന്നാൽ ഇതു നന്മനസ്സും സ്ഥിരപരിശ്രമവും കൂടാതെ ശക്യമല്ല. നമ്മുടെ ആത്മാവിന്റെ വിവിധശക്തികളെയും അവയുടെ പ്രവർത്തനങ്ങളെയും എങ്ങനെയാണ് നിയന്ത്രിക്കേണ്ടതു്? ഇതു് ഏററവും സാരമായ ഒരു സംഗതിയാണ്. എന്തുകൊണ്ടെന്നാൽ നാം ദുഷ്പ്രവൃത്തികളിൽനിന്നു വിരമിച്ചാൽ മാത്രം പോരാ സൽപ്രവൃത്തികൾ ചെയ്യുകയും വേണം. സൽപ്രവൃത്തികളുടെ ആവർത്തനംവഴിയായി ഒരു തഴക്കം നാം സമ്പാദിക്കണം. ഇതാണല്ലൊ സംസ്കാരം. ഈ തഴക്കം എങ്ങനെ സമ്പാദിക്കാമെന്നു നമുക്കു ഇനി ആലോചിക്കാം.

ഒന്നാമതായി ജീവിതത്തെ നിയന്ത്രിക്കുന്നതിനു ആവശ്യമായതത്വങ്ങളും നിയമങ്ങളും നാം ഗ്രഹിച്ചിരിക്കണം. ഇതിനു മതതത്വങ്ങളുടെയും കത്തോലിക്കാസഭയുടെ പഠനങ്ങളുടെയും ജ്ഞാനം കൂടിയേതീരു. ബുദ്ധിയെ വികസിപ്പിച്ചു, നമ്മുടെ കഴിവും സാഹചര്യങ്ങളും അനുവദിക്കുന്നിടത്തോളം, ശാസ്ത്രങ്ങളാലും കലകളാലും അതിനെ അലങ്കരിക്കേണ്ടതും അത്യാവശ്യമാണ്. ജ്ഞാനസമ്പാദനം ഏററവും സാരവത്തായ കാര്യമാകയാൽ അതിന് ലഭിക്കുന്ന യാതൊരു അവസരത്തെയും നമുക്കു പാഴാക്കാവുന്നതല്ല. നമ്മുടെ ജ്ഞാനസമ്പാദനത്തിൽ പ്രഥമസ്ഥാനം അർഹിക്കേണ്ടതു ദൈവത്തെ കൂടുതൽ അറിയുകയെന്നുള്ളതത്രെ.

അറിവുകൊണ്ടുമാത്രം ബുദ്ധിയുടെ സംസ്കാരം പൂർത്തിയാകുന്നതല്ല. നമ്മുടെ ജീവിതസാഹചര്യങ്ങളിൽപെടുന്ന സംഗതികളെക്കുറിച്ചു ശരിയായ ഒരു വിധി ചെയ്യുവാൻ നാം പ്രാപ്തരാകണം. അനേകസംഗതികൾ അറിയുകയും ഓർക്കുകയും ചെയ്യുന്നുവെങ്കിലും താത്വികമായോ പ്രായോഗികമായോ ശരിയായി യാതൊരു തീരുമാനവും ചെയ്വാൻ സാധിക്കുന്നില്ലെങ്കിൽ ബുദ്ധിയുടെ പരിശീലനം സാധിച്ചിട്ടില്ലെന്നുതന്നെ പറയാം. ഇതിനു അജ്ഞത അവിവേകം എന്നിവയെ ഉന്മൂലനം ചെയ്തുസത്യവിശ്വാസം, അറിവു, വിവേകം എന്നീ സുകൃതങ്ങളെ അഭ്യസിച്ചാൽ ശരിയായ വിധിചെയ്യുക എന്നതു് നമുക്കു് എളുപ്പമായിത്തീരും.

മനസ്സിനെ നാം നിയന്ത്രിക്കേണ്ടതു നന്മയെ സ്നേഹിക്കുകയും തിന്മയെ വെറുക്കുകയും ചെയ്തുകൊണ്ടത്രെ. ഓരോ വസ്തുവും അതു എത്രകണ്ടു നല്ലതായിരിക്കുന്നുവോ, അത്രയ്ക്കും അതുസ്നേഹാർഹമാണു്. ഒരു വസ്തു അർഹിക്കുന്നതിൽകൂടുതൽ സ്നേഹം അതിൽ നിക്ഷേപിക്കുന്നതു തെറ്റാണു്. നന്മയെ തിന്മയായും തിന്മയെ നന്മയായും സങ്കല്പിക്കുന്നതു വലിയ തെറ്റാണെന്നു പറയേണ്ടതില്ലല്ലൊ. പരമനന്മ ദൈവം മാത്രമാണു്. ദൈവത്തിൻ പക്കലേയ്ക്കു നമ്മെ അടുപ്പിക്കുന്നതിനു സൃഷ്ടികൾ എത്രകണ്ടു് ഉപകരിക്കുന്നുവോ അത്രയ്ക്കുമാത്രമേ അവ നമുക്കു നന്മയായിരിക്കയുള്ളു. ഈ തത്വാനുസരണം നമ്മുടെ ഇഷ്ടാനിഷ്ടങ്ങളെയും സ്നേഹവിദ്വേഷങ്ങളെയും നാം നിയന്ത്രിക്കണം. ഓരോരുത്തന്റെയും അർഹതകളെ അംഗീകരിച്ചു തദനുസരണം പ്രവർത്തിക്കുന്നതിനു മനസ്സിന്റെ ശിക്ഷണം അത്യാവശ്യമാണു്. എല്ലാ മനുഷ്യരെയും ബഹുമാനിക്കുന്നതിനും സ്നേഹിക്കുന്നതിനും സാഹചര്യങ്ങളനുവദിക്കുന്നിടത്തോളം പരസേവനം സാധിക്കുന്നതിനും നമുക്കു ചുമതലയുണ്ടു്. നീതിയുടെ പ്രമാണങ്ങളെ നാം ഒരിക്കലും അവഗണിക്കരുതു്. നീതി, സ്നേഹം, ശരണം ഈ പുണ്യങ്ങളാൽ നമ്മുടെ മനസ്സിനെ അലങ്കരിക്കുകയും സംസ്കരിക്കുകയുംവേണം അപ്പോൾ അനീതി, വിദ്വേഷം, നിരാശ എന്നിവകൾ നമ്മിൽനിന്നു് നിഷ്കാസനം ചെയ്യപ്പെടുന്നതാണു്.

നമ്മിലുണ്ടാകുന്ന വിചാരങ്ങൾ, ഭാവനകൾ, എന്നിവയെ ശരിയായി നിയന്ത്രിച്ചാൽ മാത്രമേ നമ്മുടെ അന്തരിന്ദ്രിയങ്ങളുടെ സംസ്കാരം സാധിക്കുകയുള്ളു. കുറ്റകരങ്ങളും, അനാ

വശ്യങ്ങളും, നിരുപയോഗങ്ങളുമായ വിചാരങ്ങളെയും ഭാവനകളെയും നാം പരിവജ്ജിക്കണം. ഇവയെ പ്രാരംഭത്തിൽതന്നെ തളയേണ്ടതാണ്. അന്തരിന്ദ്രിയങ്ങളെ ശരിയായി നിയന്ത്രിക്കവാൻ സാധിക്കണമെങ്കിൽ ബാഹ്യേന്ദ്രിയങ്ങളുടെ നിയന്ത്രണം കൂടിയേതീരു. നമ്മുടെ കാഴ്ച, കേൾവി, സ്പശനം, രുചി ഇവയെ നിയന്ത്രിക്കേണ്ടതു അവശ്യമാണ്. നിഷിദ്ധങ്ങളായ വസ്തുക്കളെ കാണുന്നതിനോ സ്പശിക്കുന്നതിനോ ഇടവരരുത്. നാം കേൾക്കുന്ന സംഗതികളുടെ നന്മതിന്മകളനുസരിച്ചു കേൾവിയേയും നിയന്ത്രിക്കണം. സിനിമകൾ, നാടകങ്ങൾ മുതലായവയുടെ ധാമ്മികസ്ഥിതിയെക്കുറിച്ചു പയ്യാലോചിച്ചശേഷം മാത്രമേ അവയിൽ നാം സംബന്ധിക്കാവൂ.

സംസാരനിയന്ത്രണം സംസ്കാരത്തിനു വളരെ ആവശ്യമായ ഒന്നാണ്. മററുള്ളവക്കു അവമാനകരമോ വേദനവരുത്തുന്നതോ ആയ യാതൊരുവാക്കും നമ്മുടെ അധരങ്ങളിൽനിന്നു പുറപ്പെടരുത്. അവാസ്തവപ്രസ്താവനകൾ ചെയ്യാതിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. 'നാവിൽ പിഴയ്ക്കാത്തവൻ പരിപൂണ്ണനാകുന്നു' എന്നത്രെ വി. യാക്കോബ്ബ്ശ്ലീഹാപഠിപ്പിക്കുന്നതു്.

സ്വഭാവസംസ്കരണത്തിൽ വികാരനിയന്ത്രണത്തിനുള്ളസ്ഥാനം അദ്വിതീയമാണ്. ഇഷ്ടാനിഷ്ടങ്ങൾക്കോ സുഖാസുഖങ്ങൾക്കോ ജഡികാസക്തികൾക്കോ വെറും ഭാവനാരൂപങ്ങൾക്കോ അനുസരിച്ചു നാം ഒരിക്കലും പ്രവത്തിക്കരുത്. ബുദ്ധിയുടെയും മനസ്സിന്റെയും നിയന്ത്രണത്തിന് അവയെയെല്ലാം വിധേയമാക്കേണ്ടതാണ്. ഭക്ഷണ പാനീയങ്ങളിലുള്ള അമിതാസക്തിയെ നാം പരിവജ്ജിച്ച് ആരോഗ്യ സംരക്ഷണത്തിനുതകുന്നതു, "നിങ്ങൾ തിന്നുകയോ കുടിക്കുകയോ എന്തുചെയ്താലും എല്ലാം ദൈവത്തെപ്രതി ചെയ്യുവിൻ" എന്നുള്ള വി. പൌലോസിന്റെ നിർദ്ദേശാനുസരണം നാം സ്വീകരിക്കണം. വികാരങ്ങളിൽ ഏററവും ശക്തിയായതു വിഷയാസക്തിയാണ്. ശുദ്ധതയ്ക്കു എതിരായ പ്രവൃത്തികളെയും അഗ്രഹങ്ങളെയും വിചാരങ്ങളെയും ഭാവനകളെയും വാക്കുകളെയും പരിപൂണ്ണമായി വജ്ജിച്ചു ആത്മശരീരശുദ്ധത പാലിക്കുവാൻ ശ്രമിക്കേണ്ടതാണ്.

നമ്മുടെനടപ്പ്, ഇരിപ്പ് മുതലായ ബാഹ്യപ്രവൃത്തികളുടെ നിയന്ത്രണം സംസ്കാരത്തിനു അവശ്യമത്രെ. ബാഹ്യചേ

ഷ്ടകൾ ഹൃദയപൂർണ്ണതയെ വിളിച്ചറിയിക്കുമെന്നുണ്ടല്ലോ. അതിനാൽ നമ്മുടെ എല്ലാ ബാഹ്യചേഷ്ടകളിലും ഒരു മഹത്വവും ശ്രേഷ്ഠതയും വിനയവും പ്രത്യക്ഷപ്പെടേണ്ടതാണ്. ബാഹ്യസംസ്കാരത്തിൽ പെട്ടതാണ് വസ്ത്രധാരണം. ഇതു് ക്രിസ്തീയ അടക്കത്തിനു ചേരുന്നതായിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇക്കാര്യത്തിൽ സ്ത്രീകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വസ്ത്രധാരണത്തിൽ കാണിക്കുന്ന അശ്രദ്ധ സാന്മാർഗ്ഗികാധഃപതനത്തിനു കൂടെയും കാരണമാകാവുന്നതുകൊണ്ടു്, മാർപ്പാപ്പാമാരുടേയും മെത്രാന്മാരുടെയും, ഈ വിഷയം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അനുപദം നാം അനുസരിക്കേണ്ടതാണ്.

ശരീരത്തെ ശരിയായ ആരോഗ്യത്തോടുകൂടി സംരക്ഷിക്കുകയെന്നതു് സംസ്കാരത്തിന്റെ വേറൊരുവശമാണ്. അനാരോഗ്യം നമ്മുടെ ആശയങ്ങളെയും സ്വഭാവത്തെ തന്നെയും ഗാഢമായി സ്പർശിക്കും എന്നുള്ളതു് ആരോഗ്യവും ധാർമ്മികത്വവും തമ്മിലുള്ള ബന്ധത്തെ സ്പഷ്ടമാക്കുന്നതാണല്ലോ. അതിനാൽ ആരോഗ്യത്തെ സംരക്ഷിക്കുന്നതിനും ശരീരത്തെ ബലിഷ്ഠമാക്കിത്തീർക്കുന്നതിനും, ഭക്ഷണം, വ്യായാമം, വിശ്രമം, ചികിത്സ മുതലായവയിൽ നാം യത്നിക്കേണ്ടതാണ്.

ഇങ്ങനെ മനുഷ്യപ്രവൃത്തികളെ നിയന്ത്രിക്കുന്നതിനുള്ള തത്വങ്ങളും നിയമങ്ങളും അനുസരിച്ചു ജീവിച്ചാൽ നമുക്കു ശരിയായ സംസ്കാരംസംസിദ്ധമാകും. ഇതു ലോകത്തിൽ പ്രാപിക്കാവുന്ന ഏററവും വലിയ സമ്പത്താണ്.

സംസ്കാരത്തെ എങ്ങനെ സ്വാഭാവാതീതമാക്കാം എന്നുള്ളതിനെക്കുറിച്ചു രണ്ടുവാക്കുകൂടി പറഞ്ഞുകൊണ്ടു ഈ ഉപന്യാസത്തെ ഉപസംഹരിക്കാം എന്നുകരുതുന്നു. സംസ്കാരം സ്വാഭാവികമോ അതിസ്വാഭാവികമോ ആകാം. സ്വാഭാവിക തത്വങ്ങൾക്കും നിയമങ്ങൾക്കും അനുസരിച്ച് സ്വഭാവക്രമത്തിലുള്ള ദൈവസഹായത്തോട്ട് സഹകരിച്ചുകൊണ്ടു് നാം സാധിക്കുന്നതാണ് സ്വാഭാവിക സംസ്കാരം. സ്വഭാവാതീത സംസ്കാരമാകട്ടെ വിശ്വാസത്തിൽ അധിഷ്ഠിതവും സ്വാഭാവാതീത ലക്ഷ്യപ്രാപ്തിയെ ലാക്കാക്കി വരപ്രസാദ സഹായത്തോടുകൂടി നാം ആർജ്ജിക്കുന്നതുമാണ്. നമ്മുടെ നിരന്തര പരിശ്രമം സ്വഭാവാതീത സംസ്കാരത്തിനു വേണ്ടിയായിരിക്കണം എന്തുകൊണ്ടെന്നാൽ

അതുമാത്രമേ നമ്മുടെ ജീവിതത്തിന്റെ പരമലക്ഷ്യത്തിലേക്കു നമ്മെ നയിക്കുകയുള്ളൂ.

സംസ്ക്കാരത്തെ സ്വാഭാവാതീതമാക്കുന്നതിനു നാം എല്ലായ്പ്പോഴും വരപ്രസാദത്തിൽ ജീവിക്കണം. നമ്മുടെ സ്വഭാവസംസ്ക്കരണത്തിന്റെ ഉദ്ദേശം പരമാന്ത്യമായിരിക്കേണ്ടതാണ്. മാത്രമല്ല; ദൈവവരപ്രസാദം കൂടാതെ നിത്യഭാഗ്യത്തിനു നമ്മെ അർഹരാക്കുന്ന യാതൊന്നും നമുക്കു സാദ്ധ്യമല്ലെന്നുള്ള സംഗതി നാം പ്രത്യേകം സ്മരിക്കേണ്ടതാണ്. ബലി, കൂദാശകൾ, പ്രാർത്ഥന ഇവവഴിയായി വരപ്രസാദം നമുക്കു സമൃദ്ധിയായി ലഭിക്കാം. അതിനാൽ നമ്മുടെ സ്വഭാവ രൂപവൽക്കരണത്തിനായി വിശുദ്ധ കുർബ്ബാന എന്ന ബലിയേയും കൂദാശകളെയും ആശ്രയിക്കണം. കുമ്പസാരം, കർബ്ബാന, പ്രാർത്ഥന, എന്നിവയ്ക്കു ക്രിസ്തീയ സംസ്കാരത്തിൽ വലിയസ്ഥാനമുണ്ട്. ആദ്ധ്യാത്മിക ഗ്രന്ഥപാരായണം, ആത്മശോധന മുതലായവ ദുഷ്കരമായ ഈ ജോലിയിൽ നമുക്കു വെളിച്ചവും ശക്തിയും പ്രദാനം ചെയ്യും. ഇങ്ങനെ നാം ആലോചിച്ചാൽ ഭക്തകൃത്യങ്ങൾ ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ നമ്മുടെ സ്വഭാവസംസ്ക്കരണത്തെ വളരെ സഹായിക്കുമെന്ന് കാണാം.

ഇങ്ങനെ ദൈവം നമ്മിൽനിന്നാഗ്രഹിക്കുന്നതും നമ്മുടെ സമസ്തഭാഗ്യത്തിനും നിദാനമായിരിക്കുന്നതുമായ സ്വഭാവാതീത സംസ്കാരത്തെ ആർജ്ജിക്കുവാൻ ചെറുപ്പംമുതൽ നാം യത്നിക്കേണ്ടതാണ്. ചെറുപ്രായംമുതൽ പ്രസാദവരത്തിലും സംസ്ക്കാരത്തിലും അഭിവൃദ്ധിപ്രാപിച്ച്, ദൈവത്തിനായി ജീവിച്ചാൽ, ദൈവത്തിൽ മരിച്ച്, സ്വർഗ്ഗത്തിൽ ദൈവത്തെ അഭിമുഖമായി കണ്ടാനന്ദിക്കുന്നതിനു നമുക്കു ഇടവരും. ഇതിനായി "ഈശോ പ്രായത്തിലും, ജ്ഞാനത്തിലും, ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ കൃപയിലും വളർന്നുവന്നു" (ലൂക്കാ. 2—52) എന്ന് നമ്മുടെ ദിവ്യമാതൃകയായ ഈശോയെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നത്, നമ്മിലും അന്വർത്ഥമാക്കി ജീവിക്കുവാൻ നാം പരിശ്രമിക്കണം.

# വിഷയവിവരണിക


| | | |
|---|---|---|
| | ഒന്നാംഭാഗം– ധർമ്മകർത്താവായ ദൈവം | 1 |
| I | മാനുഷികപ്രവൃത്തികൾ | 2 |
| II | ധാർമ്മികപ്രവൃത്തികൾ | 4 |
| III | സൽപ്രവൃത്തികൾ | 6 |
| IV | പുണ്യങ്ങൾ | 8 |
| | A പൊതുവിവരണം | 8 |
| | B ദൈവികപുണ്യങ്ങൾ | 9 |
| | 1. വിശ്വാസം | 10 |
| | 2. ശരണം | 13 |
| | 3. ഉപവി | 15 |
| | a) ദൈവസ്നേഹം | 15 |
| | b) സഹോദരസ്നേഹം | 17 |
| | C സാന്മാർഗ്ഗികപുണ്യങ്ങൾ | 19 |
| V | പാപം | 20 |
| VI | ദുർഗ്ഗുണങ്ങൾ | 23 |
| VII | മനസ്സാക്ഷി | 26 |
| | രണ്ടാം ഭാഗം– നിയമദാതാവായ ദൈവം | 30 |
| I | നിയമം | 30 |
| II | ദൈവപ്രമാണങ്ങൾ | 33 |
| | ഒന്നാം പ്രമാണം | 35 |
| | രണ്ടാംപ്രമാണം | 45 |
| | മൂന്നാംപ്രമാണം | 46 |
| | നാലാംപ്രമാണം | 48 |
| | അഞ്ചാംപ്രമാണം | 53 |

| | | |
|---|---|---|
| | ആറും ഒമ്പതും പ്രമാണങ്ങൾ | 56 |
| | ഏഴും പത്തും പ്രമാണങ്ങൾ | 60 |
| | എട്ടാം പ്രമാണം | 64 |
| III | പള്ളികല്പനകൾ | 67 |
| | ഒന്നാം കല്പന | 68 |
| | രണ്ടാം കല്പന | 71 |
| | മൂന്നാം കല്പന | 72 |
| | നാലാം കല്പന | 74 |
| | അഞ്ചാം കല്പന | 76 |
| | മൂന്നാം ഭാഗം— വിധികർത്താവായ ദൈവം | 77 |
| I | മരണം | 77 |
| II | തനതു വിധി | 79 |
| III | സ്വർഗ്ഗം | 80 |
| IV | ശുദ്ധീകരസ്ഥലം | 82 |
| V | പുണ്യവാന്മാരുടെ ഒരുമ്പാട് | 84 |
| VI | നരകം | 85 |
| VII | ലോകാവസാനം | 86 |
| VIII | മരിച്ചവരുടെ ഉയർപ്പ് | 87 |
| IX | പൊതുവിധി | 87 |
| | അനുബന്ധം— ക്രിസ്തീയസംസ്കാരം | 88 |


സമാപ്തം.

Nihil obstat.

Fr. Paschasius T. O. C. D.,
Fr. Abundius T. O. C. D.

Imbrimi Potest.

F. John Berchmans C. D.,
Prior General.

Imprimatur

† J. KALACHERRY,
Bp. of Changanacherry.

Changanacherry,
19th March 1946

Printed and Published for the
Proprietor by P. K. Joseph at the St. Joseph's Pr
MANNANAM.

DHARMARAM LIBRARY
BANGALORE - 560 029

| Due Date | Due Date | Due Date |
| --- | --- | --- |

E IV/66

# മതതത്വബോധിനി

## എട്ടാം പുസ്തകം



ഫാദർ മോസർ സി. ഡി.
ബി. ഏ., എൽ. ററി.

Indic Digital Archive Foundation
gpura.org